

“നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ”

*ഉല്പ. 41:55*

# വേദപ്രചാര
# മദ്ധ്യസ്ഥൻ


**ചങ്ങനാശേരി അതിരൂപത**

സ്ഥാപിതം: മെയ് 20,1887

**വാല്യം 90 ലക്കം 03 സെപ്റ്റംബർ 2017**

# ഉള്ളടക്കം

സർക്കുലർ (17 Ch. 178-253) ........ 5
സർക്കുലർ (17 Ch. 179-254) ........ 9
കച്ചേരിക്കാര്യം ........ 10
പാസ്റ്റൽ കൗൺസിൽ ........ 14
പബ്ലിക്റിലേഷൻസ് - ജാഗ്രതാസമിതി ........ 15
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........ 16
ഇറ്റാവാ മിഷൻ സമാചാർ ........ 18
കെ.സി.എസ്.എൽ. ........ 19
സന്ദേശനിലയം ........ 20
ചെറുപുഷ്പ മിഷൻലീഗ് ........ 23
ഫാമിലി അപ്പോസ്റ്റലേറ്റ്. ........ 27
മാർത്തോമ്മാവിദ്യാനികേതൻ ........ 34
യുവദീപ്തി ........ 35
ആത്മതാകേന്ദ്രം ........ 38
ചാസ് ........ 39
എൽഡേഴ്സ് ഫ്രാറ്റേണിറ്റി ........ 48
ചാരിറ്റി വേൾഡ് ട്രസ്റ്റ് ........ 49
കരിസ്മാറ്റിക് നവീകരണ വാർത്തകൾ ........ 51
ദലിത് കത്തോലിക്കാ മഹാജനസഭ ........ 53
കത്തോലിക്കാ കോൺഗ്രസ് ........ 55
വിൻസെൻഷ്യൻ വേദി ........ 56
ഫ്രാൻസിസ്കൻ അല്മായസഭ ........ 58
ആവേമരിയ ........ 61
പൗരോഹിത്യ ആദ്ധ്യാത്മികത ........ 62
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 68
Engagements. ........ 73

Annual Subscription: Rs. 120/-

ARCHBISHOP'S HOUSE
P.B. No. 20, CHANGANACHERRY - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@yahoo.co.in
Website: www.archdiocesechanganacherry.org

സർക്കുലർ 17 Ch. 179-254

## മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന്റെ ഏറ്റവും മനോഹരമായ പ്രകാശനമാണ് പ്രാർത്ഥന. ദൈവവുമായി നല്ല ബന്ധം പുലർത്തുന്ന ഒരാൾക്ക് നന്നായി പ്രാർത്ഥിക്കാൻ കഴിയും. നമ്മുടെ പ്രാർത്ഥനാജീവിതത്തിന്റെ കേന്ദ്രം സഭയുടെ ആരാധനക്രമമാണ്. സഭയോടു ചേർന്ന് മിശിഹായിലൂടെ നമ്മൾ നടത്തുന്ന ആരാധനയാണത്. ദൈവം നമുക്കു വേണ്ടി ചെയ്ത കാര്യങ്ങൾ അനുസ്മരിച്ച് ദൈവത്തിന് നന്ദിയും സ്തുതിയും അർപ്പിക്കുക, നമ്മുടെ പാപാവസ്ഥയെക്കുറിച്ച് അനുതപിച്ച് ദൈവത്തോട് മാപ്പപേക്ഷിക്കുക, ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ യാചിക്കുക എന്നിവയെല്ലാം ഉൾക്കൊള്ളുന്നതാണ് ദൈവാരാധന. കൂദാശകളും കൂദാശാനുകരണങ്ങളും യാമപ്രാർത്ഥനകളുമാണ് ദൈവാരാധനയുടെ മുഖ്യഘടകങ്ങൾ. പരി. കുർബാന ദൈവാരാധനയുടെ ഹൃദയമാണെന്നു പറയാം. വിശ്വാസ ജീവിതത്തിന്റെ മുഴുവൻ ശക്തിസ്രോതസ്സാണത്. ആരാധനക്രമത്തിന്റെ ഉറവിടവും ഉച്ചകോടിയുമാണ് പരി. കുർബാന. ആരാധനക്രമത്തിന്റെ വിശിഷ്യാ പരി. കുർബാനയുടെ പ്രമുഖ പ്രാധാന്യത്തെ വിസ്മരിച്ചുകൊണ്ടോ അവഗണിച്ചുകൊണ്ടോ ഉള്ള പ്രാർത്ഥനാ രീതി സഭ അംഗീകരിക്കുന്നില്ല. മറ്റെല്ലാ പ്രാർത്ഥനകളും ഭക്തകൃത്യങ്ങളും വിശ്വാസികളെ ആരാധനക്രമത്തിലേക്ക് നയിക്കാൻ ഇടയാവണം എന്നാണ് സഭ പഠിപ്പിക്കുന്നത്. ആരാധനക്രമാധിഷ്ഠിതമായ വിശ്വാസജീവിതം നയിക്കാൻ വിശ്വാസികൾക്കു പ്രചോദനമാകുന്ന വിധമായിരിക്കണം മാദ്ധ്യസ്ഥ്യ പ്രാർത്ഥനകളോ നൊവേനകൾ പോലെയുള്ള ഭക്താഭ്യാസങ്ങളോ നടത്തേണ്ടത്. അവ ആരാധനക്രമത്തിൽനിന്ന് ഉരുത്തിരിയുന്നതോ അതിലേക്ക് ആനയിക്കുന്നതോ ആകണമെന്ന് ലിറ്റർജിയെക്കുറിച്ചുള്ള പ്രമാണരേഖയിലൂടെ രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു.

ഭക്താനുഷ്ഠാനങ്ങളെക്കുറിച്ച് ശരിയായ അറിവില്ലാതെയും ആരാധനക്രമാധിഷ്ഠിത ജീവിതത്തിൽ വേണ്ടത്ര പരിശീലനം ലഭിക്കാതെയും

വിശ്വാസികൾ യഥേഷ്ടം അവ കൈകാര്യം ചെയ്ത് ശരിയായ പ്രാർത്ഥ നാജീവിതത്തിൽനിന്ന് വ്യതിചലിച്ചു പോകാൻ സാദ്ധ്യതയുണ്ട്. ഇന്ന് വളരെയധികം ഭക്താനുഷ്ഠാനങ്ങൾ നിലവിലുണ്ട്. ആരാധനക്രമത്തേ ക്കാൾ പ്രാധാന്യം ഭക്താനുഷ്ഠാനങ്ങൾക്കാണെന്ന് തോന്നിപ്പിക്കുന്ന രീതി യിൽ ആചരണങ്ങൾ നടത്താറുണ്ട്. കൂദാശാജീവിതത്തിൽ ഉദാസീനത പുലർത്തുകയും നൊവേനകൾ പോലുള്ള ഭക്താനുഷ്ഠാനങ്ങളിൽ അമി താവേശം കാണിക്കുകയും ചെയ്യുന്നവരുണ്ട്. ഇവയൊക്കെ തിരുത്തപ്പെ ടേണ്ടതാണ്. ഇക്കാര്യങ്ങളിൽ സഭ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നമ്മൾ പാലിക്കേണ്ടതുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലത് ശ്രദ്ധയിപ്പെ ടുത്തട്ടെ.

**ഒന്ന്**: ശരിയായ ഭക്തനാനുഷ്ഠാനങ്ങൾ വിശ്വാസത്തിൽനിന്ന് ഉരുത്തി രിയുന്നവയാണ്. അവ ആരാധനക്രമത്തിന്റെ കേന്ദ്രപ്രാധാന്യം കുറച്ചു കാണുന്നില്ല. മറിച്ച് ആരാധനക്രമാഘോഷത്തിന് വിശ്വാസികളെ ഒരുക്കു കയാണ് ചെയ്യുന്നത്.

**രണ്ട്**: ആരാധനക്രമം സഭാജീവിതത്തിന്റെ കേന്ദ്രമാകയാൽ മറ്റൊരു ഭക്താനുഷ്ഠാനവും അതിനു പകരം വയ്ക്കാവുന്നതോ അതിനൊപ്പം വിലകല്പിക്കാവുന്നതോ അല്ല. ലിറ്റർജിയുടെ ആഘോഷത്തിലേക്കാണ് ഓരോ ഭക്താനുഷ്ഠാനവും ലക്ഷ്യം വയ്ക്കേണ്ടത്. ഓരോ സഭയുടെയും ആരാധനക്രമചൈതന്യത്തോട് പൊരുത്തപ്പെടുന്നവിധമാണ് ഭക്താഭ്യാ സങ്ങൾ ക്രമീകരിക്കേണ്ടത്. അതേ സമയം ഭക്താനുഷ്ഠാനങ്ങളെ ആരാ ധനക്രമവുമായി കൂട്ടിക്കുഴയ്ക്കുകയുമരുത്.

**മൂന്ന്**: ഭക്താഭ്യാസങ്ങളുടെ അനുഷ്ഠാനം രൂപതാദ്ധ്യക്ഷന്റെ നിയന്ത്ര ണാധികാരത്തിൻ കീഴിലാണ്. അവ ലിറ്റർജിക്കു പകരമോ ലിറ്റർജിയുടെ ഭാഗമോ ആകാതിരിക്കാൻ രൂപതാദ്ധ്യക്ഷൻ ശ്രദ്ധിക്കേണ്ടതാണ്. ഭക്താ നുഷ്ഠാനക്രമങ്ങൾ അംഗീകരിക്കാനുള്ള അധികാരവും രൂപതാദ്ധ്യക്ഷ ന്റേതാണ്. അദ്ദേഹത്തിന്റെ അനുവാദമില്ലാതെ ഒരു വ്യക്തിക്കോ ഒരു സമൂഹത്തിനോ, അല്മായനോ വൈദികനോ ഭക്താനുഷ്ഠാനങ്ങൾ പര സ്യമായി നടത്തുവാനോ സ്വകാര്യമായി ആരംഭിക്കാനോ അധികാരമില്ല.

മേല്പറഞ്ഞ സഭാപ്രബോധനങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ അതി രൂപതയിൽ പൊതുവെ ഉപയോഗത്തിലിരിക്കുന്ന പ്രസക്തമായ മാദ്ധ്യ സ്ഥ്യപ്രാർത്ഥനകൾക്ക് ഒരു ഏകീകരണം വരുത്തുകയാണ്. ആകെ 17 മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾക്കാണ് രൂപം കൊടുത്ത് അംഗീകാരം നൽകി യിരിക്കുന്നത്. ഇവയെല്ലാം എല്ലായിടത്തും നടത്തിയിരിക്കണമെന്നുള്ള അർത്ഥത്തിലല്ല ഈ അംഗീകാരം. ഒരിടവകയ്ക്കോ സമൂഹത്തിനോ പ്രാധാ

ന്യമുള്ളതെന്നോ പ്രസക്തമെന്നോ കരുതുന്നവ അതാതു സ്ഥലത്ത് ആവശ്യമായ സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതാണ്. എവിടെയെങ്കിലും പുതുതായി മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾ ആരംഭിക്കുന്നത് ഉചിതമെന്നു തോന്നുന്നുവെങ്കിൽ അതിനുള്ള അനുവാദം അതിരൂപതാദ്ധ്യക്ഷനിൽനിന്ന് മുൻകൂട്ടി വാങ്ങേണ്ടതാണ്. മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾ നിലവിലിരിക്കുന്ന സ്ഥലങ്ങളിൽ അടുത്ത ആരാധനാവത്സരാരംഭത്തോടെ പുതുതായി തയ്യാറാക്കിയിരിക്കുന്ന മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. അതിനാവശ്യമായ ബോധവല്ക്കരണം ദൈവജനത്തിനു നൽകാൻ ബഹു. വൈദികർ ശ്രദ്ധിക്കുമല്ലോ.

മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾക്ക് നമ്മുടെ അതിരൂപതയിൽ ഇപ്രകാരമൊരു ഏകീകരണം വരുത്താൻ കുറച്ചുകാലമായി പരിശ്രമിച്ചുവരികയായിരുന്നു. അതിരൂപതാ ലിറ്റർജികമ്മീഷനെ അതിന്റെ ചുമതല ഏല്പിക്കുകയും ചെയ്തു. അതനുസരിച്ച് ബഹു. ജോസ് കൊച്ചുപറമ്പിലച്ചന്റെ നേതൃത്വത്തിലാണിത് തയ്യാറാക്കിയിരിക്കുന്നത്. കമ്മീഷന്റെ സേവനത്തെ നന്ദിപൂർവ്വം ഓർക്കുന്നു. ഈ മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾ വിശ്വാസികളുടെ ആത്മീയജീവിതം പരിപോഷിപ്പിക്കാൻ സഹായകമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B : *ഈ സർക്കുലർ സെപ്റ്റംബർ 10-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

# പാലിയേറ്റീവ് കെയർ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ക്രൈസ്തവ സാഹോദര്യത്തിന്റെ ശുശ്രൂഷയിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് പാലിയേറ്റീവ് കെയർ (Palliative Care) അഥവാ സാന്ത്വനപരിചരണം. പ്രായമായവരും ആശ്രയമില്ലാതുഴലുന്നവരും മരണകരമായ രോഗങ്ങൾക്കടിപ്പെടുമ്പോൾ അവരെ ശുശ്രൂഷിക്കാനും സഹായിക്കാനും ആരുമില്ലാത്ത സാഹചര്യങ്ങൾ ചിലപ്പോഴെങ്കിലും ഉണ്ടാകാറുണ്ട്. അങ്ങനെയുള്ള സഹോദരങ്ങളെ കണ്ടെത്തി അവർക്കാവശ്യമുള്ള പരിചരണം നൽകാൻ ഇടവക സമൂഹങ്ങൾ മുന്നോട്ടുവരുന്നത് ക്രൈസ്തവസാക്ഷ്യത്തിൽ ആഴപ്പെടാൻ സഹായിക്കും.

മരണാസന്നരുടെയും തീരാരോഗികളുടെയും ജീവിതത്തിന്റെ നിലവാരം ഉയർത്തുക, ആത്മീയവും ശാരീരികവുമായ പരിചരണം നൽകുക, അവരുടെ സാമൂഹികജീവിതത്തിനാവശ്യമായ സഹായസഹകരണങ്ങൾ ചെയ്യുക എന്നിവയാണ് സാന്ത്വനപരിചരണത്തിന്റെ ലക്ഷ്യങ്ങൾ. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം "ദൈവരാജ്യം പ്രസംഗിക്കാനും രോഗികളെ സുഖപ്പെടുത്താനുമായി" നമ്മുടെ കർത്താവു നമ്മെ ഏൽപ്പിച്ച ദൗത്യത്തിന്റെ തുടർച്ചയാണ് ഈ ശുശ്രൂഷ. പരിചരണം അർഹിക്കുന്നവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും കൗദാശികജീവിതത്തെ പരിപോഷിപ്പിക്കാനും അവർക്ക് ആത്മവിശ്വാസവും പ്രത്യാശയും നൽകി മഹത്ത്വപൂർണ്ണമായി ജീവിക്കാൻ അവരെ സഹായിക്കാനും ശ്രമിക്കുമ്പോൾ നമ്മുടെ ശുശ്രൂഷ തികച്ചും സുവിശേഷാത്മകമായി മാറുന്നു. ഈ രംഗത്ത് ഇപ്പോൾത്തന്നെ നിസ്വാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം നമ്മുടെ എല്ലാ ഇടവകകളിലും സന്നദ്ധരായ സഹോദരങ്ങളെ കണ്ടെത്തി പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു.

പരിചരണം അർഹിക്കുന്നവരായി ഭവനങ്ങളിൽ കഴിയുന്നവർക്കു സഹായം നൽകാൻ സന്നദ്ധരായ ഡോക്ടർമാരെയും നഴ്സുമാരെയും

കണ്ടെത്തുക എന്നതാണ് അതിന്റെ ആദ്യപടി. അവരുടെ കൂടെ രോഗീപരിചരണത്തിനു താൽപ്പര്യവും സമയവുമുള്ള ഒരു സംഘം പ്രവർത്തകരും ഉണ്ടായിരിക്കണം. ശരിയായ പരിശീലനം ആവശ്യമായ മേഖലയാണിതെന്നു തിരിച്ചറിഞ്ഞ് അതിരൂപതാതലത്തിലും ഫൊറോനാ തലങ്ങളിലും പരിശീലനപരിപാടികൾ സംഘടിപ്പിക്കണം. ക്രമേണ പാലിയേറ്റീവ് കെയറിനു താല്പര്യമുള്ളവരുടെ കൂട്ടായ്മ രൂപീകരിക്കപ്പെടണം.

നമ്മുടെ സമൂഹത്തിൽ ഏറ്റവും കൂടുതൽ സഹായം അർഹിക്കുന്നവരെ കണ്ടെത്താനുള്ള ഒരു മാർഗ്ഗമായിക്കൂടി ഈ രോഗീശുശ്രൂഷാവസരങ്ങൾ പ്രയോജനപ്പെടുത്താം. വ്യക്തികൾക്കുള്ള സേവനമെന്നതിനേക്കാൾ കുടുംബങ്ങൾക്കുള്ള സേവനമാണു ലക്ഷ്യം. പ്രസ്തുത കുടുംബങ്ങളുടെ സർവതോന്മുഖമായ വളർച്ചയും നമ്മുടെ താൽപ്പര്യമായി മാറണം.

പ്രിയപ്പെട്ടവരേ, 'നന്മ ചെയ്തുകൊണ്ടു ചുറ്റിസഞ്ചരിച്ച' നമ്മുടെ കർത്താവിനെ അനുകരിച്ച് ദൈവപിതാവിന്റെ കാരുണ്യത്തിന്റെ മുഖമാകാൻ നമുക്കു പരിശ്രമിക്കാം. പാലിയേറ്റീവ് കെയർ ശുശ്രൂഷയിലൂടെ നമ്മിലെ നന്മകളെ ഉണർത്താനും അപരനിൽ ഈശോയെ കാണുന്ന മാനുഷികഭാവം വളർത്തുവാനും നമുക്കു പരിശ്രമിക്കാം. ഈ രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്നവർക്കും ഈ ശുശ്രൂഷയിൽ താൽപ്പര്യമുള്ളവർക്കും വേണ്ടി ഒക്ടോബർ 7-ാം തീയതി ശനിയാഴ്ച ഒരു പരിശീലന പരിപാടി അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെടുന്നുണ്ട്. ബഹു. തോമസ് താന്നിയത്തച്ചനെയാണ് ഇതിന്റെ പ്രവർത്തനങ്ങൾക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ ക്രമീകരണത്തോടു സഹകരിച്ച് സാന്ത്വനപരിചരണ ശുശ്രൂഷ എല്ലാ ഇടവകകളിലും ആരംഭിക്കാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,


+ J. Perumthottam

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

N.B : *ഈ സർക്കുലർ സെപ്റ്റംബർ 17-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*




## I
## വൈദികസമ്മേളനം - അതിരൂപതാകേന്ദ്രത്തിൽ

ഈ വർഷത്തെ രണ്ടാമത്തെ വൈദിക സമ്മേളനം (Presbyterium) നവംബർ മാസം 21-ാം തീയതി സന്ദേശനിലയം മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നു. ചങ്ങനാശേരി അതിരൂപതാ വൈദികർ മാത്രം സംബന്ധിക്കേണ്ട ഈ സമ്മേളനം രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്.

## II
## പരിശുദ്ധ കുർബാനയുടെ അസാധാരണ ശുശ്രൂഷകർക്ക്
(Etxra Ordinary Ministers of Holy Communion)
## വേണ്ടിയുള്ള പരിശീലന പരിപാടി

പരിശുദ്ധ കുർബാനയുടെ അസാധാരണ ശുശ്രൂഷകർക്കു വേണ്ടിയുള്ള പരിശീലന പരിപാടി 2017 സെപ്റ്റംബർ 15 വെള്ളിയാഴ്ച വൈകുന്നേരം 5 മണി മുതൽ സെപ്റ്റംബർ 17 ഞായറാഴ്ച വൈകുന്നേരം 4 മണി വരെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്നു. ഓഗസ്റ്റ് മാസം നടത്തിയ പരിശീലന പരിപാടിയിൽ കുറച്ചു പേർക്ക് പങ്കെടുക്കാൻ സാധിക്കാതെ പോയതുകൊണ്ടാണ് ഒരു ക്യാമ്പുകൂടി ഉടൻ ക്രമീകരിക്കുന്നത്. ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സെപ്റ്റംബർ 10-ാം തീയതിക്കു മുൻപായി ബ. വികാരിമാരുടെ സാക്ഷ്യപത്രത്തോടുകൂടി ബ. ചാൻസലറച്ചന്റെ ഓഫീസിൽ നിർബന്ധമായും പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്കു മാത്രമേ ഈ പരിപാടിയിൽ പങ്കെടുക്കാൻ സാധിക്കൂ. അസാധാരണ ശുശ്രൂഷകരുടെ എണ്ണം ഇടവകയിലെ വീടുകളുടെ എണ്ണത്തിനനുസൃതമായി പരിമിതപ്പെടുത്തുവാൻ ബ. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്. ഈ പരിശീലനപരിപാടിയിൽ പങ്കെടുത്ത് അഭി. പിതാവിന്റെ നിയമനപത്രം ലഭിക്കുന്നവർക്കു മാത്രമേ അതി

രൂപതയിൽ അസാധാരണ ശുശ്രൂഷകരായി പരിശുദ്ധ കുർബാന കൊടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. പുതുതായി ഈ ശുശ്രൂഷയിലേക്ക് നിയോഗിക്കപ്പെടേണ്ടവരും പ്രത്യേക സാഹചര്യത്തിൽ താല്ക്കാലിക അനുവാദം ലഭിച്ച് ഇപ്പോൾ ഈ ശുശ്രൂഷ ചെയ്യുന്നവരും ക്യാമ്പിൽ പങ്കെടുത്ത് അനുവാദപത്രം വാങ്ങേണ്ടതാണ്. ക്യാമ്പിൽ സംബന്ധിക്കുന്നവർ സാക്ഷ്യപത്രത്തോടൊപ്പം രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോകളും ക്യാമ്പ് ഫീസായ 500/- രൂപയും കൊണ്ടു വരേണ്ടതാണ്. ടി തുക ബന്ധപ്പെട്ട പള്ളികൾ വഹിക്കേണ്ടതാണ്.

## III

## ബഹു. വൈദികരുടെ വാർഷികധ്യാനം

നമ്മുടെ അതിരൂപതയിലെ ബ. വൈദികരുടെ വാർഷിക ധ്യാനത്തിൽ ആദ്യ 2 ബാച്ചുകളിലും സംബന്ധിക്കാത്തവർക്കായി ഒരു ധ്യാനം കൂടെ ക്രമീകരിക്കുന്നു. 2017 ഒക്ടോബർ 1 മുതൽ 6 വരെ ബ. ഡോ. ഡാനിയേൽ പൂവന്നത്തിൽ അച്ചൻ നയിക്കുന്ന ധ്യാനത്തിന് ശേഷം 2017 ഒക്ടോബർ 8 മുതൽ 13 വരെ അഭിവന്ദ്യ തോമസ് തറയിൽ പിതാവ് നയിക്കുന്ന ഒരു ധ്യാനം കൂടെ നടത്തുന്നതാണ്. ഞായറാഴ്ച്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച ഉച്ചഭക്ഷണത്തോടു കൂടി ധ്യാനം അവസാനിക്കും.

ബ. വൈദികർ താഴെ കാണുന്ന ലിസ്റ്റിനനുസരിച്ചു ധ്യാനങ്ങളിൽ സംബന്ധിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്തെങ്കിലും കാരണത്താൽ ബാച്ച് മാറുന്നുണ്ടെങ്കിൽ ആ വിവരം മുൻകൂട്ടി ചാൻസിലറുടെ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**3rd Batch October 1 - 6**

Aerathadam Philip
Arackal Varghese
Avannoor George
Banglavuparampil Joseph
Chackumkal George
Chalassery Joseph
Changankary Abraham
Cheeramvelil Jacob
Chethipuzha Jacob
Chooravady MathewJr
Kachamkode Antony
Kaithaparampil Joseph
Kalathil Mathew
Kalacherry Sebastian
Kamicherry Scaria
Kanniyakonil Scaria
Kappamoottil George
Karikompil Cherian
Karivelil Zacharias
Karottuvempenickal Celestine
Kattady Jacob
Kattoor Thomas
Kattuppara Antony
Kavalam Antony
Kayamkulathussery Joseph
Kizhakemury Joseph
Kizhakkeveettil Antony
Kizhakkeyil Peter
Kocherry Damianose
Kochumalayil John
Kochuparampil George

Kodickal Varghese
Kooroth Jacob
Kottaram Jose P
Koottummel Cyriac
Koottummel George
Koottummel Sebastian
Kunnumpuram Thomas
Kunnuparampil Joseph
Kuriannurparampil Joseph
Kuzhiyadiyil Joseph
Mangalathil George
Manianchira Thomas
Mannathara Joseph
Manthuruthil George
Moolamkunnam George
Moonnattinmugham Mathew
Mukalel Jose
Mulavana Joseph
Mullakkariyil Joseph
Muthalakkavil Antony
Muttel Thomas
Nedumparampil Joseph
Ninaparampil Antony
Nuzhaithadam George
Odalany Mathew
Onamkulam Gregory
Palakunnel Cherian
Palamattam Alexander
Pallichirayil Joseph
Parappally Jose
Pathalil John
Pazayamadam James
Peediyekkal Paul
Plathottam Joseph
Plathottathil Thomas
Pockavarayathu Antony
Pulichamackal Mathew
Puthenkalam Antony
Puthenkalam Tom
Puthenparampil Thomas
Puthenpura Kurian
Puthiaparampil Joseph Jr
Puthiyidom Mani
Puthiyidom Thomas
Puthuveettilkalam Joseph
Thanniathu Thomas
Tharmasserry Abraham
Thayyil Philip
Thekkedath Mathew
Thekkummuryil Thomas
Thevary Antony
Thoompumkal Joseph
Thundiyil Johnson
Thyparampil Augustine
Vallathara Aloysius
Vallayil George
Vallayil Job
Varikkattu Jacob
Varuvelil Mathew
Vathyakary George
Vellanickal Louis
Vellanickal Thomas
Viruppel Jose
Wadakkekalam Philips

## 4th Batch (October 8-13)

Ampalathumparampil Francis
Aranjaniyil Gheevarghese
Chalackal Joseph
Changankary Mathew
Chekkathadam George
Chekonthayil Thomas
Chempilakam Joseph
Choolaparampil Joseph
Elamkulam Kurian
Kadaprakunnil Joseph
Kadathukalam Abraham
Kainikara Thomas
Kalarickal Joseph
Kalathil Joseph

Kanchickal Philip
Kanjooparampil Thomas
Karakkadu Thomas
Karattu Mathew
Karukaparampil Cherian
Kayamkulathussery Thomas
Kochuparampil Jose
Koipally Jacob
Kokkavayalil James
Kollaparampil Augustine
Kollara Joseph
Kottayarikil Cyriac
Kottayil Mathew
Kulathunkal Thomas
Kunnil James
Kurinjiparampil Sebastian
Kuthukallunkal Thomas
Malieckal Mathew
Malieckal Thomas
Maliyil Thomas
Mammoottil Joseph
Manakalam Joseph
Mangalath Thomas
Mannarkulam Antony
Mannumadam George
Moozhoorcheruvely Joseph
Mudanthangelil Martin
Mullankuzhy George
Mullanpara John
Mullassery Mathew
Mundunadackal Isaac
Naduvilekalam Jacob
Nelpurackal Alexander
Nilavanthara Joseph
Padinjareveetil Thomas
Padiyath Augustine
Palackal James
Palackaserry Chacko
Parackal Jacob
Parackal Thoma Paulose
Parasseril Jose
Powanchira Mathew
Pazhayamadam Cyriac
Pazhayapura George
Peelianickal Thomas
Perumpalathussery Abraham
Perumpallithara Antony
Plaparampil Joseph
Powathuparampil Thomas
Punnassery Sebastian
Purackal Joseph
Puthenkalam Xavier
Puthenparampil Joseph
Puthenpurackal Francis
Puthenpurackal Thomas (Joshy)
Puthenpurackal Thomas (Tomy)
Puthiaparampil Chacko
Puthiaparampil Joseph
Puthuparampil Sebastian
Puthuveedu Joseph
Srampickal Scaria
Thadathil John V.
Thaickattusseril Thomas
Thalachelloor Antony
Thayilnedumparampil Abraham
Thekkedath Mathew
Thekkekara John
Thekkekara Thomas
Thekkepurath Joseph
Thoompunkal Joseph (Jr)
Thottackattukalayil Joseph
Thundiyil Devasia
Thyparampil Joseph
Vaikathukaranveetil Philip
Valiyakunnumpurath Cyriac
Valiyaparampil Sebastian
Vattackadu Jacob
Vazhaprampil Thomas
Veliyathu George
Vengasery Paul

## സെപ്റ്റംബർ 14 – സുവർണ്ണജൂബിലി ദിനം

പ്രിയരേ,

ചങ്ങനാശേരി അതിരൂപത പാസ്റ്ററൽ-പ്രസ്ബിറ്ററൽ കൗൺസിലുകൾ അര നൂറ്റാണ്ട് പൂർത്തിയാക്കുന്ന ദിനമാണ് 2017 സെപ്റ്റംബർ 14. 1967 സെപ്റ്റംബർ 14-ാം തീയതി വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളിൽ സെന്റ് ബർക്കുമാൻസ് കോളേജിലെ മോൺ. കല്ലറയ്ക്കൽ ഹാളിൽ ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവാണ് ഇരു സമിതികളും ഉദ്ഘാടനം ചെയ്തത് എന്ന കാര്യം പ്രത്യേകം ഓർക്കുമല്ലോ. ഈ അവസരത്തിൽ സെപ്റ്റംബർ 14 വ്യാഴാഴ്ച 'സുവർണ്ണജൂബിലി ദിന'മായി നാം ആചരിക്കുകയാണ്. അന്നേ ദിവസം വൈകുന്നേരം 4 മണിക്ക് ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന ചങ്ങനാശ്ശേരി മർത്തമറിയം കബറിടപള്ളിയിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലി അർപ്പിക്കുന്നതും അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ് സുവർണ്ണജൂബിലി ദിന സന്ദേശം നൽകുന്നതുമാണ്. തുടർന്ന് പാരീഷ്ഹാളിൽ 'സുവർണ്ണ സായാഹ്ന'വും സ്നേഹവിരുന്നും ഉണ്ടായിരിക്കും. പാസ്റ്ററൽ കൗൺസിലിന് വിലപ്പെട്ട സംഭാവനകൾ നൽകിയ സീറോമലബാർ താരം പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ വിശിഷ്ടാതിഥിയായി പങ്കെടുക്കുന്നതാണ്.

എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും സുവർണ്ണജൂബിലിദിന പരിപാടികളിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

# പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

**ഇടവകതല പി.ആർ. സെൽ അംഗങ്ങളുടെ സംഗമം**

ഇടവകതല പി.ആർ. സെൽ അംഗങ്ങളുടെ അതിരൂപതാ സംഗമം സെപ്റ്റംബർ 21-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണി മുതൽ ചങ്ങനാശ്ശേരിയിൽ നടക്കുന്നതാണ്. അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുക്കുന്ന ഈ സംഗമത്തിൽ റവ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ, ഡോ. റൂബിൾ രാജ്, ഫാ. ആന്റണി തലച്ചെല്ലൂർ എന്നിവർ ക്ലാസ്സുകൾ നയിക്കും. ഇടവകതല പി. ആർ. സെൽ പ്രവർത്തനങ്ങൾ, ആനുകാലിക വിഷയങ്ങൾ തുടങ്ങിയ കാര്യങ്ങൾ ചർച്ചചെയ്യും. എല്ലാ ഇടവകതല പി. ആർ സെൽ അംഗങ്ങളും ഈ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. ഇതിനോടകം പി.ആർ. സെൽ രൂപീകരിച്ചിട്ടില്ലാത്ത ഇടവകകളിൽ പി. ആർ. സെൽ രൂപീകരിച്ച് അംഗങ്ങളെ സമ്മേളനത്തിനയയ്ക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**ജാഗ്രതാ സായാഹ്നം**

അതിരൂപതാ പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമിതിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം മുതൽ ഇടവകതല ജാഗ്രതാ സായാഹ്നങ്ങൾ നടത്തുവാൻ നിശ്ചയിച്ചു. വികാരി ജനറാൾ റവ. ഡോ. ജെയിംസ് പാലയ്ക്കലച്ചന്റെ നേതൃത്വത്തിൽ അതിരൂപതാ ജാഗ്രതാ സമിതി അംഗങ്ങൾ ജാഗ്രതാ സായാഹ്നങ്ങളിൽ പങ്കെടുക്കുന്നതാണ്. വിശ്വാസ-ധാർമ്മിക വിഷയങ്ങൾക്കു പുറമെ സീറോമലബാർ സഭാംഗങ്ങളിൽ ഉണ്ടാകേണ്ട സമുദായബോധം, ന്യൂനപക്ഷക്ഷേമപദ്ധതികളും ആനുകൂല്യങ്ങളും, കേരളത്തിലെ വർഗ്ഗീയ ധ്രുവീകരണം തുടങ്ങിയ വിഷയങ്ങൾ ഈ സംഗമങ്ങളിൽ ചർച്ച ചെയ്യും. ജാഗ്രതാ സായാഹ്നം ഇടവകകളിൽ സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ബഹു. വികാരിയച്ചന്മാർ ജാഗ്രതാ സമിതി അതിരൂപതാ കോഡിനേറ്ററുമായി ബന്ധപ്പെടേണ്ടതാണ്.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഓ

**ഫാ. ആന്റണി തലച്ചല്ലൂർ**
കോഡിനേറ്റർ
ഫോൺ: 9495230100

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞവരേ,

പരിശുദ്ധ കന്യാമറിയത്തിന്റെ ജനനത്തിരുനാളിന്റെയും, വിശുദ്ധ സ്ലീവായുടെ പുകഴ്ച്ചത്തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ പങ്കാളിത്തം ഈ വർഷം ലോഗോസ് ക്വിസ് മത്സരത്തിന് ലഭിച്ചിട്ടുണ്ട്. ഇതിനായി പരിശ്രമിച്ച ബഹുമാനപ്പെട്ട അച്ചന്മാരെയും, സിസ്റ്റേഴ്സിനെയും, സൺഡേസ്കൂൾ പ്രഥമാദ്ധ്യാപകരെയും അവരോടൊപ്പം പ്രവർത്തിച്ച എല്ലാ മതാദ്ധ്യാപകരേയും, കുടുംബക്കൂട്ടായ്മാ ലീഡേഴ്സിനെയും നന്ദി നിറഞ്ഞ ഹൃദയത്തോടെ ഓർക്കുന്നു. ഇതിന്റെ വിജയത്തിനായി ബഹു. ജോബി കറുകപ്പറമ്പിലച്ചൻ നൽകിയ എല്ലാ നിർദ്ദേശങ്ങൾക്കും സഹായങ്ങൾക്കും നന്ദി നേരുന്നു. കുടുംബക്കൂട്ടായ്മാ ഫൊറോനാ നേതൃസംഗമങ്ങൾ (കെരിഗ്മാ) നടന്നുകൊണ്ടിരിക്കുകയാണ്. നടന്ന ഫൊറോനകളിലെല്ലാം നല്ല പങ്കാളിത്തമായിരുന്നു. തുടർന്നു നടത്തപ്പെടുന്ന ഫൊറോനകളിലും നല്ല പങ്കാളിത്തം പ്രതിക്ഷിക്കുകയാണ്.

അതിരൂപതയിലെ എല്ലാ ഇടവക കുട്ടായ്മകളിലും എത്തിച്ചേരുവാനായി ക്രമികരിച്ചിരിക്കുന്ന സായാഹ്ന കൺവൻഷൻ (ബസാലേൽ കൺവൻഷൻ) ഇതിനോടകം പല ഇടവകകളിലും നടത്തപ്പെട്ടു. പ്രസ്തുത പരിപാടി നടത്തുവാൻ താൽപ്പര്യമുള്ള ഇടവകകൾ അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

എല്ലാ സഹായ സഹകരണങ്ങൾക്കും ഒരിക്കൽകൂടി നന്ദിയർപ്പിക്കുന്നു.

**ഫാ. മാത്യു നടയ്ക്കൽ**

ഡയറക്ടർ

## അറിയിപ്പുകൾ

### ലോഗോസ് ക്വിസ് – 2017

ലോഗോസ് ക്വിസ് മത്സരത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയ പല ഇടവകകളിൽ നിന്നും ഇനിയും രജിസ്ട്രേഷൻ ഫീസ് ലഭിക്കേണ്ടതായുണ്ട്. എത്രയും വേഗം അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ ഫീസ് ഏൽപ്പിക്കേണ്ടതാണ്.

ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 24–ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ അതാത് ഇടവകകളിൽവച്ച് നടത്തപ്പെടുന്നു. ചോദ്യകടലാസുകൾ സെപ്റ്റംബർ 22 മുതൽ ഫൊറോന കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്നതാണ്. ബഹു. വികാരിയച്ചന്റെ കത്തുമായി ചെന്ന് ചോദ്യപേപ്പറുകൾ കൈപ്പറ്റേണ്ടതാണ്. പരീക്ഷയ്ക്കുശേഷം ഉത്തരക്കടലാസുകൾ നന്നായി പായ്ക്കു

ചെയ്ത് അതാത് ഫൊറോനാകേന്ദ്രങ്ങളിൽ സെപ്റ്റംബർ 26-ാം തീയതി വൈകുന്നേരം 5 മണിക്കു മുമ്പായി ഏൽപ്പിക്കേണ്ടതാണ്. കേന്ദ്രീകൃത വാല്യുവേഷൻ നടത്തേണ്ടതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തരുതെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

*അഭിനന്ദനങ്ങൾ! അഭിനന്ദനങ്ങൾ! അഭിനന്ദനങ്ങൾ!*

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരത്തിനായി ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് ആദ്യ മൂന്നു സ്ഥാനങ്ങൾ കരസ്ഥമാക്കിയ ഇടവകകൾ

| | | |
|---|---|---|
| സെന്റ് സേവ്യേഴ്സ് തൃക്കൊടിത്താനം | - ഒന്നാം സ്ഥാനം | - 763 പേർ |
| സെന്റ് ആന്റണീസ് കുറുമ്പനാടം | - രണ്ടാം സ്ഥാനം | - 644 പേർ |
| ലൂർദ്ദ് ഫൊറോനാപള്ളി കോട്ടയം | - മൂന്നാം സ്ഥാനം | - 590 പേർ |

**ഡിഡാക്കെ**

സെപ്റ്റംബർ 9-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ 9.30 മുതൽ 12.30 വരെ ഡിഡാക്കെ പരിശീലന പരിപാടി വിദ്യാനികേതൻ ഹാളിൽവച്ച് നടത്തപ്പെടുന്നു.


**കാനാ, നാഷണൽ സെന്റർ ഫോർ ഫാമിലി ലൈഫ് പ്രൊമോഷൻ, തുരുത്തി**

**ഫാമിലി മിനിസ്ട്രി & കൗൺസിലിംഗ് കോഴ്സ്**

**2017 ഒക്ടോബർ 02 മുതൽ 2018 ജനുവരി 25 വരെ**

- കുടുംബപ്രേഷിതരംഗത്തു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവർക്കുള്ള സമഗ്രപരിശീലനം.
- ഫാമിലി കൗൺസിലിംഗ്, കുട്ടികളുടെ കൗൺസിലിംഗ്, യുവജന കൗൺസിലിംഗ്, ഹോം മിഷൻ, ഹോസ്പിറ്റൽ കൗൺസിലിംഗ് എന്നിവയിൽ പരിശീലനം.
- മനഃശാസ്ത്രരീതികളും ആദ്ധ്യാത്മികതയും സമഗ്രമായി യോജിപ്പിച്ചുള്ള പരിശീലന പരിപാടി.
- കുടുംബപ്രേഷിതരംഗത്തു പ്രവർത്തിക്കുന്നവരുടെ അനുഭവസാക്ഷ്യങ്ങൾ.
- ക്ലാസ്സുകൾ തിങ്കൾ മുതൽ വ്യാഴം വരെ ദിവസങ്ങളിൽ രാവിലെ 09.30 മുതൽ 01.00 വരെ.
- പരിശീലന പരിപാടിയിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് പൊന്തിഫിക്കൽ ജോൺപോൾ രണ്ടാമൻ ഇൻസ്റ്റിറ്റ്യൂട്ട് ഡിപ്ലോമ സർട്ടിഫിക്കറ്റ് നല്കുന്നു.
- രജിസ്ട്രേഷൻ അവസാന തീയതി: 20, സെപ്റ്റംബർ 2017.

**കോൺടാക്ട്:** 8289833641; Email: johnpaulismf1998@gmail.com

**Fr. Dr. Thomas Kochuthara**
Director, CANA
Thuruthy PO, Changanacherry 686 535
Mob: 9895871386

**Fr. Dr. Jacob Koipally**
Vice President, Pontifical John Paul II Institute
Cana, Thuruthy, Changanacherry 686 535
Mob: 9447662034

# ഇറ്റാവാ മിഷൻ സമാചാർ

ആഗസ്റ്റ് മാസം 4-ാം തീയതി വിയാനി പുണ്യവാന്റെ തിരുനാൾ ദിവസം ഇപ്രാവശ്യത്തെ മാസധ്യാനം ആഗ്രാ ആർച്ച്ബിഷപ്പ് ഭവനത്തിൽ നടന്നു. 73-ാം ജന്മദിനം ആഘോഷിച്ച രൂപതാദ്ധ്യക്ഷന് എല്ലാവരും ആശംസകൾ നേർന്നു. അന്നേദിവസം വൈകുന്നേരം എല്ലാ വൈദികരും ആൽബർട്ട് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് അനുമോദന സമ്മേളനവും അഗാപ്പയും ഉണ്ടായിരുന്നു.

രാജസ്ഥാനിലെ ഉദയപ്പൂരിൽ ആഗസ്റ്റ് മാസം 7,8 തീയതികളിൽ നടന്ന ഉത്തർപ്രദേശ്, രാജസ്ഥാൻ സംസ്ഥാനങ്ങളിലെ 12 രൂപതകളിലെ മേലദ്ധ്യക്ഷന്മാരുടെയും വൈദികപ്രതിനിധികളുടെയും യോഗത്തിൽ ഇറ്റാവാ മിഷനെ പ്രതിനിധീകരിച്ച് കോയിപ്പള്ളി രാജു അച്ചൻ പങ്കെടുത്തു.

ജയ്പ്പൂർ മിഷനിലെ സ്വർഗ്ഗാരോപണത്തിരുന്നാളിനു ഇപ്രാവശ്യം മുഖ്യ കാർമ്മികനായിരുന്നത് ബഹുമാനപ്പെട്ട മൈനർ സെമിനാരി റെക്ടർ റ്റോം ആര്യൻകാലാ ആച്ചനായിരുന്നു. പ്രാർത്ഥനാകൂട്ടായ്മകളുടെ നേതൃത്വത്തിൽ നടന്ന മരിയൻ ഗാനമേള മത്സരവും മറ്റു സ്വാതന്ത്ര്യദിന പരിപാടികളും ഇടവകാംഗങ്ങളുടെ പ്രാർത്ഥനാചൈതന്യവും കൂട്ടായ്മയും വിളിച്ചോതുന്നതായിരുന്നു. എല്ലാ ആദ്ധ്യാത്മിക കാര്യങ്ങൾക്കും ചുറുചുറുക്കോടെ നേതൃത്വം നല്കുന്ന പള്ളികിഴക്കേതിൽ മെൽവിനച്ചന് പ്രത്യേകം അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

ആഗസ്റ്റ് 20-ാം തീയതി മിഷന്റെ ഒരു പ്രത്യേക സമ്മേളനം ഫത്തേഗഢ് സെന്റ് ആന്റണീസ് ഭവനാങ്കണത്തിൽ നടന്നു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും പ്രത്യേക സമ്മേളനവും, പ്രിൻസിപ്പൽമാരുടെ അക്കാഡമിക് കൗൺസിലും പ്രത്യേക യോഗം ചേർന്ന് പല തീരുമാനങ്ങളും കൈക്കൊണ്ടു. ജന്മദിനം ആഘോഷിച്ച പടനിലം വിൻസെന്റ് അച്ചനും 75-ാം ജന്മദിനം ആഘോഷിച്ച റവ. സി. ജാൻസി മരിയ SABS നും ഫത്തേഗഢിലെ സമ്മേളനത്തിൽ എല്ലാവരും ജന്മദിന ആശംസകൾ നേർന്നു. എല്ലാത്തിനും നേതൃത്വം നൽകിയ ജിമ്മി പയ്യമ്പള്ളി അച്ചനും സുപ്പീരിയർ സി. അനില MLF നും പ്രത്യേക അഭിനന്ദനങ്ങൾ.

ചിബ്രാമു സെന്റ് പോൾ സ്കൂളിന്റെ CBSE Affiliation Inspection വളരെ ഭംഗിയായി തന്നെ നടന്നു. നമ്പ്യാമഠം ബിൻസൺ അച്ചനും, ജിമ്മി പയ്യമ്പള്ളി അച്ചനും ജസ്റ്റിൻ തുരുത്തേൽ അച്ചനും തിരുഹൃദയ സന്യാസിനി സമൂഹത്തിനും പ്രത്യേകം അഭിനന്ദനങ്ങൾ. കനൗജ് ക്രിസ്തുരാജ് അക്കാഡമിയിലെ NOC യുടെ നടപടികൾ അവസാന ഘട്ടത്തിൽ എത്തിയിരിക്കുന്നു. എല്ലാവരും പ്രാർത്ഥിക്കുമല്ലോ. ഔറയ്യാ സെന്റ് ഫ്രാൻസിസ് കോൺവെന്റ് സുപ്പീരിയറായി റവ. സി. വിമല ജോസ് SH ചാർജ്ജ് എടുത്തു. സിസ്റ്ററിന് എല്ലാവിധ പ്രാർത്ഥനാശംസകളും.

വടക്കേ ഇന്ത്യയിലെ കാലാവസ്ഥ ഇപ്പോൾ വെയിലും മഴയും സമ്മിശ്രമായി ഉള്ളതുകൊണ്ട് ചൂടിന്റെ കാഠിന്യം വളരെ കുറഞ്ഞു. സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണത്തിരുനാളും എല്ലാം നന്നായിരുന്നു. എല്ലാവർക്കും തിരുവോണത്തിന്റെ നല്ല ആശംസകൾ നേരുന്നു.

ജയ് യേശു.

**ഫാ. രാജു കോയിപ്പള്ളി**
**ഫാ. ജോബി പൊന്നാറ്റിൽ**

# കെ.സി.എസ്.എൽ.

ഈശോമിശിഹായിൽ സ്നേഹമുള്ള കെ.സി.എസ്.എൽ. കൂട്ടുകാരേ,

സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും ഓണക്കാലത്തിന്റെ ആശംസകൾ ഏവർക്കും നേരുന്നു. വളരെ സജീവമായ ഒന്നാം ടേം സമാപിച്ചിരിക്കുകയാണ്. അതിരൂപതാ തലത്തിൽ പ്രവർത്തനവർഷ ഉദ്ഘാടനം, ലീഡേഴ്സ് ക്യാമ്പ്, ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായുള്ള ക്യാമ്പ്, അൽഫോൻസാ ക്വിസ് തുടങ്ങിയവ നടത്തുകയുണ്ടായി. സംസ്ഥാനതല ക്യാമ്പിനും നാം ആതിഥ്യമരുളി. പഠനഗ്രന്ഥം എല്ലാ സ്കൂളുകളിലും എത്തിക്കുകയും ടാലന്റ് ഹണ്ട് മത്സരങ്ങൾക്കുള്ള പ്രാഥമിക ക്രമീകരണം നടത്തുകയും ചെയ്തു. ഈ പ്രവർത്തനങ്ങളോട് സഹകരിച്ച എല്ലാ അംഗങ്ങൾക്കും അഭ്യുദയകാംഷികൾക്കും നന്ദി അറിയിക്കുന്നു.

പ്രോലൈഫുമായി ബന്ധപ്പെട്ട എക്സിബിഷനുമായി പരമാവധി സ്കൂളുകളിൽ എത്താൻ ഈ ടേമിൽ ശ്രദ്ധിക്കുന്നതാണ്. അതുപോലെതന്നെ സോണൽ കൺവൻഷനും ഈ പ്രാവശ്യത്തെ നമ്മുടെ പ്രധാന പരിപാടിയാണ്.

**സെപ്റ്റംബർ മാസത്തെ പരിപാടികൾ**

15 : **മാലാഖക്കൂട്ടം**, സ്ഥലം: **പാസ്റ്ററൽ സെന്റർ**

പങ്കെടുക്കേണ്ടവർ ഒരു വിദ്യാലയത്തിൽ നിന്ന് 4-ാം ക്ലാസ്സിലെ രണ്ട് വിദ്യാർത്ഥികൾ.

16 : **ധന്യൻ മാർ തോമസ് കുര്യാളശ്ശേരി ക്വിസ്,** സ്ഥലം: **സെന്റ് തെരേസാസ് എച്ച്.എസ്.എസ്. വാഴപ്പള്ളി**

രണ്ടുപേരടങ്ങുന്ന എത്ര ടീമിനും ഒരു വിദ്യാലയത്തിൽനിന്ന് പങ്കെടുക്കാം. വിഷയം: **കാരുണ്യജ്യോതി,** കെ.സി.എസ്.എൽ. ചരിത്രം

ജീവിതം വിസ്മയം, വി. മത്തായി 1-9 അധ്യായങ്ങൾ.

21 : അതിരൂപത സാഹിത്യ മത്സരം

25 : കയ്യെഴുത്ത് മാസിക മത്സരം, സ്ഥലം: **പാസ്റ്ററൽ സെന്റർ**

പഠനത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ KCSL അംഗങ്ങളെക്കൊണ്ട് പഠിപ്പിക്കുന്ന കാര്യത്തിലും ആഴ്ചയിൽ ഒരു ദിവസം വീതം സ്റ്റഡി സർക്കിൾ നടത്തുന്ന കാര്യത്തിലും വെള്ളിയാഴ്ചകളിൽ ഒന്നുചേർന്ന് തന്നിരിക്കുന്ന പ്രാർത്ഥനാ നിയോഗങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന കാര്യവും ഓർമ്മിപ്പിക്കുന്നു.

മെമ്പർഷിപ്പ് ഫീസ്, പഠനപുസ്തകങ്ങളുടെ വില എന്നിവ ഓഫീസിൽ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ആശംസകളോടെ,

**ഫാ. ലൈജു കണിച്ചേരിൽ**
അസി. ഡയറക്ടർ

**ഫാ. മാത്യു വാരുവേലിൽ**
ഡയറക്ടർ

# സന്ദേശനിലയം

ഈശോയിൽ സ്നേഹമുള്ളവരേ,

നമ്മുടെ അമ്മയായ പരി.കന്യകാമറിയത്തിന്റെ ജനനത്തിരുനാളിനൊരുക്കമായ 8 നോമ്പിലേയ്ക്കു നാം പ്രവേശിച്ചു കഴിഞ്ഞു. എല്ലാവർക്കും തിരുനാളിന്റെ ആശംസകൾ സ്നേഹപൂർവ്വം നേരുന്നു. സെപ്റ്റംബർ 14 സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ നാം ആചരിക്കുന്നു. നമ്മുക്കു രക്ഷനേടിത്തന്ന ഈശോയുടെ സ്ലീവായുടെ തണലിൽ നമുക്കഭയം തേടാം.

ഫൊറോനാ സെമിനാറുകൾ നടന്നുകൊണ്ടിരിക്കുകയാണ്. സ്വന്തം ഫൊറോനകളിൽ പങ്കെടുക്കാൻ കഴിയാത്തവർ മറ്റേതെങ്കിലും ഫൊറോനകളിൽ നിർബന്ധമായും പങ്കെടുത്തിരിക്കണമെന്ന കാര്യം വീണ്ടും ഓർമ്മിപ്പിക്കുന്നു.

കലോത്സവങ്ങൾ നടക്കേണ്ട നാളുകളാണിനി കടന്നുവരുന്നത്. ഫൊറോന കലോത്സവങ്ങൾ കുറ്റമറ്റരീതിയിൽ നടത്തുവാനും ഈശോയുമായുള്ള ബന്ധത്തിലും പരസ്പരമുള്ള കൂട്ടായ്മയിലും വളരുവാനുള്ള അവസരവുമാക്കി മാറ്റുവാനും എല്ലാവരും ശ്രദ്ധിക്കണമെന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ മഹത്വപൂർണ്ണമായ സ്ലീവാ നമുക്കേവർക്കും കോട്ടയും സങ്കേതവുമായിത്തീരട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം നിങ്ങളുടെ

**ജോബിയച്ചൻ**

**ജോസിയച്ചൻ**

**2017 സെപ്റ്റംബർ**

| | | |
|---|---|---|
| 1 വെള്ളി PH | : | CLT- ക്യാമ്പ്, MCC - ക്ലാസ്സ് - 3<br>BCT - Day Scholar Batch - 1 (ഒന്നാം ദിവസം)<br>(ആലപ്പുഴ, അതിരമ്പുഴ, ചമ്പക്കുളം, തൃക്കൊടിത്താനം ഫൊറോനകളിലെ നവാഗതരായ അദ്ധ്യാപകർക്ക്)<br>ഫൊറോനാ സെമിനാർ - പുളിംകുന്ന് |
| 2 ശനി | : | CLT- ക്യാമ്പ്, ഫൊറോനാ സെമിനാർ - അതിരമ്പുഴ |
| 4 തിങ്കൾ PH OH | : | തിരുവോണം (ഓഫീസ് അവധി) |
| 6 ബുധൻ PH | : | MCC - ക്ലാസ്സ് - 4<br>BCT - Day Scholar Batch - 1 (രണ്ടാം ദിവസം)<br>ഫൊറോനാ സെമിനാർ കുറുമ്പനാടം |
| 9 ശനി | : | CLT- ക്ലാസ്സ് 8, BCT Batch - 1 (മൂന്നാം ദിവസം) |
| 10 ഞായർ | : | SMCC (കുറുമ്പനാടം, ആലപ്പുഴ, നെടുങ്കുന്നം, തുരുത്തി ഫൊറോനകൾ) |

| | | |
|---|---|---|
| 12 ചൊവ്വ PH | : | MCC Class - 5, BCT Batch - 2 (ഒന്നാം ദിവസം) (ചങ്ങനാശേരി, എടത്വാ, കുടമാളൂർ, തുരുത്തി, കുറുമ്പനാടം ഫൊറോനകളിലെ നവാഗതരായ അധ്യാപകർക്ക്) **അതിരൂപതാ രചനാമത്സരം - അതാതു ഫൊറോന കേന്ദ്രങ്ങളിൽ** |
| 14 വ്യാഴം | : | വി. സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ |
| 16 ശനി | : | CLT- ക്ലാസ്സ് - 9 |
| 17 ഞായർ | : | SMCC (എടത്വാ, പുളിങ്കുന്ന്, ചമ്പക്കുളം ഫൊറോനകൾ) |
| 21 വ്യാഴം PH. | : | BCT Batch - 2 (രണ്ടാം ദിവസം) MCC Class - 6, മിഷൻലീഗ് അതിരൂപതാ കൗൺസിൽ |

**ഒക്ടോബർ**

| | | |
|---|---|---|
| 2 തിങ്കൾ PH | : | BCT Batch - 2 (മൂന്നാം ദിവസം) |
| 7 ശനി | : | CLT- ക്ലാസ്സ് - 10, ഫൊറോന സെമിനാർ - എടത്വാ |
| 8 ഞായർ | : | **ഒന്നാം ടേം പരീക്ഷ** |

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. അതിരൂപതാ ബൈബിൾ കലോത്സവം - സെപ്റ്റംബർ 12ന് രചനാമത്സരങ്ങൾ അതാതു ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നതാണ്.
2. സൺഡേസ്കൂൾ കുട്ടികളുടെ ഒന്നാം ടേം പരീക്ഷ ഒക്ടോബർ 8 ഞായറാഴ്ച ആയിരിക്കും. 1 മുതൽ 7 വരെ ക്ലാസ്സുകൾക്ക് രാവിലെ 11.00 മണിമുതൽ 1.00 മണിവരെയായിരിക്കും. 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞ് 2.00–4.00 വരെയായിരിക്കും. പരീക്ഷകൾ കൃത്യസമയത്തും പിഴവുകൾ കൂടാതെയും നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. 1, 2 ക്ലാസ്സുകൾക്ക് വാചികം (ചോദ്യം) ആയിരിക്കും. 3,4 ക്ലാസ്സുകളിൽ ചോദ്യക്കടലാസ്സിൽ തന്നെ ഉത്തരം എഴുതുക. 5 മുതലുള്ള ക്ലാസ്സുകളിൽ ഉത്തരക്കടലാസ്സിൽ എഴുതേണ്ടതാണ്. പരീക്ഷാസമയത്ത് ബൈബിൾ, കുർബാനപ്പുസ്തകം എന്നിവ ഉപയോഗിക്കുവാൻ അനുവദിക്കുന്നതല്ല.
3. പ്രതിഭാ അവാർഡ് ശില്പശാല തീയതികൾ (SMCC)

| | | |
|---|---|---|
| സെപ്റ്റംബർ 10 ഞായർ | : | കുറുമ്പനാടം, ആലപ്പുഴ, നെടുങ്കുന്നം, തുരുത്തി |
| സെപ്റ്റംബർ 17 ഞായർ | : | എടത്വാ, പുളിങ്കുന്ന്, ചമ്പക്കുളം |
| ഒക്ടോബർ 14 ശനി | : | കൊല്ലം, ആയൂർ |
| ഒക്ടോബർ 15 ഞായർ | : | ചങ്ങനാശേരി, തൃക്കൊടിത്താനം, മണിമല |

**ആദരാഞ്ജലികൾ**

വാഴപ്പള്ളി സെന്റ് തെരേസാസ് സൺഡേസ്കൂൾ അധ്യാപകൻ ഡോ. ജോർജ്ജ് സി. ചേന്നാട്ടുശേരി, ചങ്ങനാശേരി അസംപ്ഷൻ സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. അനറ്റ് ജോൺ എന്നിവരുടെ പിതാവിന്റെ നിര്യാണത്തിലും

മുഹമ്മ സെന്റ് ജോർജ്ജ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി എൽസമ്മ ജോസഫ് മറ്റത്തിലിന്റെ പിതാവിന്റെയും കൈതവന ഇമ്മാക്യുലേറ്റ് ഹാർട്ട് സൺഡേസ്കൂൾ അധ്യാപിക സി. റിറ്റി LSC യുടെ പിതാവിന്റെയും രാമങ്കരി സെന്റ് ജോസഫ്സ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. സോവിച്ചൻ മാത്യു കഞ്ഞിക്കരയുടെ പിതാവിന്റെ നിര്യാണത്തിലും കൈനടി സെന്റ് മേരീസ് സൺഡേസ്കൂൾ വിദ്യാർത്ഥി ജെറിൻ നാലായിരഞ്ചിറ കണ്ണന്തറയുടെ നിര്യാണത്തിലും പൊടിപ്പാറ ഹോളി ഫാമിലി സൺഡേസ്കൂൾ വിദ്യാർത്ഥി പി. ജെ. മാർട്ടിൻ ഇത്തിച്ചിറയുടെ നിര്യാണത്തിലും സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

☸

**BIBLE STUDY FORUM FOR PRIESTS**

The next session of the Bible Study Forum for Priests of the Archeparchy of Changanacherry will be held at the Spirituality Centre, Manganam, on 20th September 2017. The course will begin at 9.30 a.m. and come to a close at 4.00 p.m.

**Fr. Mathew Vellanickal**

ബഹുമാനപ്പെട്ട ജോസഫ് തുമ്പയിൽ അച്ചനുവേണ്ടിയും മാത്യു ഞള്ളത്തുവയലിൽ അച്ചനുവേണ്ടിയും പി.പി.എഫ്. അംഗങ്ങൾ എല്ലാവരും ഓരോ തനതു കുർബാന ചൊല്ലേണ്ടതാണ്.

**പി.പി.എഫ്. സെക്രട്ടറി**

**ഫാ. സൈജു അയ്യങ്കരി**

# ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ സ്നേഹമുള്ളവരേ,

2017 - 18 പ്രവർത്തനവർഷത്തിലെ ഒരു ഘട്ടം നമ്മൾ പിന്നിട്ട് കഴിഞ്ഞു. നമ്മുടെ പ്രവർത്തനങ്ങളെ നമുക്ക് വിലയിരുത്താം. അതിരൂപതാ നിർദ്ദേശങ്ങളോട് കാണിക്കുന്ന സഹകരണങ്ങൾക്ക് നന്ദി പറയുന്നു. പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സമർപ്പിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുമല്ലോ.

29-ാമത് അൽഫോൻസാ തീർത്ഥാടനത്തിന്റെ വിജയകരമായ നടത്തിപ്പിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി സഹകരിച്ചതിനാൽ എല്ലാക്കാര്യങ്ങളും ഭംഗിയായി ക്രമീകരിക്കുവാൻ സാധിച്ചു. എല്ലാവർക്കും നന്ദിയും സ്നേഹവും അറിയിക്കുന്നു. സെപ്റ്റംബർ 9-ാം തീയതി നടക്കുന്ന മാലിപ്പറമ്പിലച്ചന്റെ അനുസ്മരണബലിയിലും സമ്മേളനത്തിലും സെപ്റ്റംബർ 21-ാം തീയതി നടക്കുന്ന അതിരൂപതാ കൗൺസിലിലും പങ്കെടുക്കുവാൻ നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. നമ്മുടെ പ്രവർത്തനപരിപാടികളിൽ തിരുവോണത്തോടനുബന്ധിച്ച് കരുണയുടെ തിരുവോണം ഉചിതമായ പരിപാടികളോടെ ക്രമീകരിക്കുമല്ലോ.

സ്ലീവായുടെ തണലിൽ അഭയം തേടി മഹത്വീകൃതനായ മിശിഹായുടെ വരവിനെ കാത്തിരിക്കുന്ന ഏലിയാസ്ലീവാ മൂശാക്കാലത്തിലേയ്ക്കു നാം പ്രവേശിക്കുകയാണ്. ഏവർക്കും സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ മംഗളങ്ങൾ ആശംസിച്ചുകൊണ്ട്,

**സ്നേഹപൂർവ്വം**

**ജോബിയച്ചൻ**

**ജോസിയച്ചൻ**

### സെപ്റ്റംബർ മാസത്തിലെ പരിപാടികൾ

1 വെള്ളി : എട്ടുനോമ്പാരംഭം.

5 ചൊവ്വ : കൽക്കത്തയിലെ വി. തെരേസ, അദ്ധ്യാപകദിനം

8 വെള്ളി : പ. കന്യകാമറിയത്തിന്റെ പിറവി തിരുനാൾ

9 ശനി : സ്ഥാപക ഡയറക്ടർ റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ ചരമദിനം. ആർപ്പൂക്കര ചെറുപുഷ്പം ദൈവാലയത്തിൽ പ്രത്യേക സമ്മേളനം

സംസ്ഥാന മാനേജിംഗ് കമ്മിറ്റി

10 ഞായർ: ബഹു. മാലിപ്പറമ്പിലച്ചൻ അനുസ്മരണം ശാഖകളിൽ

14 വ്യാഴം : വി. കുരിശിന്റെ പുകഴ്ച.

16, 17 : സി. എം.എൽ. എക്സിക്യൂട്ടീവ് സഹവാസക്യാമ്പ് (ശനി, ഞായർ)

21 വ്യാഴം : അതിരൂപതാ കൗൺസിൽ സംസ്ഥാന സാഹിത്യ മത്സരം

29 വെള്ളി: വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖമാരുടെ തിരുനാൾ

**ഒക്ടോബർ**

1 ഞായർ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ
അംഗത്വ നവീകരണം നടത്തുക.
ദൈവവിളിദിനം, ദൈവവിളിയ്ക്കായി പ്രാർത്ഥിക്കുക.

2 തിങ്കൾ : ദൈവദാസൻ മാർ മാത്യു കാവുകാട്ട് തീർത്ഥാടനം

3 ചൊവ്വ : മിഷൻലീഗ് സപ്തതിയുടെ തികവിൽ
(70-ാം ജന്മദിനം) പതാക വന്ദനം

4 ബുധൻ: വി. ഫ്രാൻസിസ് അസീസിയുടെ തിരുനാൾ

8 ഞായർ: സൺഡേസ്കൂൾ ഒന്നാം ടേം പരീക്ഷ

**അതിരൂപതാ കൗൺസിൽ**

ഈ വർഷത്തെ അതിരൂപതാ കൗൺസിൽ **സെപ്റ്റംബർ 21-ാം തീയതി വ്യാഴാഴ്ച ചങ്ങനാശേരി അസംപ്ഷൻ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽവച്ച്** നടത്തപ്പെടുന്നു. അഭിവന്ദ്യ പിതാവ് മാർ ജോസഫ് പവ്വത്തിൽ ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ ഓരോ ശാഖയിൽനിന്നും ജോയിന്റ് ഡയറക്ടർ, ഓർഗനൈസർമാർ, ജൂണിയർ ഓർഗനൈസർമാർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അതിരൂപതാ, മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പങ്കെടുക്കേണ്ടതാണ്. എല്ലാവരെയും ഈ കൗൺസിലിലേക്ക് സ്വാഗതം ചെയ്യുന്നു. പ്രസ്തുത സമ്മേളനത്തിൽ മിഷൻലീഗ് സ്ഥാപകനേതാക്കളായ ബഹു. മാലിപ്പറമ്പിലച്ചനെയും കുഞ്ഞേട്ടനെയും അനുസ്മരിക്കുന്നതുമാണ്. രജിസ്ട്രേഷൻ ഫീസ് 60 രൂപ. കൗൺസിലിൽ പങ്കെടുക്കുന്നവരുടെ എണ്ണം സെപ്റ്റംബർ 16നു മുമ്പായി അതിരൂപതാ ഓഫീസിൽ അറിയിക്കുക. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.

**ഫാ. ജോസഫ് മാലിപ്പറമ്പിലനുസ്മരണം**

നമ്മുടെ സ്ഥാപക ഡയറക്ടർ ബ. മാലിപ്പറമ്പിലച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്ന ആർപ്പൂക്കര ചെറുപുഷ്പം പള്ളിയിൽവച്ച് സെപ്റ്റംബർ 9-ാം തീയതി ശനിയാഴ്ച അനുസ്മരണ സമ്മേളനം നടക്കുന്നു. കുടമാളൂർ, കോട്ടയം, അതിരമ്പുഴ മേഖലകളുടെ പൂർണ്ണമായ പങ്കാളിത്തം ഈ സമ്മേളനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുതമേഖലകളിലെ എല്ലാം യൂണീറ്റുകളിൽ നിന്നും പതിനഞ്ചു പേരിൽ കുറയാതെ പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. ഇതര മേഖലകളിൽ നിന്നു 15 പേരെങ്കിലും നിർബന്ധമായും പങ്കെടുക്കണം. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. രജി. ഫീസ് ഉണ്ടായിരിക്കുന്നതല്ല.

**എക്ലേസിയ ക്വിസ്, മിഷൻ ആന്തം - മത്സരങ്ങൾ**

മേഖലാതലത്തിൽ നടത്തി ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവരുടെ

ലിസ്റ്റ് നവംബർ 12-ാം തീയതിക്കകം അതിരൂപതാ ഓഫീസിൽ ഏല്പിക്കുമല്ലോ.

**അൾത്താരബാലന്മാരുടെ ക്യാമ്പ് / സെമിനാർ**

മേഖലാതലത്തിൽ അൾത്താരബാലന്മാരുടെ ക്യാമ്പ് / സെമിനാർ നവംബർ മാസത്തിനു മുമ്പായി നടത്തി അതിൽ പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും ബഹുമാനപ്പെട്ട ഇടവക വികാരിമാർ ഒരു അൾത്താര ബാലനെ നവംബർ 17, 18, 19 തീയതികളിൽ നടക്കുന്ന അതിരൂപതാ ക്യാമ്പിലേയ്ക്ക് അയയ്ക്കുമല്ലോ. പങ്കെടുക്കുന്നവരുടെ ലിസ്റ്റും ഫോട്ടോയും ഒക്ടോബർ 28നകം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

ഒന്നാം ഘട്ട പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി എല്ലാ ശാഖകളും സെപ്റ്റംബർ 30 നകം അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**വി. കൊച്ചുത്രേസ്യായുടെ തിരുനാൾ**

ഒക്ടോബർ 1 ഞായർ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ

സൗകര്യമുള്ള ഒരു ദിവസം കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുനാൾ ശാഖകളിൽ സമുചിതമായി ആചരിക്കുന്നു. അതിനോടനുബന്ധിച്ച് അംഗത്വനവീകരണം നടത്തുന്നു.

**സ്ഥാപക ദിനാചരണം**

ഒക്ടോബർ 3 ചൊവ്വാ : 70-ാം സ്ഥാപകദിനം, ശാഖകളിൽ പതാക ഉയർത്തി സ്ഥാപകദിനം ഉചിതമായി നടത്തുക.

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ

### സെപ്റ്റംബർ മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| സെപ്റ്റംബർ | 1–2 | മതാധ്യാപക ധ്യാനം |
| | 7–9 | കുട്ടികളുടെ ധ്യാനം |
| | 13 | നിശാരാധന, അഭിഷേക പ്രാർത്ഥന (6 p.m. - 10 p.m.) |
| | 15–17 | സിസ്റ്റേഴ്സിനുള്ള ധ്യാനം |
| | 21 | അഖണ്ഡ ജപമാല (10 a.m. - 2 p.m.) |
| | 22–24 | എക്ലേസിയ - സിസ്റ്റേഴ്സിന്റെ ട്രെയിനിംഗ് പ്രോഗ്രാം |
| | 24–28 | വിശ്വാസാനുഭവ ധ്യാനം (ഞായർ 5 p.m.– വ്യാഴം 2 p.m.) |

**ഫാ. മാത്യു താന്നിയത്ത്**

9446903631

## വിൻസെൻഷ്യാ 2017

# അഖില കേരളാ വിൻസെൻഷ്യൻ ക്വിസ് മത്സരം

ബഹുമാനപ്പെട്ട ഡയറക്ടർ അച്ചാ/ഹെഡ്മാസ്റ്റർ/സിസ്റ്റർ/കോൺഫറൻസ് പ്രസിഡന്റ്,

സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ സഭയോട് ചേർന്ന് പ്രവർത്തിക്കുന്ന ഏറ്റവും വലിയ അൽമായ സംഘടനയായ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയെപ്പറ്റിയും വിശുദ്ധ വിൻസെന്റ് ഡി പോൾ, വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാം എന്നിവരെപ്പറ്റിയും ഇളം തലമുറയ്ക്ക് അറിവും പ്രചോദനവും ലഭിക്കുന്നതിനുവേണ്ടി വിൻസെന്റ് ഡി പോൾ സൊസൈറ്റി ചങ്ങനാശ്ശേരി സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള ചമ്പക്കുളം സെന്റ് മേരീസ് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ **വിൻസെൻഷ്യാ 2017** എന്ന പേരിൽ 3-ാമത് അഖില കേരള ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജീവകാരുണ്യ പ്രേഷിത പ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനുവേണ്ടിയുള്ള ഈ പരിശ്രമത്തിലേയ്ക്ക് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ബ്രദർ ജോർജ് ആന്റണി പാലക്കളം**
(പ്രസിഡന്റ്)

**ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**
(റെക്ടർ സെന്റ് മേരീസ് ബസലിക്കാ ചമ്പക്കുളം,
വിൻസെന്റ് ഡി പോൾ സൊസൈറ്റി ആത്മീയോപദേഷ്ടാവ്)

**സ്ഥലം: സെന്റ് മേരീസ് തിയോളജിക്കൽ സെന്റർ, ചമ്പക്കുളം.**
**സമയം: 2017 സെപ്റ്റംബർ 17 ഞായറാഴ്ച 10 a.m ന്**

### വിഷയങ്ങൾ

1. **ലോഗോസ് ക്വിസ് 2017 വിഷയങ്ങൾ**
   a) സംഖ്യ 22-36 വരെ — 70%
   b) സുഭാഷിതങ്ങൾ 21-31 വരെ
   c) മത്തായിയുടെ സുവിശേഷം 1-9 വരെ.
2. **സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നിയമാവലി 2010** — 20%
   a) പേജ് 1 മുതൽ 16 വരെ
   b) പേജ് 246 മുതൽ 258 വരെ
   c) പേജ് 309 മുതൽ 310 വരെ
3. **സഭാത്മക പൊതുവിജ്ഞാനം** — 10%

### സമ്മാനങ്ങൾ

**1-ാം സമ്മാനം** ചാക്കോ തോമസ് & മറിയാമ്മ തോമസ് വേലങ്കളം മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി. കുര്യാളശ്ശേരി (തോണിപ്പുരയ്ക്കൽ) ഔസേപ്പച്ചൻ മെമ്മോറിയൽ ക്യാഷ് അവാർഡ് Rs. 5000/- രൂപ.

**2-ാം സമ്മാനം** കെ.കെ. തോമസ്, റോസമ്മ തോമസ് കിഴക്കുംവേലിത്തറ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി.
മുണ്ടയ്ക്കൽ ചാക്കപ്പൻ മെമ്മോറിയൽ ക്യാഷ് അവാർഡ് Rs.4000/-

**3-ാം സമ്മാനം** പാപ്പി എബ്രഹാം, മേരിക്കുട്ടി എബ്രഹാം വേലങ്കളം മെമ്മോറിയൽ എവർറോളിംഗ് ട്രോഫി
കൊറത്തറയ്ക്കൽ മത്തായി ക്ലാരമ്മ മെമ്മോറിയൽ ക്യാഷ് അവാർഡ് Rs.3000/-

**4-ാം സമ്മാനം** ശ്രീ. തോമസ് എബ്രഹാം വേലംങ്കളം വക ക്യാഷ് അവാർഡ് Rs.2000/-

**5-ാം സമ്മാനം** വി.ജെ. തോമസ് വല്ല്യാക്കൽ മെമ്മോറിയൽ ക്യാഷ് അവാർഡ് Rs.1000/-

### നിർദ്ദേശങ്ങൾ

1. സൺഡേസ്കൂളിൽ 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന രണ്ട് കുട്ടികൾ അടങ്ങുന്ന ടീം.
2. ഒരു സൺഡേ സ്കൂളിൽ നിന്നും എത്ര ടീമിനുവേണമെങ്കിലും പങ്കെടുക്കാം.
3. രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് 100 രൂപ ആയിരിക്കും.
4. മത്സരത്തിൽ പങ്കെടുക്കുന്നവർ ഡയറക്ടർ / ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.
5. മാനുവൽ 2010 ന്റെ കോപ്പിക്ക് അടുത്തുള്ള വിൻസെന്റ് ഡി പോൾ സൊസൈറ്റി ആഫീസുമായി ബന്ധപ്പെടുക.
6. രജിസ്ട്രേഷൻ: 2017 സെപ്റ്റംബർ 10-ാം തീയതിക്കു മുമ്പായി രജിസ്റ്റർ ചെയ്യണം.

**ബന്ധപ്പെടേണ്ട നമ്പരുകൾ :**

എം.സി. കുഞ്ഞപ്പൻ -9447596751, രാജു സേവ്യർ -9446921060, ടോം സി. ദേവസ്യ - 9495439436

# ഫാമിലി അപ്പോസ്റ്റലേറ്റ്

സ്നേഹം നിറഞ്ഞ കുടുംബപ്രേക്ഷിതരേ,

പ്രാരംഭദശയിൽ സ്വാഭാവിക ജനനനിയന്ത്രണ മാർഗങ്ങളുടെ പരിശീലനത്തോടു ചേർന്ന് ഉത്തരവാദിത്വപൂർണമായ മാതൃപിതൃത്വം എന്തെന്ന് പരിശീലിപ്പിച്ചിരുന്ന ചങ്ങനാശേരി അതിരൂപതയിലെ കുടുംബപ്രേഷിത വിഭാഗം ഇന്ന് വിവാഹ ഒരുക്ക ധ്യാനം, മാതൃപിതൃവേദി സംഘടനകൾ, വിധവകൾക്കായുള്ള ശുശ്രൂഷകൾ, ദമ്പതീധ്യാനം, ഗർഭിണികൾക്കുള്ള ധ്യാനം തുടങ്ങി വ്യത്യസ്ഥമായ കുടുംബമേഖലകളിൽ ഉത്തരവാദിത്വപൂർണ്ണമായ ശുശ്രൂഷകൾ നിർവ്വഹിക്കുന്നു. നമുക്ക് നേരിട്ട് സെമിനാറുകളിലൂടെയോ ക്ലാസുകളിലൂടെയോ കൗൺസലിംഗിലൂടെയോ ഒക്കെ ചെയ്യാവുന്നതിലേറെ പ്രാർഥന വഴിയായി ചെയ്യാനാവും എന്നത് ദീർഘകാലത്തെ ശുശ്രൂഷകളിൽ നിന്നും നാം മനസ്സിലാക്കുന്ന യാഥാർഥ്യമാണ്. അപ്പോൾ കുടുംബപ്രേഷിതത്വത്തിൽ അത്യധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പ്രാർത്ഥനയുടെ പ്രേഷിതത്വം. നമ്മുടെ ചുറ്റുപാടുമുള്ള പ്രതിസന്ധികളിൽ കഴിയുന്ന കുടുംബങ്ങളിൽ ചിലതെല്ലാം വിവേകപൂർവ്വകമായ ഇടപെടലോ കൗൺസലിംഗോ ധ്യാനമോ പോലുള്ള പ്രതിസന്ധി നിവാരണപ്രവർത്തനങ്ങൾക്കായി താത്പര്യമെടുത്ത് പ്രശ്നപരിഹാരം കണ്ടെത്തും. എന്നാൽ ബഹുഭൂരിപക്ഷവും ഇതിനൊന്നും മുതിരാതെ പ്രതിസന്ധികൾ വഷളാക്കുന്നവരാണ്. ഇത്തരമൊരു സാഹചര്യത്തിൽ നമ്മുടെ കുടുംബങ്ങൾക്കും ഫാമിലി അപ്പോസ്റ്റലേറ്റിന്റെ പ്രവർത്തനങ്ങൾക്കും ശക്തമായ പ്രാർത്ഥനയുടെ പിൻബലം ആവശ്യമാണ്. അതിനാൽ ഭവനങ്ങളിൽ ആയിരിക്കുന്ന സ്ത്രീകളും പ്രായമായവരും രോഗികളായി കഴിയുന്നവരുമൊക്കെ ഒഴിവുസമയങ്ങളിൽ പ്രശ്നങ്ങളിൽ കഴിയുന്ന കുടുംബങ്ങൾക്കായി പ്രാർത്ഥിക്കാൻ താത്പര്യമെടുത്താൽ അത് അനുഗ്രഹപ്രദമായൊരു ശുശ്രൂഷയായിരിക്കും.

**ഫാ. ജോസ് മുകളേൽ**

**ഫാ. ജോസഫ് ഇലഞ്ഞിമറ്റം**

**സാക്ഷ്യപേടകം**

2017 ജൂൺ 11-ാം തീയതി ആരംഭിച്ച സാക്ഷ്യപേടകം എന്ന നൂറുദിന കർമ്മപദ്ധതി സെപ്റ്റംബർ 21-ാം തീയതി അവസാനിക്കുകയാണല്ലോ. ഇരുപത്തിയഞ്ചിന കർമ്മപദ്ധതികൾ ഇടവകയിലെ അജപാലനപ്രവർത്തനങ്ങളെ ശക്തമാക്കിയിട്ടുണ്ടാകുമല്ലോ. ഫൊറോനാ തലത്തിൽ എല്ലാ യൂണിറ്റുകളെയും സംഘടിപ്പിച്ചുകൊണ്ട് സാക്ഷ്യപേടക സമാപനം ഉചിതമായ ദിവസം നടത്താൻ ശ്രദ്ധിക്കണം. 2017 ഒക്ടോബർ 14 നകം സാക്ഷ്യപേടകത്തിന്റെ റിപ്പോർട്ട് നല്കാൻ ശ്രദ്ധിക്കുക. റിപ്പോർട്ട് എഴുതാനുള്ള ഫോം സെപ്റ്റംബർ 15-ാം തീയതി മുതൽ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

സാക്ഷ്യപേടകം കർമ്മപദ്ധതിവഴി സംഘടനാതലത്തിൽ ഉണ്ടായിട്ടുള്ള ഉണർവ്വ് നിലനിർത്താനും വർദ്ധിപ്പിക്കാനും ശ്രദ്ധിക്കേണമേ.

**യുവദമ്പതീധ്യാനം**

യുവദമ്പതികൾക്കുവേണ്ടി ക്യാമ്പ് ചെയ്തു നടത്തുന്ന രീതിയിലുള്ള ധ്യാനം ക്രമീകരിച്ചിരിക്കുന്നു. ഒക്ടോബർ 13 വെള്ളിയാഴ്ച 4 p.m. ന് ആരംഭിച്ച് ഞായറാഴ്ച 4 p.m. ന് അവസാനിക്കുന്ന രീതിയിലാണ് ധ്യാനം. ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ചാണ് ധ്യാനം നടത്തുന്നത്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 500 രൂപ. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസിൽ ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ 8281453527, 9447030814, 9447016240.

**ഏലിശ്വാ ധ്യാനം (ഗർഭിണികൾക്ക്)**

ഗർഭിണികളായ ദമ്പതികൾക്ക് ഏലിശ്വാ ധ്യാനം നടത്തുന്നു. സെപ്റ്റംബർ 23, 24 (ശനി, ഞായർ) തീയതികളിലാണ് ധ്യാനം. ശനിയാഴ്ച 9 മണിക്ക് ആരംഭിച്ച് ഞായറാഴ്ച 5 p.m. ന് അവസാനിക്കുന്നതാണ്. ഗർഭാവസ്ഥയിൽ ശാരീരികവും, മാനസികവും, ആത്മീയവുമായി ഭാര്യാഭർത്താക്കന്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും ധ്യാനം. ഒരാൾക്ക് 500 രൂപയായിരിക്കും ഫീസ്. 8281453527, 9447030814.

**പ്രോലൈഫ് ബോധവത്കരണം**

കുടമാളൂർ, കോട്ടയം ഫൊറോനകളിലെ എല്ലാ ഇടവകകളിലും പ്രാർത്ഥനാദിനാചരണം നടത്തി. യാമപ്രാർത്ഥന, ദിവ്യകാരുണ്യ ആരാധന, പ്രോലൈഫ് ജപമാല, മദ്ധ്യസ്ഥപ്രാർത്ഥന, വി. കുർബാന, ബോധവത്കരണ ക്ലാസ്സ്, എക്സിബിഷൻ, ഭവനസന്ദർശനം എന്നീ പ്രോഗ്രാമുകളടങ്ങിയതാണ് പ്രോലൈഫ് പ്രാർത്ഥനാദിനം.

ഫൊറോനാ വികാരിയായ വെരി റവ. ഫാ. എബ്രഹാം വെട്ടുവയലിലും വെരി റവ. ഫാ. ജോസഫ് മണക്കളവും ഫൊറോനാ ഡയറക്ടർമാരാരായ റവ. ഫാ. ജെയിംസ് അത്തിക്കളവും റവ. ഫാ. ആന്റണി കാച്ചാംകോടും. ഫൊറോന, യൂണിറ്റ് ഭാരവാഹികൾ, പ്രോലൈഫ് അതിരൂപതാ കോർഡിനേറ്റർ ശ്രീ. എബ്രഹാം പുത്തൻകളം, ഫൊറോന കോർഡിനേറ്റർമാരായ ജോണി പള്ളിപ്പടിയിൽ, ജോസഫ് തൈപ്പറമ്പിൽ, തോമസ് താഴത്തുകുന്നേൽ, പുഷ്പ ചാത്തപ്പറമ്പിൽ, ജോജി തോമസ് കുറുന്തോടത്ത്, പ്രോലൈഫ് പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.

കോട്ടയം, കുടമാളൂർ ഫൊറോനയിൽ നടന്ന പ്രയാണം വൻവിജയമാക്കിത്തീർത്ത എല്ലാ ഡയറക്ടർമാർക്കും, ആനിമേറ്റർ സിസ്റ്റേഴ്സിനും എല്ലാ അൽമായ കുടുംബപ്രേഷിതർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. തിരുശേഷിപ്പും ഛായാചിത്രവും കുറുമ്പനാടത്തിനുശേഷം ഇപ്പോൾ നെടുങ്കുന്നം ഫൊറോനയിലാണ്. പ്രാർത്ഥന നടത്തിവരുന്നു.

**കലാ മത്സരങ്ങൾ**

ഫൊറോനാ അതിരൂപതാ കലാമത്സരങ്ങൾ നടക്കേണ്ട സമയമാണല്ലോ ഇത്. ക്വിസ് മത്സരം ഒഴികെയുള്ള രചനാ മത്സരങ്ങൾ ഫൊറോനകളിൽ നടത്തേണ്ടത് സെപ്റ്റംബർ 10 ഞായറാഴ്ച 2.30 p.m. ന് ആണ്. വിഷയം അതിരൂപത ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ നിന്ന് നൽകുന്നതാണ്. ഫൊറോനകളിൽ നിന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവരുടെ രചനകളും പേരുവിവരങ്ങളും സെപ്റ്റംബർ 23-ാം തീയതി 5 p.m.നകം അതിരൂപതാ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

* ഫൊറോനാ മത്സരങ്ങൾ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഉചിതമായ ദിവസം നടത്തണം.

* ഫൊറോന മത്സരങ്ങളുടെ തീയതിയും സ്ഥലവും അതിരൂപതാ ഓഫീസിൽ നേരത്തെ തന്നെ അറിയിക്കേണ്ടതാണ്. അതിരൂപതയിൽ നിന്ന് നിരീക്ഷകരെ അയയ്ക്കുന്നതായിരിക്കും.

**അതിരൂപതാ മത്സരങ്ങൾ**

അതിരൂപതാ മത്സരങ്ങൾ നവംബർ 11 ശനിയാഴ്ച ചങ്ങനാശ്ശേരി എസ്.ബി. ഹൈസ്കൂളിൽ വച്ച് നടത്തുന്നതാണ്. ഒക്ടോബർ 31 നകം സ്ക്രിപ്റ്റ്, ലിസ്റ്റ് എന്നിവ അതിരൂപതാ ഓഫീസിൽ നൽകേണ്ടതാണ്. സംഗീതം, സംഘഗാനം, സ്കിറ്റ്, കോൽക്കളി എന്നിവയുടെ സ്ക്രിപ്റ്റ് ആണ് നൽകേണ്ടതാണ്.

**മത്സരങ്ങളും വിഷയങ്ങളും നിബന്ധനകളും**

**ക്വിസ് മത്സരം (മാതൃവേദി, പിതൃവേദി വെവ്വേറെ)**

* വി. മത്തായിയുടെ സുവിശേഷം അധ്യായം 1 മുതൽ 9 വരെ - 40% മാർക്ക്. സ്നേഹത്തിന്റെ ആനന്ദം - അധ്യായം 4 'വിവാഹത്തിലെ സ്നേഹം'- 30% മാർക്ക്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ കുടുംബജ്യോതി മാസികയിലെ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ ഓർമ്മപുസ്തകം എന്ന പംക്തി - 20% മാർക്ക്. ബൈബിളിലെ കുടുംബ ദർശനം - ഫാ. തോമസ് വള്ളിയാനിപുറത്തിന്റെ പുസ്തകത്തിൽ നിന്ന് 1 മുതൽ 5 വരെ അദ്ധ്യായങ്ങൾ 10% മാർക്ക്.

**രചനാമത്സരങ്ങൾ (മാതൃവേദി പിതൃവേദി വെവ്വേറെ നടത്തപ്പെടുന്നു)**

**1. കവിതാ രചന** (സമയം: $1^1/_2$ മണിക്കൂർ, 40 വരിയിൽ കവിയരുത്. വിഷയം: വി. മത്തായിയുടെ സുവിശേഷം (അദ്ധ്യായം 1 മുതൽ 9 വരെ).

**2. കഥാ രചന** (2 മണിക്കൂർ, 4 പേജിൽ കൂടരുത്. ഒരു പേപ്പറിൽ ഒരു പുറം മാത്രം എഴുതാൻ ശ്രദ്ധിക്കുക.) വിഷയം-സ്നേഹത്തിന്റെ ആനന്ദം.

**3. ഉപന്യാസ രചന** (2 മണിക്കൂർ, 6 പേജിൽ കവിയരുത് ഒരു പേപ്പറിൽ ഒരു പുറം മാത്രം എഴുതാൻ ശ്രദ്ധിക്കുക). റഫറൻസ്: സ്നേഹത്തിന്റെ ആനന്ദം- അപ്പസ്തോലിക ആഹ്വാനം-ഫ്രാൻസീസ് മാർപ്പാപ്പ. ബൈബിളിലെ കുടുംബ ദർശനം-ഫാ. തോമസ് വള്ളിയാനിപ്പുറം.

**അവതരണ മത്സരങ്ങൾ**

**1. പ്രസംഗം (മാതൃവേദി, പിതൃവേദി)**

(❖ 45 ഉം 45 വയസ്സിനു താഴെയും ❖ 45 വയസ്സിനു മുകളിലും)

**വിഷയം :** (a). കുട്ടികളുടെ സാന്മാർഗ്ഗിക പരിശീലനം, (b). പ്രേഷിത ദൗത്യം കുടുംബങ്ങളിലൂടെ

പ്രസംഗ സമയം 5 മിനിറ്റായിരിക്കും. 4 മിനിറ്റ് ആകുമ്പോൾ വാണിങ് ബെല്ലും. 5 മിനിറ്റ് ആകുമ്പോൾ ഫൈനൽ ബെല്ലും നല്കുന്നതാണ്.

**2. സംഗീതം (മാതൃവേദി, പിതൃവേദി)**

(❖ 45 ഉം 45 വയസ്സിനു താഴെയും ❖ 45 വയസ്സിനു മുകളിലും)

സമയം - 5 മിനിറ്റ്. സ്ക്രിപ്റ്റ് സിശ്ചിതഫോറത്തിൽ ലിസ്റ്റിനോടൊപ്പം നല്കേണ്ടതാണ്. മലയാളക്രിസ്തീയ ഗാനങ്ങൾ മാത്രമേ ആലപിക്കാവൂ. ക്ലാസിക്കൽ ഗാനങ്ങൾ അനുവദിക്കുന്നതല്ല. സ്വരങ്ങൾ പാടില്ല.

**3. സംയുക്ത ആന്തം (മാതൃവേദി, പിതൃവേദി സംയുക്തമായി)**

ടീമിലെ അംഗസംഖ്യ 5 ആയിരിക്കണം. അതിൽ കൂടുവാനോ കുറയുവാനോ പാടില്ല. ടീമിൽ ഓരോ സംഘടനയിൽ നിന്ന് കുറഞ്ഞത് 2 പേരെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. വേഷവിധാനത്തിനും ശാരീരിക നിലപാടിനും 10% മാർക്ക് ലഭിക്കുന്നതാണ്. ജയ് ജയ് മാതൃജ്യോതിസ് എന്നത് മാതൃവേദി എന്ന് പാടേണ്ടതാണ്. പാർട്സ് ഒഴിവാക്കേണ്ടതാണ്. (സെക്കൻസ്)

**4. സംഘഗാനം (മാതൃവേദി, പിതൃവേദി സംയുക്തമായി)**

ടീമിലെ അംഗസംഖ്യ 5 പേരിൽ കുറയുവാനോ 7 പേരിൽ കൂടാനോ പാടില്ല. ടീമിൽ ഓരോ സംഘടനയിൽ നിന്ന് കുറഞ്ഞത് 2 പേരെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ക്രിസ്തീയ മലയാള ഭക്തിഗാനമാണ് ആലപിക്കേണ്ടത്. ശാരീരിക നിലപാടിനും വേഷവിധാനത്തിലും 10% മാർക്ക് നല്കുന്നതാണ്. സംഗീതോപകരണങ്ങൾ പാടില്ല. സമയം 7 മിനിട്ട്. സ്ക്രിപ്റ്റ് നല്കേണ്ടതാണ്.

**5. മാർഗ്ഗംകളി (മാതൃവേദി)**

സമയം - 7 മിനിറ്റ്. ഏതു ഭാഗമെന്നു ലിസ്റ്റിൽ രേഖപ്പെടുത്തണം. വന്ദനഗാനം നിർബന്ധമായും ഉണ്ടായിരിക്കണം. മാർഗ്ഗംകളിപാട്ടിന്റെ പ്രതിപാദ്യം മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രേക്ഷിതത്വമാണ്. ടെക്സ്റ്റിൽ നിന്നുള്ള ഏതെങ്കിലും ഭാഗമേ മത്സരത്തിന് ഉപയോഗിക്കുവാൻ പാടുള്ളൂ. രംഗപൂജ പാടില്ല. മത്സരത്തിൽ വന്ദനഗാനത്തിനു പുറമേ 3 പാദങ്ങൾ മാത്രമേ തന്നിരിക്കുന്ന സമയത്തിനുള്ളിൽ അവതരിപ്പിക്കാവൂ. ഏതൊക്കെ പാദങ്ങൾ അവതരിപ്പിക്കുന്നതെന്ന് കൃത്യമായി രേഖപ്പെടുത്തണം, അവ ക്രമപ്രകാരം അവതരിപ്പിക്കുവാൻ ശ്രദ്ധിക്കണം. മാർഗ്ഗംകളി സംഘത്തിൽ പാട്ടുകാർ ഉൾപ്പെടെ 10 പേരിൽ കവിയാൻ പാടില്ല. ഒരു പാട്ടുകാരി ഉൾപ്പെടെ ചുരുങ്ങിയത് ഏഴുപേരെങ്കിലും ഉണ്ടായിരിക്കണം. ആട്ടക്കാർ ആറുപേരിൽ കുറയുകയോ 8 പേരിൽ കൂടുകയോ അരുത്. അംഗീകൃതമായ ഗാനരീതിയും നൃത്തവിന്യാസവും വേഷവിധാനവും

അനുസരിച്ചാണ് കളിക്കേണ്ടത്. നിലവിളക്ക് കേന്ദ്രത്തിൽനിന്നും നൽകുന്നതാണ്. വാളും പരിചയും ഉപയോഗിച്ചുള്ള പരിചമുട്ടുകളി മാർഗ്ഗംകളിയിൽ ഉൾപ്പെടുത്താൻ പാടില്ല താളം ക്രമീകരിക്കുന്നതിനു കുഴിത്താളം (ചെറിയ ഇലത്താളം) അല്ലാതെ മറ്റു വാദ്യോപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല. ഈ നിബന്ധകൾ ഒഴിച്ച് ചുവട്, ചലനം, വേഷം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ 'ഹാദൂസാ' ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള 'മാർഗ്ഗംകളി ആട്ടപ്രകാരം' എന്ന ഗ്രന്ഥം കാണുക.

**6. കോൽകളി (പിതൃവേദി)**

സമയം - 7 മിനിറ്റ്, സിഡി ഉപയോഗിക്കാൻ പാടില്ല. രംഗത്ത് കളിക്കാർ കുറഞ്ഞത് 6 പേർ ഉണ്ടായിരിക്കണം; 8 പേരിൽ കവിയാനും പാടില്ല. കളിക്കുന്നവർക്ക് വേണമെങ്കിൽ പാടി കളിക്കാം. കളിക്കുന്നവരെ കൂടാതെ 2 പാട്ടുകാരെക്കൂടി ടീമിൽ ഉൾപ്പെടുത്തുന്നതിൽ കുഴപ്പമില്ല.

**7. സ്കിറ്റ് (മാതൃവേദി, പിതൃവേദി സംയുക്തമായി)**

സമയം -20 മിനിറ്റ് * വിഷയം - പഞ്ചഗ്രന്ഥിയിൽ നിന്നുള്ള കഥകൾ * അഭിനയിക്കുന്നവർ 10 പേരിൽ കവിയരുത് അഭിനയം 60%, ആശയാവതരണം 40%. * സ്റ്റേജ് സെറ്റിങ്ങ്സ്, മേക്കപ്പ് ഇവ ഉണ്ടാകാൻ പാടില്ല, ഉണ്ടായാൽ അയോഗ്യതയായി കണക്കാക്കുന്നതാണ്. ക്രമീകരണത്തിന് 5 മിനിറ്റ് സമയം അനുവദിക്കുന്നതാണ്. പിന്നണി 3 പേരിൽ കൂടാൻ പാടില്ല. അവർ മാതൃവേദി, പിതൃവേദി അംഗങ്ങളായിരിക്കണം. * മ്യൂസിക്ക് റെക്കോർഡ് ചെയ്തോ, മാനുവലായോ ഉപയോഗിക്കാവുന്നതാണ്. എന്നാൽ സംഭാഷണം റെക്കോർഡ് ചെയ്ത് ഉപയോഗിക്കാൻ പാടില്ല. * അഭിനേതാക്കളുടെ വസ്ത്രധാരണത്തിലെ ഏകീകൃത രൂപം അഭികാമ്യമാണ്. ജുബ്ബ, ചുരിദാർ, റിബൺ, ഷാൾ എന്നിവ ഉപയോഗിക്കാവുന്നതാണ് മറ്റ് വസ്ത്രങ്ങൾ ഉപയോഗിക്കാൻ പാടില്ല. മാതൃവേദി, പിതൃവേദി സംഘടനകളിൽ നിന്ന് ഒരാളെങ്കിലും ഉണ്ടായിരിക്കും.

**മത്സരങ്ങൾ - പൊതു നിർദ്ദേശങ്ങൾ**

1. രചനാ മത്സരങ്ങൾ ഒഴിച്ച് ഒരു വ്യക്തിക്ക് 4 ഇനത്തിൽ മാത്രമേ പങ്കെടുക്കാനാവൂ.
2. മത്സരാത്ഥികൾക്ക് അംഗത്വകാർഡുണ്ടായിരിക്കേണ്ടതാണ്. ആഗസ്റ്റ് 31-ാം തീയതി വരെ അംഗത്വ കാർഡ് അതിരൂപതാ ഓഫീസിൽ നിന്ന് ലഭിക്കുകയുള്ളൂ.
3. സംയുക്ത ആന്തം, സംഘഗാനം, സ്കിറ്റ് എന്നീ മത്സരങ്ങളുടെ പോയിന്റ് പിതൃവേദിക്കും മാതൃവേദിക്കും തുല്യമായി വീതിച്ചു നൽകുന്നതാണ്.
4. അതിരൂപതാ മത്സരത്തിന് ഗ്രൂപ്പ് ഐറ്റത്തിന് 50 രൂപായും സിംഗിൾ ഐറ്റത്തിന് 25 രൂപായും രജിസ്ട്രേഷൻ ഫീസ് നൽകേണ്ടതാണ്.
5. മത്സരങ്ങളിലൊന്നിലും തന്നെ അതിരൂപതാ ഭാരവാഹികളും, ഫൊറോന പ്രസിഡന്റുമാരും പങ്കെടുക്കാൻ പാടുള്ളതല്ല.

6. പല മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ അക്കാര്യം ബന്ധപ്പെട്ട സ്റ്റേജ് മാനേജർമാരെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
7. ഓവറോൾ നിശ്ചയിക്കുന്നത് സ്ഥാനങ്ങൾക്ക് കിട്ടിയ പോയിന്റുകൾ കൂട്ടി യായിരിക്കും. ഗ്രേഡിന് പോയിന്റ് ഉണ്ടായിരിക്കുന്നതല്ല.

**ആഗസ്റ്റ് മാസത്തിൽ നടന്ന പ്രോഗ്രാം**

ആഗസ്റ്റ്

1 ഫൊറോനാ ഡയറക്ടർമാരുടെ സമ്മേളനം, പ്രോലൈഫ് കോ-ഓർഡിനേറ്റേഴ്സ് മീറ്റ്

6 പ്രോലൈഫ് എക്സിബിഷൻ-മുട്ടാർ സെന്റ് തോമസ്, പുല്ലങ്ങടി-മാതൃപിതൃ സംഗമം, ചമ്പക്കുളം സാക്ഷ്യപേടകത്തോടനുബന്ധിച്ച് മാധ്യമാവബോധ സെമിനാർ, മണ്ണഞ്ചേരി സെന്റ് മേരീസ് ക്ലാസ്സ്.

11 തൃക്കൊടിത്താനം ഫൊറോനാ യൂദീത്ത് ഫോറം കൺവെൻഷൻ ഫാത്തിമാപുരത്ത്.

12 'മെൽത്തോഫെസ്റ്റ്' കാവുകാട്ട് പിതാവിനെക്കുറിച്ചുള്ള ക്വിസ് മത്സരം മാതൃ-പിതൃവേദി അംഗങ്ങൾക്ക് ചങ്ങനാശേരി കത്തീഡ്രൽ ഹാളിൽ നടന്നു. പ്രോ-ലൈഫ് എക്സിബിഷൻ-വായ്പൂര് ന്യൂ.

13 കൊടുപ്പുന്ന പള്ളിയിൽ മാതൃപിതൃ സംഗമം, കൽത്തൊട്ടി സെന്റ് മേരീസ് ക്ലാസ്സ്

15 മുഹമ്മ സെന്റ് ജോർജ്ജ്-ക്ലാസ്സ്

16 അതിരമ്പുഴ സെന്റ് മേരീസ്-ക്ലാസ്സ്.

18 പള്ളിക്കൂട്ടുമ്മയിൽ മാതൃപിതൃ സംഗമം

17 ചങ്ങനാശ്ശേരി കത്തീഡ്രൽ-പ്രോലൈഫ് നേതൃസമ്മേളനം

20 അയിരൂർ ഫമീലിയ കുടുംബസംഗമം

23 മാമ്മൂട് വിധവാ സംഗമം, പ്രോലൈഫ് ക്ലാസ്സ് ളായിക്കാട്

25 പ്രോലൈഫ് നേതൃസംഗമം പാറേൽപള്ളിയിൽ

27 സാക്ഷ്യപേടകത്തോടനുബന്ധിച്ച് നടത്തുന്ന 'ഹോം മിഷൻ' പ്രോഗ്രാമിന്റെ ഉദ്ഘാടനം വെട്ടിത്തുരുത്ത് പള്ളിയിൽ, ദമ്പതീധ്യാനം ചെത്തിപ്പുഴ പള്ളിയിൽ, തൃക്കൊടിത്താനം ഫൊറോന നേതൃസംഗമം, കൂരോപ്പട മാതൃപിതൃ സംഗമം

28 മണിമല ഫൊറോന മാതൃസംഗമം കരിമ്പനക്കുളം പള്ളിയിൽ, പുന്നവേലി പള്ളിയിൽ നെടുങ്കുന്നം ഫൊറോന മാതൃസംഗമം

**ജിയന്ന പുണ്യവതിയുടെ തിരുശേഷിപ്പ് പ്രയായണം**

**സെപ്റ്റംബർ**

16-18 മണിമല

18-19 മണിമല ന്യൂ

19-20 കടയനിക്കാട്
21-22 വള്ളഞ്ചിറ
22-23 കോട്ടാങ്ങൽ
23-25 ചുങ്കപ്പാറ
25-26 കുളത്തൂർ
26-27 നിർമ്മലപുരം
27-28 കരിക്കാട്ടൂർ
28-29 കരിമ്പനക്കുളം
29-30 തൃക്കൊടിത്താനം

**ഒക്ടോബർ**

1 തൃക്കൊടിത്താനം
1-2 കൊടിനാട്ടുകുന്ന്
2-3 മുണ്ടുപാലം
3-4 ചാഞ്ഞോടി
4-5 കുന്നന്താനം
5-6 കുന്നന്താനം പ്രൊവിഡൻസ്
6-7 പായിപ്പാട് ലൂർദ്ദ്
7-8 ചെങ്ങന്നൂർ
8-9 തിരുവല്ല മുത്തൂർ
9-10 നാലുകോടി
10-11 ഫാത്തിമാപുരം

സെപ്റ്റംബർ 17 2.30 p.m. ന് പുളിങ്കുന്ന് ഫൊറോന മാതൃവേദി, പിതൃവേദി, പ്രോലൈഫ് ലീഡേഴ്സ് തുടങ്ങിയവരുടെ മീറ്റിംഗ്.

ഒക്ടോബർ 15 2.30 p.m. ന് ചമ്പക്കുളം ഫൊറോന മാതൃവേദി, പിതൃവേദി, പ്രോലൈഫ് ലീഡേഴ്സ് തുടങ്ങിയവരുടെ മീറ്റിംഗ്.


## വിവാഹ ഒരുക്കധ്യാനം

FAMILY APOSTOLATE · ARCHDIOCESE OF CHANGANASSERY

"Change the world from your home"

| 2017 സെപ്റ്റംബർ | 2017 ഒക്ടോബർ | 2017 നവംബർ |
|---|---|---|
| 8,9,10 (Chry) | 2,3,4 (Chry) | 6,7,8 (Zion) |
| 18, 19,20 (Chry) | 9,10,11 (Chry) | 13,14,15 (Zion) |
| 25, 26, 27 (Chry) | 16, 17, 18 (Zion) | 20, 21, 22 (Chry) |
| | 23, 24, 25 (Chry) | |

# മാർത്തോമ്മാ വിദ്യാനികേതൻ

## CONVOCATION 2017

ചങ്ങനാശ്ശേരി അതിരൂപതയിൽ അല്മായർക്കുവേണ്ടി നടത്തപ്പെടുന്ന ഉന്നത ദൈവശാസ്ത്രപഠനകേന്ദ്രമായ മാർത്തോമ്മ വിദ്യാനികേതനിൽ 12, 13, 14 ബാച്ചുകളിലായി വിജയകരമായി പഠനം പൂർത്തിയാക്കിയവർക്കായുള്ള ബിരുദദാനം 2017 സെപ്റ്റംബർ 8 വെള്ളിയാഴ്ച രാവിലെ 9-ന് മാർ കുര്യാളശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടുന്നു.

ബിരുദദാനസമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത, അഭിവന്ദ്യ മാർ ജോസഫ് പൗവത്തിൽ മെത്രാപ്പോലീത്ത, പൗരസ്ത്യ വിദ്യാപീഠം പ്രസിഡന്റ് വെരി. റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, മാർത്തോമ്മാ വിദ്യാനികേതൻ സഹരക്ഷാധികാരി വെരി. റവ. ഡോ. ജെയിംസ് പാലയ്ക്കൽ, മാർത്തോമ്മാ വിദ്യാനികേതൻ ഡീൻ ഓഫ് സ്റ്റഡീസ് റവ. ഡോ. തോമസ് പാടിയത്ത്, ഡയറക്ടർ റവ. ഡോ. ജോസഫ് കൊല്ലാറ, രജിസ്ട്രാർ റവ. സി. ഡോ. പ്രസന്ന CMC എന്നിവർ പങ്കെടുക്കും

**ഡോ. ജോസഫ് കൊല്ലാറ**
ഡയറക്ടർ

### CONVOCATION 2017
### PROGRAMME
### (Friday 9.15 am to 1.30 pm)

| | | | |
|---|---|---|---|
| 09.15 am | Holy Qurbana | : | (Office for the departed Alumni) |
| 10.25 am | Paryer | | |
| 10.30 am | Welcome Speech | : | Rev. Dr Joseph Kollara (Director) |
| 10.40 am | Report | : | Rev. Sr Dr Prasamma CMC, Registrar |
| 10.45 am | Inaugural Address | : | **His Grace Mar Joseph Perumthottam** |
| 10.55 am | Bendirecctory Address | : | **His Grace Mar Joseph Powathil** |
| 11.05 am | Honoring Senior Alumni Members | : | **His Grace Mar Joseph Perumthottam** |
| 11.15 am | Convocation Address | : | Rev. Dr Andrews Mekkattukunnel (President, Paurasta Vidyapitham, Kottayam) |
| 11.25 am | Presidential Address | : | V. Rev. Dr James Palackal, Syncellus (Co-Patron) |
| 11.30 am | Solo | | |
| 11.35 am | Felicitation | : | Rev. Dr Thomas Padiyath (Dean of Studies) |
| 11.40 am | Awarding Degrees | : | MA (RSc), Ba (RSc), Diploma, Correspondence |
| 12.10 pm | Prize Distribution | : | His Grace Mar Joseph Perumthottam |
| 12.20 pm | Replay of Degree Holders | : | (3 Representatives) |
| 12.35 pm | Vote of Thankas | : | MA (RSc) Representative |
| 12.40 pm | Directory Distribution | | |
| 12.50 pm | Papal Anthem | | |
| 01.00 pm | Agape | | |

# യുവദീപ്തി–എസ്.എം.വൈ.എം.

## കൊല്ലം ഫൊറോന പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ്

കൊല്ലം ഫൊറോനയുടെ 2017 വർഷത്തിലെ പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ് പുനലൂർ എസ്.എച്ച് ഇടവകയിൽ ആഗസ്റ്റ് 11,12,13 തീയതികളിൽ നടത്തി. ഫൊറോനയുടെ ഡെപ്യൂട്ടി പ്രസിഡന്റ് ആൻസ് ഇന്തുംകുഴിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഫൊറോനാ ഡയറക്ടർ ഫാ. ജെയിംസ് കൊക്കാവയലിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫെമി മരിയ ഫെലിക്സ്, ജുബിൻ ഡേവിഡ്, അതിരൂപതാ ആനിമേറ്റർ സി. സെലിൻ ജോസ് SD, ഫൊറോന ആനിമേറ്റർ സി. സെലിൻ, എമിൽ അലക്സാണ്ടർ, ബ്രദർ റ്റോണി കരിക്കണ്ടം എന്നിവർ പ്രസംഗിച്ചു. 126 യുവജനങ്ങൾ പങ്കെടുത്ത ഫൊറോനാ ക്യാമ്പിൽ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ക്ലാസ്സ് നയിച്ചു. കൂടാതെ ജിൻസ് പാറയ്ക്കൽ, ജോസഫ് ആന്റണി, ലാലിച്ചൻ മറ്റത്തിൽ എന്നിവരും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫൊറോനാ വികാരി വെരി റവ. ഫാ. അനിൽ കരിപ്പിങ്ങാംപുറം അനുഗ്രഹ പ്രഭാഷണം നടത്തി. ജോജി ഫ്രാൻസിസ് ക്യാമ്പ് ചീഫായി പ്രവർത്തിച്ചു.

## കുടമാളൂർ ഫൊറോനാ

കുടമാളൂർ ഫൊറോനാ ക്യാമ്പ് ജൂലൈ 28, 29, 30 തീയതികളിൽ അടിച്ചിറ പരിത്രാണ ധ്യാനകേന്ദ്രത്തിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് വിബിൻ ചിറവാലയിലച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഫാ. അഗസ്റ്റിൻ വി.സി. ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജോംസി പൂവത്തോലിൽ ആമുഖ പ്രസംഗം നടത്തി. അതിരൂപതാ ആനിമേറ്റർ സി. സെലിൻ ജോസ് എസ്.ഡി., ഫൊറോനാ ആനിമേറ്റർ സി. ലിസിൻ ജേക്കബ് എസ്.എച്ച്., അതിരൂപതാ പ്രസിഡന്റ് നിധിൻ ജോസഫ്, ട്രഷറർ മിഥുൻ പി. എം., ബിൽവി ജേക്കബ് എന്നിവർ പ്രസംഗിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറ, അഡ്വ. ബെന്നി കുര്യൻ, ഷിജോ കണമല, ലാലിച്ചൻ മറ്റത്തിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ജോജി ഫ്രാൻസിസ്, ബ്രദർ ടോണി കരിക്കണ്ടം, മെബിൻ പൗലോസ്, ജിഷ ഷാജി, എബിൻ തോമസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## പുളിങ്കുന്ന് ഫൊറോനാ ക്യാമ്പ് - കാനാ തുരുത്തി

പുളിങ്കുന്ന് ഫൊറോനയുടെ 2017 പ്രവർത്തനവർഷത്തെ പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ് തുരുത്തി കാനായിൽ ഓഗസ്റ്റ് 18, 19, 20 തീയതികളിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് അജയ് സജീവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് കാനാ ഡയറക്ടർ റവ. ഡോ. തോമസ് കൊച്ചുതറ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജെന്നി കായംകുളത്തുശ്ശേ

രി, ഫൊ. ആനിമേറ്റർ സി. ജയ്സിലി സി.എം.സി., അതിരൂപതാ പ്രസിഡന്റ് നിധിൻ ജോസഫ്, സി. സെലിൻ ജോസ് എസ്.ഡി., അജിത് ചെറിയാൻ, ജിൻസി ജെയിംസ് എന്നിവർ പ്രസംഗിച്ചു. അഡ്വ. ബെന്നി കുര്യൻ, ഷിജോ കണിമല, ലാലിച്ചൻ മറ്റത്തിൽ, ഫാ. ലൈജു കണിച്ചേരി എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബ്രദർ ടോണി കരിക്കണ്ടം, ജോജി ഫ്രാൻസിസ് എന്നിവർ ക്യാമ്പ് ചീഫുമാരായിരുന്നു. സോനു മാത്യു, കെവിൻ സെബാസ്റ്റ്യൻ, എബി ആന്റണി, എബിൻ റ്റി. ജോസഫ്, ക്രിസ്റ്റി മേരി ആന്റണി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**കൂരോപ്പടയിൽ 'അഞ്ചാന'- സാഹാഹാന യുവജന സംഗമം നടത്തി**

കൂരോപ്പട ഹോളിക്രോസ് യൂണിറ്റിൽ ആഗസ്റ്റ് 1-ന് 'അബാന' സായാഹ്ന യുവജന സംഗമം സംഘടിപ്പിച്ചു. ഫാ. അഗസ്റ്റിൻ പൊങ്ങനാംതടം സംഗമം ഉദ്ഘാടനം ചെയ്തു. ഡോ. പി.സി. അനിയൻകുഞ്ഞ്, ഫാ. ജേക്കബ് ചക്കാത്ര, ലാലിച്ചൻ മറ്റത്തിൽ, ബ്രദർ ടോണി കരിക്കണ്ടം എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഇടവകയിലെ മുഴുവൻ യുവജനങ്ങളും സംഗമത്തിൽ പങ്കെടുത്തു.

**ഹോളിഫാമിലി-പൊടിപ്പാറ: വീൽചെയർ, വോക്കർ, വോക്കിംഗ് സ്റ്റിക്ക് വിതരണം ചെയ്തു**

പൊടിപ്പാറ ഹോളിഫാമിലി യുവദീപ്തി-എസ്സ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ വികലാംഗരായ ആളുകൾക്കും, രോഗികൾക്കുവേണ്ടി റെയിൽവേ സ്റ്റേഷൻ ഉൾപ്പെടെ ചങ്ങനാശേരിയുടെ വിവിധ ഭാഗങ്ങളിലെ സ്ഥാപനങ്ങളിൽ, വീൽചെയർ, വോക്കർ, വോക്കിംഗ് സ്റ്റിക്ക് മുതലായ സംഭാവന ചെയ്തു. എല്ലാ മാസവും രണ്ടാം ശനിയാഴ്ചകളിൽ തെരുവിൽ അലഞ്ഞുനടക്കുന്നവർക്കുവേണ്ടി "സ്നേഹസ്പർശം" എന്ന പേരിൽ ഭക്ഷണപ്പൊതി വിതരണം ചെയ്തുവരുന്നു.

**സ്വാതന്ത്ര്യദിനാഘോഷം യുണിറ്റുകളിൽ**

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോഹണത്തിരുനാളും, ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷവും യുവദീപ്തി യൂണിറ്റുകളിൽ വിവിധ പരിപാടികളോടെ നടത്തി. വിശുദ്ധ കുർബാനയ്ക്കുശേഷം പതാക ഉയർത്തൽ കർമ്മം നിർവ്വഹിച്ചു. തുടർന്ന് ക്ലാസ്സുകൾ, ചർച്ചകൾ, ഡിബേറ്റുകൾ, പാനൽ ചർച്ചകൾ, സമ്മേളനങ്ങൾ എന്നിവയെല്ലാം സംഘടിപ്പിച്ചു.

**ഫാ. ജേക്കബ് ചക്കാത്ര**
**ഡയറക്ടർ**

# ആത്മതാകേന്ദ്രം

**ആസക്തി രോഗത്തിന് ഹോമിയോപതിക് ചികിത്സ**

ആത്മതാ കേന്ദ്രത്തിന്റെയും ചങ്ങനാശ്ശേരി മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ആശുപത്രിയുടെയും സഹകരണത്തോടെ എല്ലാ വെള്ളിയാഴ്ചകളിലും ആത്മതാ കേന്ദ്രത്തിലും, ഇരവുചിറ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ എല്ലാ ചൊവ്വാഴ്ചകളിലും, ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാകേന്ദ്രത്തിലും, ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയുടെ സഹകരണത്തൊടെ എല്ലാ ചൊവ്വാഴ്ചകളിലും തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും, നെടുംങ്കുന്നം മദതെരേസാ ഹോമിന്റെ സഹകരണത്തോടെ നെടുങ്കുന്നം ആതുരാശ്രമത്തിലും, അതിരമ്പുഴ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ അതിരമ്പുഴ പള്ളി ഹാളിൽ എല്ലാ വ്യാഴാഴ്ചയും, മുണ്ടുപാലം സെന്റ് മേരീസ്പള്ളിയുടെ സഹകരണത്തോടെ മുണ്ടുപാലം പള്ളിയുടെ വചനവിസ്മയ ഹാളിൽ എല്ലാ വെള്ളിയാഴ്ചയും, മണിമല ഹോളിഫാമിലി പള്ളിയുടെ സഹകരണത്തോടെ മണിമല പ്രിൻസ് ഹോമിയോപ്പതി ക്ലിനിക്കിൽ എല്ലാ രണ്ടും നാലും ശനിയാഴ്ചയും മദ്യമയക്കുമരുന്നുകൾക്കെതിരായി ഹോമിയോ ചികിത്സ നടത്തി വരുന്നു.

**ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ**

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ്<br>ഡോ. ധന്യ പ്രിൻസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS<br>ഡോ. ഹരികുമാർ<br>ഡോ. ഷമീനാ |
| നെടുങ്കുന്നം ആതുരാശ്രമം ഹോമിയോ ക്ലീനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12.30 വരെ എല്ലാ വെള്ളിയാഴ്ചയും | ഡോ. സി.ഡി. തോമസ്<br>ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. എസ്സ്.ജി. ബിജു<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| മുണ്ടുപാലം സെന്റ് മേരീസ് പള്ളി | എല്ലാ വെള്ളിയാഴ്ചയും 3 മുതൽ 4.30 വരെ | ഡോ. ധന്യ പ്രിൻസ് |

| | | |
|---|---|---|
| മണിമല പ്രിൻസ് ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലീനിക്ക് | എല്ലാ രണ്ടും നാലും ശനി 2 മുതൽ 4 വരെ | ഡോ. സി.ജെ. ജോസഫ് ഡോ. ജെയിംസ് ജോസഫ് |
| അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ പള്ളി | എല്ലാ വ്യാഴാഴ്ചയും 10.30 മുതൽ 12.30 വരെ | ഡോ. ഗീതാ ബാലകൃഷ്ണൻ |

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി**

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിലെ നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷക ആഹാരത്തിനുമായി സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ സമ്മേളനം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. സമ്മേളനത്തിൽ കുട്ടികൾക്ക് 82150/- രൂപയും ന്യൂട്രീഷൻ കിറ്റു വിതരണവും നടത്തി.

**ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം**

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്കും അവരുടെ കുടുംബത്തിനും മദ്യമയക്കുമരുന്നുകളുടെ പിടിയിൽ നിന്ന് വിമോചനത്തിന്റെ പാതയിലേയ്ക്ക് നയിക്കുന്ന **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം** സെപ്റ്റംബർ 21 മുതൽ സെപ്റ്റംബർ 24 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് ഫാ. തോമസ് കൊച്ചുപ്ലേച്ചംകളത്തിന്റെ നേതൃത്വത്തിൽ **സൗജന്യമായി** നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. അഡ്രസ്സും, ഫോൺ നമ്പരും താഴെ ചേർക്കുന്നു. **പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല, 0469 2693413, 2690414, 9495193406.**

**ആൽക്കഹോളിക്ക് അനോനിമസ് സമ്മേളനം**

മദ്യമയക്കുമരുന്നുകളുടെ ഉപയോഗത്തിൽനിന്നും വിമുക്തർക്കും, വിമുക്തി ആഗ്രഹിക്കുന്നവർക്കുംവേണ്ടി എ.എ. പ്രാർത്ഥന എല്ലാ ചൊവ്വാഴ്ചകളിലും വൈകുന്നേരം 7 മുതൽ 8.30 വരെ പാസ്റ്ററൽ സെന്ററിൽ നടത്തുന്നു.

**ഫാ. തോമസ് താന്നിയത്ത്**

ഡയറക്ടർ

---

NB: ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ: **0481 2411819 / 8921505386.**

# ചാസ്സ്

ബഹു. അച്ചാ/സുഹൃത്തേ,

**തിരുവോണാശംസകൾ !!!**

സമൃദ്ധിയുടെയും സമത്വത്തിന്റെയും കൂട്ടായ്മയുടെയും ഉത്സവമാണല്ലോ തിരുവോണം. വിഭാഗീയതകളില്ലാതെ ഏതൊരു മലയാളിയും ഓണം ആഘോഷിക്കുന്നുണ്ട്. മലയാളികളുടെ സ്വത്വത്തിന്റെ പ്രകാശനം കൂടിയാണിത്. പരസ്പര വിശ്വാസത്തിൽ ഒരു സമൂഹമായി സമാധാനത്തോടെ ജീവിക്കാനാകുമ്പോഴാണ് നമ്മുടെ ചിന്തയിലും സ്വപ്നത്തിലുമുള്ള സമത്വസുന്ദരമായ നാട് യാഥാർത്ഥ്യമാകുന്നത്. സമൃദ്ധി ധാരാളിത്തമോ ധൂർത്തോ അല്ല; മറിച്ച് അവകാശപ്പെട്ട വിഭവങ്ങൾ എല്ലാവർക്കുമായി പങ്കുവയ്ക്കപ്പെടുന്നതാണ്. അഴിമതിയും, ചൂഷണവും, വർഗീയതയും, രാഷ്ട്രീയപടലപിണക്കങ്ങളും, ജാതിചിന്തയും ഭൂതത്തെപ്പോലെ ആവേശിച്ചിരിക്കുന്ന ഒരു സമൂഹമായി കേരള ജനത മാറിപ്പോയി എന്ന് പരിതപിക്കുന്നവരേറെയുണ്ടിന്ന്. അവരുടെ ആശങ്ക അടിസ്ഥാനരഹിതമല്ലതാനും. കർക്കിടകത്തിന്റെ ഇരുളിമയിൽനിന്ന് ചിങ്ങത്തിന്റെ പ്രസന്നതയിലേയ്ക്ക് പ്രകൃതി മാറുന്നതുപോലെ കേരളസമൂഹം നല്ല നാളെയിലേക്ക് ഉദിച്ചുയരുമെന്ന് നമുക്ക് പ്രത്യാശിക്കാം. അതിനായി നമുക്ക് കൈകോർക്കാം. ഇത്തരം നീക്കങ്ങൾ ഈ കാലയളവിൽ സംഘടിപ്പിക്കപ്പെടുന്ന വിവിധസംഗമങ്ങളിൽ ഉണ്ടാകണം.

മേഖലാ PME കൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. നമ്മുടെ ഓരോ യൂണിറ്റിന്റെയും കഴിഞ്ഞ 4 മാസക്കാലത്തെ പ്രവർത്തനങ്ങളുടെ അവലോകനത്തിന്റെ വെളിച്ചത്തിൽ ഭാവി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ചർച്ചകൾ PME യിലുണ്ടാകണം. ബന്ധപ്പെട്ടവരുടെയെല്ലാം സാന്നിദ്ധ്യമുണ്ടാവുകയും വേണം. യൂണിറ്റുകളുടെ സ്ഥിതി വിവരക്കണക്കുകൾ കൊണ്ടുവരണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഒരിക്കൽകൂടി ഏവർക്കും തിരുവോണാശംസകൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
**ഫാ. ജേക്കബ് കുഴിപ്പള്ളിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## അറിയിപ്പ്

• **മേഖലാ PME**

| **തീയതി** | **മേഖല** |
|---|---|
| 01.09.2017 | ആലപ്പുഴ |
| ,, | കുട്ടനാട് |

| | |
|---|---|
| 07.09.2017 | കുടമാളൂർ |
| 12.09.2017 | അതിരമ്പുഴ |

• **ACCEPT IRCA വാർഷികം**

ചമ്പക്കുളം ACCEPT IRCA വാർഷികവും മദ്യവിമുക്തരായവരുടെ സംഗമവും സെപ്റ്റംബർ 10 ഞായറാഴ്ച രാവിലെ 10 മണിമുതൽ വൈകുന്നേരം 4 വരെ നടത്തപ്പെടും

• **സെപ്റ്റംബർ മാസത്തെ യൂണിറ്റ് പരിപാടികൾ**

| തീയതി | മേഖല | യൂണിറ്റ് | പരിപാടി |
|---|---|---|---|
| 01.09.2017 | ചങ്ങനാശ്ശേരി | പാറേൽ | കാർഷികപ്രദർശനം |
| 02.09.2017 | ചങ്ങനാശ്ശേരി | പാറേൽ | മഹിളാസമാജം ഉത്ഘാടനം |
| ” | തൃക്കൊടിത്താനം | തൃക്കൊടിത്താനം | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റ് |
| ” | കോട്ടയം | കൂരോപ്പട | ഫാർമേഴ്സ് മീറ്റിംഗ് |
| ” | അതിരമ്പുഴ | തെള്ളകം | ലീഡേഴ്സ് മീറ്റിംഗ്, SAFP വിസിറ്റ് |
| 09.09.2017 | അതിരമ്പുഴ | ഏറ്റുമാനൂർ | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| ” | ആലപ്പുഴ | പള്ളാത്തുരുത്തി | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 10.09.2017 | കുട്ടനാട് | കൈനകരി | ” |
| 11.09.2017 | കോട്ടയം | കൂരോപ്പട | ലീഡേഴ്സ് മീറ്റിംഗ്, CBR വിസിറ്റ് |
| 30.09.2017 | കോട്ടയം | അയർക്കുന്നം | യൂണിറ്റ് വാർഷികം |
| 01.10.2017 | അതിരമ്പുഴ | നാൽപ്പാത്തിമല | വാർഷികം |

• **സ്വാശ്രയ സംഘസംഗമം**

| തീയതി | മേഖല | യൂണിറ്റ് |
|---|---|---|
| 01.09.2017 | എടത്വാ | ചങ്ങങ്കരി |
| 02.09.2017 | ചങ്ങനാശ്ശേരി | പുഴവാത്, കിടങ്ങറ |
| ” | കുറുമ്പനാടം | ഇരവുചിറ |
| 05.09.2017 | എടത്വാ | പുതുക്കരി |
| 09.09.2017 | എടത്വാ | എടത്വാ |
| ” | ആലപ്പുഴ | പുറക്കാട് |
| 11.09.2017 | എടത്വാ | കോയിൽമുക്ക് |
| ” | തുരുത്തി | ഈര |
| 12.09.2017 | അതിരമ്പുഴ | ഏറ്റുമാനൂർ |
| ” | എടത്വാ | പച്ച-ചെക്കിടിക്കാട് |
| ” | ആലപ്പുഴ | പഴവങ്ങാടി |
| 14.09.2017 | ചങ്ങനാശ്ശേരി | പറാൽ, വെട്ടിത്തുരുത്ത് |
| ” | എടത്വാ | മരിയാപുരം |

| | | |
|---|---|---|
| 15.09.2017 | ചങ്ങനാശ്ശേരി | കത്തീഡ്രൽ |
| ” | കോട്ടയം | കൂരോപ്പട |
| 16.09.2017 | കോട്ടയം | വടവാതൂർ |
| ” | എടത്വാ | മുട്ടാർ ഓൾഡ് |
| ” | ആലപ്പുഴ | മുഹമ്മ |
| 18.09.2017 | അതിരമ്പുഴ | കോട്ടയ്ക്കപ്പുറം |
| 19.09.2017 | ചങ്ങനാശ്ശേരി | പാറേക്കടവ് |
| 21.09.2017 | കുറുമ്പനാടം | മാന്നില |
| ” | എടത്വാ | തായങ്കരി |
| 23.09.2017 | അതിരമ്പുഴ | പള്ളിക്കുന്ന് |
| ” | ” | നാൽപ്പാത്തിമല |
| ” | ആലപ്പുഴ | പുന്നപ്ര |
| 30.09.2017 | ആലപ്പുഴ | പാദുവാപുരം |
| 01.10.2017 | അതിരമ്പുഴ | നാൽപ്പാത്തിമല |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2017 ആഗസ്റ്റ് മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 331. വി. ജെ. ജോസഫ് | ശ്രേയസ് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 332. റ്റി. ഐ. അബ്രഹാം | എയ്ഞ്ചൽ | ചേപ്പുംപാറ | കോട്ടയം |
| 333. കെ.ജെ. ജോസഫ് | സ്നേഹധാര | കേളമംഗലം | എടത്വാ |

### (2) മ്യൂച്ചൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 110. അന്നമ്മ ജോസഫ് വിളഞ്ഞൂത്തറ | പാറേൽ | ചങ്ങനാശ്ശേരി |
| 111. ഓമന ഫ്രാൻസിസ് കൊച്ചുപുരയ്ക്കൽ | ആറാട്ടുവഴി | ആലപ്പുഴ |
| 112. ബിനോയ് എം.എം. മേനാച്ചേരി | ഏറ്റുമാനൂർ | അതിരമ്പുഴ |
| 113. അഗസ്റ്റിൻ തയ്യിൽ | ഏറ്റുമാനൂർ | ” |
| 114. സണ്ണി സി.ജെ. ചാഞ്ഞപ്ലാക്കൽ | ചേപ്പുംപാറ | ” |
| 115. മാണി റ്റി.ഡി. തോപ്പിൽ | ചെറുവാണ്ടൂർ | ” |
| 116. നോബിൾ | മുടിയൂർക്കര | കുടമാളൂർ |

117. കെ.എം. ജോർജ്ജ് കൊച്ചുകളം മാടപ്പള്ളി കുറുമ്പനാടം

• **ചികിത്സാസഹായം**

| **പേര്** | **യൂണിറ്റ്** | **മേഖല** |
|---|---|---|
| 40. ജാൻസി ഡേവിഡ് വാഴപ്പള്ളി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |

(3) **ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ **2017 ആഗസ്റ്റ് മാസം 5** കുടുംബങ്ങൾക്ക് ചികിത്സാചെലവായി **19,791/-** രൂപ അനുവദിച്ചു.

| **പേര്** | **യൂണിറ്റ്** | **തുക** |
|---|---|---|
| 1. ജോസ് കെ.എ. കൊല്ലശ്ശേരി | കൂത്രപ്പള്ളി | 1570 |
| 2. അന്നമ്മ തോമസ്, കൊരിക്കൊമ്പിൽ | ഏറ്റുമാനൂർ | 6174 |
| 3. ജോജോ കുര്യാക്കോസ്, പാറത്തറ | കുരിശുംമൂട് | 4831 |
| 4. ചാക്കോ തോമസ്, മുക്കാട്ട് | പനയമ്പാല | 2250 |
| 5. മേരിക്കുട്ടി മാത്യു, മഠത്തിപറമ്പിൽ | മാമ്മൂട് | 4966 |

## കേന്ദ്രവാർത്തകൾ

### CBR സംഗമം

റിഹാസ്വിസിന്റെ സഹായത്തോടെ ഭിന്നശേഷിയുള്ളവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി നല്കുന്ന പലിശരഹിത വായ്പാ പദ്ധതിയിലെ തൃക്കൊടിത്താനം മേഖലയിലെ ഗുണഭോക്താക്കളുടെ സംഗമം ആഗസ്റ്റ് 1 രാവിലെ 10 മണിക്ക് ഫാത്തിമാപുരത്ത് സംഘടിപ്പിച്ചു. 30 ഗുണഭോക്താക്കളും അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്തു. പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി സംരംഭകത്വബോധവത്ക്കരണസെമിനാർ നയിച്ചു.

### ഖാദി ഓണംമേള

ചാസിന്റെ ഖാദി ഷോറൂമുകളിൽ ഓണത്തോടനുബന്ധിച്ച് കേന്ദ്രഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെയും സംസ്ഥാന ഖാദിബോർഡിന്റെയും സഹായത്തോടെ 30% റിബേറ്റ് ഖാദി വസ്ത്രങ്ങൾക്ക് നൽകിക്കൊണ്ട് ആഗസ്ററ് 1 ന് പള്ളിക്കൂട്ടുമ്മ, ചങ്ങനാശ്ശേരി ഷോറൂമുകളിലും ആഗസ്റ്റ 4 ന് കോട്ടയം, മല്ലപ്പള്ളി, തിരുവല്ല ഷോറൂമുകളിലും ഖാദിമേള ആരംഭിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം, മാർ തോമസ് തറയിൽ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ MLA, ശ്രീ. സി.എഫ്. തോമസ് MLA, തദ്ദേശസ്വയംഭരണ സ്ഥാപനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു. ചാസ് സ്വാശ്രയസംഘം, ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്ക് 5% കൂടുതൽ റിബേറ്റ് നൽകുന്നുണ്ട്.

### ലഹരിവിരുദ്ധ ബോധവത്ക്കരണം

പെരുന്ന NSS ബോയ്സ് ഹൈസ്ക്കൂൾ, P.T.A. അംഗങ്ങൾക്ക് ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാർ ആഗസ്റ്റ് 4 ന് സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജേക്കബ് കുഴിപ്പള്ളിൽ ക്ലാസ് നയിച്ചു.

## ചാസ് ഹരിത നാട്ടുചന്ത-കുടമാളൂർ

ഇടനിലക്കാരുടെ ചൂഷണമില്ലാതെ ഉപഭോക്താക്കൾക്ക് കാർഷിക വിളകൾ ലഭ്യമാക്കുന്നതിനും കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായമായവില ഉറപ്പാക്കുന്നതിനുമായി കുടമാളൂർ മേഖലയിൽ ചാസ് 'ഹരിതാ നാട്ടുചന്ത' പ്രവർത്തനം ആരംഭിച്ചു. ആഗസ്റ്റ് 17 വ്യാഴം രാവിലെ 11 ന് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം നാട്ടുചന്ത ഉദ്ഘാടനം ചെയ്തു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. ടി.കെ. ജയകുമാറിന് കാർഷിക ഉൽപ്പന്നം കൈമാറി ആദ്യവിൽപ്പന ഉദ്ഘാടനം ചെയ്തു. ചാസ് പ്രസിഡന്റ് ഫാ. ജോസഫ് മുണ്ടകത്തിൽ അദ്ധ്യക്ഷത വഹിച്ചു. എല്ലാ ശനിയാഴ്ചകളിലും മുടിയൂർക്കര SH ലാബിന് സമീപം രാവിലെ 7 മുതൽ കുടമാളൂർ മേഖലാ സമിതിയുടെ മേൽനോട്ടത്തിൽ നാട്ടുചന്ത പ്രവർത്തിക്കുന്നതാണ്.

## കർഷകദിനാചരണവും സിബിആർ ലോൺവിതരണവും

ചാസിന്റെ എല്ലാ മേഖലകളുടെയും സഹകരണത്തോടെ തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് പാരീഷ് ഹാളിൽ ആഗസ്റ്റ് 25 ന് രാവിലെ 10 ന് കർഷക ദിനാചരണം സംഘടിപ്പിച്ചു. ഫൊറോനാ വികാരി വെരി. റവ. ഫാ. വർഗീസ് കാലായിൽ അദ്ധ്യക്ഷതവഹിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സഖറിയാസ് കുതിരവേലി ഉദ്ഘാടനം നിർവഹിച്ചു. മികച്ച കർഷകസംഘങ്ങളായി തെരഞ്ഞെടുക്കപ്പെട്ട '**ഹരിതാ ഫാർമേഴ്സ് ക്ലബ്**' ചെറുപുഷ്പം, ആർപ്പൂക്കര, '**തേജസ്**' പുരുഷ സംഘം ചെറുവാണ്ടൂർ, '**അനുഗ്രഹ**' സ്വാശ്രയസംഘം ചമ്പക്കര, '**ഒരുമ**' സ്വാശ്രയസംഘം മാന്നില, '**കൈരളി**' പുരുഷ സ്വാശ്രയസംഘം കുളത്തൂർ, '**കീർത്തി**' പുരുഷസാശ്രയസംഘം തൃക്കൊടിത്താനം എന്നിവയെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അച്ചാമ്മ മാത്യു കാഷ് അവാർഡ് നൽകി ആദരിച്ചു. ഭിന്നശേഷിക്കാരുടെ സ്വയംതൊഴിൽ പലിശരഹിത വായ്പ, 30 അംഗങ്ങൾക്കായി 6 ലക്ഷം രൂപ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ രാജു വിതരണം ചെയ്തു.

റിട്ട. അഗ്രിക്കൾച്ചർ അസി. ഡയറക്ടർ ശ്രീ. പി.ജെ. ജോസഫ് വരുമാനദായകമായ കപ്പ, വാഴ കൃഷികളെക്കുറിച്ച് സെമിനാർ നയിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, കോട്ടയം ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. സുനിൽ കുമാർ വി. എസ്., അസി. ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, മേഖലാ പ്രസിഡന്റ് ശ്രീ. ജിമ്മിച്ചൻ പടുപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു. കർഷകദിനാചരണത്തോടനുബന്ധിച്ച് സംഘാംഗങ്ങൾക്കായി കപ്പപൊളിക്കൽ മത്സരവും സംഘടിപ്പിച്ചു.

# മേഖലവാർത്തകൾ

## സംഘശാക്തികരണ സംഗമം

ആര്യാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 23 ന് സ്വാശ്രയസംഘശാക്തീകരണ സംഗമം നടത്തി. കുട്ടനാട് മേഖലാ കോ-ഓർഡിനേറ്റർ ബിനു

ജോസഫ് സംഘപ്രവർത്തനങ്ങൾ വിശദീകരിച്ചു. 42 അംഗങ്ങൾ പങ്കെടുത്തു.

**പച്ചക്കറി വിത്ത്‌വിതരണം**

കാവാലം യൂണിറ്റിൽ ജൂലൈ 24 ന് കൃഷിഭവനുമായി സഹകരിച്ച് ഓണത്തിന് ഒരുമുറം പച്ചക്കറി എന്ന പദ്ധതിയുടെ ഭാഗമായി പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**സ്കോളർഷിപ്പ് വിതരണം**

വെട്ടിമുകൾ യൂണിറ്റിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് യൂണിയൻ, സ്വാശ്രയ സംഘാംഗങ്ങൾ എന്നിവരുടെ മക്കളിൽ SSLC, +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികൾക്ക് ജൂലൈ 27 ന് ഒരുകുട്ടിക്ക് 1000 രൂപ വീതം സ്കോളർഷിപ്പ് വിതരണം ചെയ്തു.

**മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗ്**

കുട്ടനാട് മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 28 ന് പള്ളിക്കൂട്ടുമ്മയിൽ ചാസ് ഖാദിസെന്ററിൽ മേഖലാ പ്രസിഡന്റ് ശ്രീ. സിബിച്ചൻ കാളാശ്ശേരിയുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചാസിന്റെ പ്രവർത്തനങ്ങൾ കുട്ടനാട്ടിലെ എല്ലാ ഇടവകകളിലും ആരംഭിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിനും തീരുമാനിച്ചു.

**കാർഷിക സെമിനാർ**

കൈനകരി യൂണിറ്റിൽ ‘നിറപറ’ (കാർഷിക സെമിനാർ) ജൂലൈ 31 ന് സംഘടിപ്പിച്ചു. മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രം അസോസിയേറ്റ് പ്രൊഫ. എം. സുരേന്ദ്രൻ ഉദ്ഘാടനം നിർവഹിച്ചു. മുൻ കൃഷി അസി. ഡയറക്ടർ ശ്രീ. പി.ജെ. ജോസഫ് സെമിനാർ നയിച്ചു. പച്ചക്കറിവിത്തുകളുടെ വിതരണം കൃഷി ഓഫീസർ ശ്രീമതി ആനി മാത്യു നിർവഹിച്ചു.

**സേവ് എ ഫാമിലി പ്ലാൻ**

**റീജണൽ മീറ്റിംഗ്**

അതിരമ്പുഴ, ചങ്ങനാശ്ശേരി, കുട്ടനാട് മേഖലകളിലെ സേവ് എ ഫാമിലി പ്ലാൻ ഗുണഭോക്താക്കൾക്കായി ആഗസ്റ്റ് 1, 2 തീയതികളിൽ റീജണൽ സെമിനാർ സംഘടിപ്പിച്ചു. കാലടി ഐശ്വര്യഗ്രാമിൽനിന്നും ടീം ലീഡർ ശ്രീ. ജോൺ സിറിൾ ക്ലാസ് നയിച്ചു. 278 കുടുംബങ്ങൾ പങ്കെടുത്തു. മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.

**അടുക്കളത്തോട്ട മത്സരം**

മങ്കൊമ്പ് യൂണിറ്റിൽ മാതൃജ്യോതിസുമായി സഹകരിച്ച് സ്വാശ്രയസംഘാംഗങ്ങൾക്ക് അടുക്കളത്തോട്ട മത്സരം സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ആഗസ്റ്റ് 1 ന് പച്ചക്കറി വിത്തുകളുടെ വിതരണോദ്ഘാടനം യൂണിറ്റ് ഡയറക്ടർ റവ. ഫാ. മൈക്കിൾ കിങ്ങണംചിറ നിർവഹിച്ചു. മാതൃജ്യോതിസ് ഭാരവാഹികളും മഹിളാസമാജം ഭാരവാഹികളും നേതൃത്വം നൽകി.

**സ്വാശ്രയസംഘരൂപീകരണയോഗം**

കൈനടി യൂണിറ്റിൽ ആഗസ്റ്റ് 6 ന് സ്വാശ്രയസംഘരൂപീകരണയോഗം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് നാൽപ്പതാംകളം അദ്ധ്യക്ഷത വഹിച്ചു. സംഘം രൂപീകരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് മേഖലാ കോ-ഓർഡിനേറ്റർ വിശദീകരിച്ചു.

**സ്വാശ്രയസംഘസംഗമം**

ആലപ്പുഴ മേഖലയുടെ നേതൃത്വത്തിൽ സ്വാശ്രയസംഘ ഭാരവാഹികളുടെ സംഗമം ആഗസ്റ്റ് 8 ന് ചൊവ്വാഴ്ച രാവിലെ 9.30 ന് പഴവങ്ങാടി കാർമ്മൽ ഹാളിൽ നടത്തപ്പെട്ടു. വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളെ കുറിച്ച് ബോധവത്ക്കരണം നൽകുന്നതിനും, സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമായി നടത്തിയ സംഗമത്തിൽ മേഖലയിലെ എല്ലാ സ്വാശ്രയസംഘങ്ങളുടെയും ഭാരവാഹികൾ പങ്കെടുത്തു. ഫൊറോനാ വികാരി റവ. ഫാ. ജോസഫ് തൂമ്പുങ്കൽ അദ്ധ്യക്ഷതവഹിച്ച യോഗം മുനിസിപ്പൽ ചെയർമാൻ ശ്രീ. തോമസ് ജോസഫ് ഉദ്ഘാടനം ചെയ്തു. ആലപ്പുഴ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. വി.കെ. മനോജ് കുമാർ, സൈക്കോളജിസ്റ്റ് ശ്രീ. ഫിലിപ്പ് തക്കാത്തറ എന്നിവർ ക്ലാസ് നയിച്ചു.

**മഹിളാസമാജം മീറ്റിംഗ്**

ഇത്തിത്താനം യൂണിറ്റിൽ പ്രവർത്തിക്കുന്ന മഹിളാസമാജത്തിന്റെ മീറ്റിംഗ് ആഗസ്റ്റ് 12 ന് നടത്തി. എല്ലാ സ്വാശ്രയസംഘങ്ങളുടെയും ഭാരവാഹികൾ മീറ്റിംങ്ങിൽ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ഹരിതസംഗമം**

തത്തംപള്ളി ചാസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 14 ന് ഹരിത സംഗമം സംഘടിപ്പിച്ചു. ഹരിത കേരള സംസ്ഥാന റിസോഴ്സ് പേഴ്സൺ ശ്രീ. വി.കെ. വേണുഗോപാൽ ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**സ്വാതന്ത്ര്യദിനസംഗമവും ദേശഭക്തിഗാന മത്സരവും**

ആറാട്ടുവഴി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15 ഉച്ചകഴിഞ്ഞ് 2 ന് സ്വാതന്ത്ര്യദിനസംഗമവും ദേശഭക്തിഗാന മത്സരവും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു പവ്വംചിറ അദ്ധ്യക്ഷതവഹിച്ചു. മുനിസിപ്പൽ ചെയർമാൻ ശ്രീ. തോമസ് ജോസഫ് ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖസന്ദേശം നൽകി. ആലപ്പുഴ എസ്.ഡി. കോളേജ് റിട്ട. പ്രൊ. ഡോ. നെടുമുടി ഹരികുമാർ സ്വാതന്ത്ര്യദിനസന്ദേശം നൽകി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ഓണം ഖാദിഫെസ്റ്റ്-സന്ദർശനം**

പഴവങ്ങാടി യൂണിറ്റിന്റെ നേതൃത്വത്തിൽ പള്ളിക്കൂട്ടുമ്മയിലും ചങ്ങനാശ്ശേരിയിലുമുള്ള ഖാദി ഷോറൂമുകൾ സന്ദർശിക്കുന്നതിന് യൂണിറ്റ് ഭാരവാഹിക

ളുടെ നേതൃത്വത്തിൽ ആഗസ്റ്റ് 18 ന് സ്വാശ്രയസംഘാംഗംങ്ങൾക്ക് അവസര മൊരുക്കി.

**ജലസംരക്ഷണ സെമിനാർ**

ചാസ് സോഷ്യൽ സർവ്വീസ് ഫോറവുമായി സഹകരിച്ച് നടപ്പാക്കുന്ന ജല ദൗർലഭ്യം, ജലസ്രോതസ്സുകൾ, ജലസംരക്ഷണമാർഗ്ഗങ്ങൾ തുടങ്ങിയ ജലഗ വേഷണ പഠന പദ്ധതിയുടെ ഭാഗമായി ആഗസ്റ്റ് 18 ന് കൂരോപ്പട യൂണിറ്റിൽ പ്രോജക്ട് കോ-ഓർഡിനേറ്റർ സി. ജസീന്ത SRA ജലസംരക്ഷണ മാർഗ്ഗങ്ങളെ ക്കുറിച്ച് ക്ലാസ് നയിച്ചു. യൂണിറ്റു ഡയറക്ടർ റവ. ഫാ. റോയി പൊങ്ങനാം തടം ആമുഖസന്ദേശം നൽകി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**പച്ചക്കറിതൈവിതരണം**

നാലുകോടി യൂണിറ്റിൽ കർഷകദിനാചരണത്തോടനുബന്ധിച്ച് ആഗസ്റ്റ് 20 ന് പച്ചക്കറി-ഫലവൃക്ഷതൈകളും ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി 420 മുട്ട ക്കോഴികുഞ്ഞുങ്ങളെയും വിതരണം ചെയ്തു.

**കർഷകദിനാചരണം**

നാൽപ്പാത്തിമല യൂണിറ്റിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 20 ന് കർഷദിനാച രണം നടത്തി. സ്വാശ്രയസംഘാംഗങ്ങൾക്കുവേണ്ടി നടത്തിയ അടുക്കളത്തോ ട്ടമത്സരത്തിൽ വിജയികളായ 8 അംഗങ്ങളെ യൂണിറ്റ് ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ പൊന്നാടയണിയിച്ച് ആദരിച്ചു.

**സ്വാശ്രയ സംഘരൂപീകരണം**

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 9.08.2017 | ജ്യോതിസ് | ആറാട്ടുവഴി | 15 |
| ” | ദീപം | ” | 15 |
| ” | പുഞ്ചിരി | ” | 11 |
| 11.08.2017 | സ്നേഹഭവൻ | പാണ്ടി | 12 |
| ” | ദീപം | ” | 20 |
| ” | ചെറുപുഷ്പം | ” | 18 |
| ” | സ്നേഹദീപം | ” | 16 |
| ” | സുരഭി | ” | 10 |
| ” | ജീവ | ” | 12 |
| ” | ജ്യോതിസ് | ” | 17 |
| 18.08.2017 | സ്നേഹധാര | കാവാലം | 11 |
| ” | ജോർജ്ജിയൻ | ” | 18 |
| ” | തേജസ് | ” | 20 |
| ” | സെന്റ് ഫ്രാൻസിസ് | ” | 14 |
| ” | ഐശ്വര്യ | ” | 20 |
| ” | സെന്റ് പോൾ | ” | 16 |
| ” | സെന്റ് അലോഷ്യസ് | ” | 10 |

**ആശാകിരണം**

**ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ച യൂണിറ്റുകൾ**

| തീയതി | യൂണിറ്റ് | ക്ലാസ് നയിച്ചത് | പങ്കെടുത്തവർ |
|---|---|---|---|
| 25.07.2017 | അമലോത്ഭവ പുളിങ്കുന്ന് | ബിന്ദുതോമസ് | 125 |
| 28.07.2017 | സെന്റ് ജോസഫ്സ്, വെരൂർ | ” | 375 |
| 03.08.2017 | ഹോളിഫാമിലി HS, കൈനകരി | ” | 261 |
| 17.08.2017 | സെന്റ് തെരേസാസ് HSS, വാഴപ്പള്ളി | ” | 320 |
| 19.08.2017 | ലിറ്റിൽ ഫ്ളവർ, കുളത്തൂർ | ” | 60 |
| 21.08.2017 | സെന്റ് തെരേസാസ് TTC Training Centre | ” | 160 |

**മേഖല മീറ്റിംഗ്** PME

തൃക്കൊടിത്താനം, കോട്ടയം, കുറുമ്പനാടം എന്നിവിടങ്ങളിലായി ആഗസ്റ്റ് 7, 22, 26 തീയതികളിൽ മേഖല PME നടത്തപ്പെട്ടു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ യൂണിറ്റിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരും കാലങ്ങളിൽ ചാസ് പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**പരിശീലനപരിപാടി**

**തയ്യൽ സമാപനം**

**അതിരമ്പുഴ** ലിസ്യൂ യൂണിറ്റിൽ കഴിഞ്ഞ നാലുമാസമായി നടന്നുവന്ന തയ്യൽ പരിശീലനം ആഗസ്റ്റ് 1 ന് സമാപിച്ചു. ചാസ് ഡയറക്ടർ പരിശീലനം പൂർത്തിയാക്കിയ 15 വനിതകൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**പുതുക്കരി** യൂണിറ്റിൽ കഴിഞ്ഞ 4 മാസമായി നടന്നുവന്ന തയ്യൽപരിശീലനം ആഗസ്റ്റ് 7 ന് സമാപിച്ചു. പരിശീലനം പൂർത്തിയാക്കിയ 42 വനിതകൾക്ക് ചാസ് ഡയറക്ടർ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി നൈനാപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു.

**തയ്യൽ പരിശീലനം ആരംഭിച്ചു**

എടത്വാ മേഖലയിലെ **പാണ്ടി** യൂണിറ്റിൽ തയ്യൽ പരിശീലനം ആഗസ്റ്റ് 22ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് നടുവിലേകളത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയയോഗത്തിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. 43 വനിതകൾ പരിശീലന പരിപാടിയിൽ പങ്കെടുത്തുവരുന്നു.

**കുട്ടനാട് മങ്കൊമ്പ്** യൂണിറ്റിൽ ആഗസ്റ്റ് 16 ന് തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മൈക്കിൾ കിങ്ങണംചിറ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ആന്റണി A.Z. അദ്ധ്യക്ഷതവഹിച്ചു. 40 വനിതകൾ പരിശീലന പരിപാടിയിൽ പങ്കെടുത്തുവരുന്നു.

# എൽഡേഴ്സ് ഫ്രാറ്റേണിറ്റി

(Ministry for the Senior Citizens & Sick)

**ഒക്ടോബർ 1 – അന്താരാഷ്ട്ര സീനിയർ സിറ്റിസൺസ് ഡേ**

വാർദ്ധക്യത്തിലെത്തിയവരെ വിസ്മരിക്കുന്ന സമൂഹങ്ങളെ ഓർമ്മപ്പെടുത്തുവാൻ-പ്രായമായവർ വിലപ്പെട്ടവരാണ്, എല്ലാവരുടെയും പരിഗണന അർഹിക്കുന്നവരാണ്. വൃദ്ധജനങ്ങളെ ആദരിക്കുവാൻ, അംഗീകരിക്കാൻ, സ്നേഹിക്കാൻ UNO ഒക്ടോബർ 1 മാറ്റിവെച്ചിരിക്കുന്നു. നമ്മുടെ ഇടവകകളുടെ നേതൃത്വത്തിൽ ഈ ദിനം സമുചിതമായി ആചരിക്കാം.

**സീനിയർ സിറ്റിസൺസ് സംഗമം തുരുത്തി ഇടവകയിൽ**

പ്രായമായവരുടെ ഒരു മഹാസംഗമം തുരുത്തി ഇടവകയിൽ നടന്നു. ഇരുനൂറിലേറെ വല്യപ്പന്മാരും വല്ല്യമ്മച്ചിമാരും ഏറെ സന്തോഷത്തോടെ പങ്കെടുത്തു. സുവിശേഷത്തിൽ അധിഷ്ഠിതമായ വാർദ്ധക്യജീവിതത്തെക്കുറിച്ച് ഫാ. തോമസ് പ്ലാപ്പറമ്പിൽ ധ്യാനം നടത്തി. വികാരി ബഹു. ഓണങ്കുളത്തിലച്ചൻ നേതൃത്വം നൽകി. പ്രായമായവരെ മാത്രം ഉൾപ്പെടുത്തി ഉല്ലാസയാത്രപോകുവാനും തീരുമാനിച്ചു. വാർദ്ധക്യകാലഘട്ടത്തിലൂടെ കടന്നുപോകുന്നവർക്ക് കൂടെക്കൂടെ അജപാലനശുശ്രൂഷകൾ ക്രമീകരിച്ചു നൽകുന്ന വികാരിയച്ചനും തുരുത്തി ഇടവകയ്ക്കും അഭിനന്ദനങ്ങൾ.

**എൽഡേഴ്സ് ഗ്രാന്റ് കോൺഫറൻസ് മാമ്മൂട് ഇടവകയിൽ**

മാമ്മൂട് ഇടവകയിൽ പുതിയ ദൈവാലയ നിർമ്മാണം നടക്കുന്ന തിരക്കുകൾക്കിടയിലും ഇടവകയിലെ പ്രായമായവർക്കുവേണ്ടി ഒരുദിവസം മാറ്റിവയ്ക്കുവാൻ ബഹു. വികാരി സോണി തെക്കുംമുറിയിലച്ചൻ തീരുമാനിച്ചത് സമുചിതമായി. വേണ്ടത്ര ഒരുക്കത്തോടെ ഇടവകയിലെ കൂട്ടായ്മാ ലീഡേഴ്സിന്റെയും മാതൃജ്യോതിസ്-പിതൃവേദി അംഗങ്ങളുടെയും നേതൃത്വത്തിൽ മാമ്മൂട് ഇടവകയിലെ എല്ലാ പ്രായമായവരെയും ഒരുമിച്ചു കൂട്ടുവാൻ സാധിച്ചു. ഫാ. തോമസ് പ്ലാപ്പറമ്പിൽ ധ്യാനം നയിച്ചു. പ്രായമായവരെ ഓർമ്മിക്കുകയും ഒരുമിച്ചു കൂടുവാൻ അവസരം ഒരുക്കുകയും ചെയ്തതിന്റെ സന്തോഷവും നന്ദിയും പലരും പങ്കുവച്ചു. തങ്ങളുടെ ജീവിതകാലത്ത് തന്നെ മാമ്മൂട് പള്ളിയുടെ നിർമ്മാണം പൂർത്തീകരിച്ചു കാണുവാൻ പ്രാർത്ഥനയും എല്ലാവിധ സഹായങ്ങളും പ്രായമായവർ വാഗ്ദാനം ചെയ്തു. നമ്മുടെ ഇടവകയിൽ സീനീയർ സിറ്റിസൺസ് സംഗമങ്ങളും രോഗീദിനാചരണങ്ങളും നമുക്ക് ക്രമീകരിച്ച് പ്രായമായവരെ നമുക്ക് സ്നേഹിക്കാം.

നന്ദിയോടെ,

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**

ഡയറക്ടർ (9495107045)

# ചാരിറ്റി വേൾഡ് ട്രസ്റ്റ്

*കൈകോർക്കുന്ന കാരുണ്യം*

**ചങ്ങനാശ്ശേരി അതിരൂപത**

**ഞീഴൂരിലെ അത്ഭുതം: 33.25 ലക്ഷം**

കുറവിലങ്ങാടിന് അടുത്തുള്ള ഞീഴൂർ ഗ്രാമപഞ്ചായത്തിൽ 3 ജീവിതങ്ങളെ രക്ഷിക്കാൻ, വൃക്കരോഗികളായ 2-ാം വാർഡിലെ മേച്ചേരിവയലിൽ ശോഭന ഫിലിപ്പ് (45 വയസ്), 6-ാം വാർഡിലെ മജോമോൾ ബേബി (20 വയസ്), കരൾരോഗിയായ 10-ാം വാർഡിൽ താമസിക്കുന്ന മധു കെ.എൻ. (40 വയസ്) എന്നിവർക്കായി 5 മണിക്കൂർ കൊണ്ട് 27 ലക്ഷം രൂപ സമാഹരിക്കണമായിരുന്നു. പഞ്ചായത്തിലെ 14 വാർഡുകളിൽ നിന്നായി 1500ഓളം ആളുകൾ 2017 ജൂലൈ 30-ാം തീയതി ഞായറാഴ്ച രാവിലെ 9 മണി മുതൽ 2 വരെ ബക്കറ്റുമായി വീടുവീടാന്തരം കയറിയിറങ്ങി സമാഹരിച്ചത് 33,25,000 രൂപയാണ്. ചങ്ങനാശേരി പ്രത്യാശയും ഞീഴൂർ പഞ്ചായത്തും സംയുക്തമായി നടത്തിയ ഈ സംരംഭം നാടിനൊന്നാകെ ഒരു വലിയ കൂട്ടായ്മയുടെ അനുഭവമായിരുന്നു.

**തൃക്കൊടിത്താനം ശരത്തിനുവേണ്ടി വീണ്ടും കൈകോർത്തു 8 ലക്ഷം**

തൃക്കൊടിത്താനം കടമാഞ്ചിറ പാമ്പൂരംപാറ പുതുപ്പറമ്പിൽ ദാസപ്പന്റെ മകൻ ശരത് (28 വയസ്) കഴിഞ്ഞ ഏതാനും വർഷമായി വൃക്ക രോഗിയായിരുന്നു. തൃക്കൊടിത്താനത്തെ 4 വാർഡുകളിൽ നിന്നും 7 ലക്ഷം രൂപാ സമാഹരിക്കണമായിരുന്നു. ലഭിച്ചത് 8 ലക്ഷം. അമ്മ മകന് വൃക്ക നൽകുന്നതുവഴി ശരത്തിന് ജീവിതത്തിലേക്ക് തിരിച്ചു വരുവാൻ സാധിക്കും. 2017 ആഗസ്റ്റ് 6-ാം തീയതി ഞായറാഴ്ച തൃക്കൊടിത്താനത്ത് നടന്നതായ പ്രത്യാശയുടെ 4-ാമത്തെ ജനകീയ മുന്നേറ്റമാണ്.

**നെടുങ്കുന്നത്തിന്റെ കാരുണ്യം: 16 ലക്ഷം**

നെടുംകുന്നം ഗ്രാമപഞ്ചായത്തും ചങ്ങനാശേരി പ്രത്യാശയും കൈകോർത്തപ്പോൾ 5 മണിക്കൂർ കൊണ്ട് ലഭിച്ചത് 16 ലക്ഷം രൂപയാണ്. വൃക്കരോഗിയായ രാജപ്പനും, റോസിലിക്കും വേണ്ടിയായിരുന്നു ജനകീയമുന്നേറ്റം. പഞ്ചാത്തുകളിലെ 6 വാർഡുകളിൽ നിന്നും 15 ലക്ഷമായിരുന്നു ലക്ഷ്യം. തകർത്തുപെയ്യുന്ന മഴയിൽപ്പോലും 1000 ത്തോളം നൻമനിറഞ്ഞ മനുഷ്യർ 2017 ആഗസ്റ്റ് 20-ാം തീയതി ഞായറാഴ്ച രാവിലെ 9 മുതൽ 2 മണി വരെ ഭവനങ്ങൾ കയറിയിറങ്ങി. നെടുങ്കുന്നത്ത് ഇതിന് മുമ്പ് രണ്ടു പിരിവുകൾ വിജയകരമായി പ്രത്യാശ നടത്തിയിരുന്നു.

**കാരുണ്യസ്പർശം**

രോഗം മൂലം കുടുംബങ്ങൾ ഇല്ലാതാകുന്ന അവസ്ഥയിൽ കാരുണ്യമുള്ള മനുഷ്യർക്ക് നോക്കി നിൽക്കുവാൻ സാധിക്കുകയില്ല. ഈ അവസ്ഥയിൽ

ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 25 ക്യാൻസർ രോഗികൾക്കും 25 കിടപ്പുരോഗികൾക്കും പ്രതിമാസം 1000 രൂപ വീതം, മെയ് മാസം 50000 രൂപ വിതരണം ചെയ്തു.

### ആരോഗ്യരക്ഷ മൊബൈൽ ലാബ്-കടമ്മാഞ്ചിറ

രോഗമില്ലാത്ത തലമുറ എന്നതിലുപരിയായി രോഗനിയന്ത്രിത തലമുറയെന്ന ലക്ഷ്യത്തോടെ ഇടവകകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ നടത്തപ്പെടുന്ന ആരോഗ്യരക്ഷ ബോധവൽക്കരണവും ടെസ്റ്റും ജൂലൈ 26-ാം തീയതി കടമ്മാഞ്ചിറയിൽ നടത്തപ്പെട്ടു. മൊബൈൽ ലാബ് രാവിലെ 6 മണിക്ക് തന്നെ കടമ്മാഞ്ചിറയിലെത്തി ലാബ് ടെസ്റ്റുകൾ ആരംഭിച്ചു. 163 പേർ പങ്കെടുത്തു.

### എയ്ഞ്ചൽസ് ഫെസ്റ്റ് (ഭിന്നശേഷിക്കാർക്കരുടെ ഉല്പന്ന മേള)

ചീരഞ്ചിറ ചാരിറ്റി വേൾഡിലെ ഭിന്നശേഷിക്കാർക്കുള്ള ജിമ്മിപടനിലം സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇടവകകൾതോറും എയ്ഞ്ചൽസ് ഫെസ്റ്റ് നടത്തപ്പെടുന്നു. ഭിന്നശേഷിക്കാർക്ക് വേണ്ടത് സഹതാപമല്ല മറിച്ച് സപ്പോർട്ടാണ്. ഈ ഫെസ്റ്റിലൂടെ ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടവരാനും, അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റ് അവരുടെ ജീവിതത്തിൽ സാമ്പത്തിക സ്വയംപര്യാപ്തത നേടുവാനും ലക്ഷ്യം വയ്ക്കുന്നു. ഈ മേളയിൽ സ്റ്റേഷനറി ഉൽപ്പന്നങ്ങൾ, ഭക്ഷണ സാധനങ്ങൾ, ജൈവകൃഷിക്കുപയുക്തമായ വിത്തുകളും തൈകളും, കൊന്തപോലുള്ള ഭക്തസാധനങ്ങൾ, വീടുവൃത്തിയാക്കാനുള്ള ലോഷൻ, സോപ്പുപൊടി മുതലായവ വിൽക്കപ്പെടുന്നു. എല്ലാ ഇടങ്ങളിലും നല്ല പ്രോൽസാഹനവും സഹകരണവും സാമ്പത്തിക സഹായവും ലഭിച്ചു. ഭിന്നശേഷിയുള്ള കുട്ടികളെ ഇവർ ഓർക്കുകയും ഹൃദയത്തിൽ ഏറ്റുവാങ്ങുകയും അകമഴിഞ്ഞ് സഹായിക്കുകയുമാണ് ചെയ്തത്..

എയ്ഞ്ചൽസ് ഫെസ്റ്റ് ഇതിനോടകം ചീരഞ്ചിറപള്ളി, തുരുത്തിപ്പള്ളി, വെരൂർപള്ളി, വാഴപ്പള്ളി ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ നടത്തി. ഇവിടങ്ങളിൽ നല്ല പ്രോൽസാഹനവും സഹകരണവും സാമ്പത്തിക സഹായവും ലഭിച്ചു.

### പാലിയേറ്റിവ് കെയർ

ചാരിറ്റി വേൾഡിന്റെ ആഭിമുഖ്യത്തിൽ സാന്ത്വനപരിചരണ പദ്ധതിയുടെ ഭാഗമായി പാലിയേറ്റിവ് കെയർ പരിചരണം ഫാത്തിമാപുരം, കുരിശുംമൂട്, ചീരഞ്ചിറ, ചങ്ങനാശ്ശേരി, പെരുന്ന, തുരുത്തി, കുറിച്ചി, ദൈവംപടി എന്നിവിടങ്ങളിൽ ഹോം കെയർ നടത്തി 30 രോഗികളെ സന്ദർശിച്ചു.

# കരിസ്മാറ്റിക് നവീകരണ വാർത്തകൾ

"ഇന്ന് ഈ ക്ഷണം എല്ലാവർക്കും നൽകുവാൻ ഞാനാഗ്രഹിക്കുന്നു. പ്രിയ സഹോദരീ സഹോദരന്മാരെ, പരിശുദ്ധാത്മാവിലുള്ള സ്നാനം സ്വീകരിക്കുന്നതിന്റെ മനോഹാരിത നമുക്ക് വീണ്ടും കണ്ടെത്താം. എന്നും സന്നിഹിതമായിരിക്കുന്ന കൃപയുടെ ഉറവിടമായ ജ്ഞാനസ്നാനത്തെയും, സ്ഥൈര്യലേപനത്തെയും കുറിച്ച് നമുക്ക് അവബോധമുള്ളവരാകാം. ഇന്ന് സഭയ്ക്ക് ഒരു പുത്തൻ പന്തക്കുസ്താ വീണ്ടും ലഭിക്കുന്നതിനായി നമുക്ക് കന്യകാമറിയത്തോട് പ്രാർത്ഥിക്കാം. ജീവിക്കുന്നതിന്റെയും സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്നതിന്റെയും ആനന്ദം എല്ലാവരിലും വ്യാപകമാക്കുന്ന ഒരു പന്തക്കുസ്തായ്ക്കായി പ്രാർത്ഥിക്കാം."

**- ബനഡിക്ട് 16-ാം മാർപ്പാപ്പ**
**പന്തക്കുസ്താ ഞായർ, 2008**

## ലോക കരിസ്മാറ്റിക് മലയാളി സംഗമം, ഇരിഞ്ഞാലക്കുട

കേരളത്തിന് പുറത്ത്, ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും, വിവിധ വിദേശ രാജ്യങ്ങളിൽനിന്നുമുള്ള പ്രതിനിധികൾ ഉൾപ്പെടെ ലോകമാസകലമുള്ള കരിസ്മാറ്റിക് മലയാളികൾ പങ്കെടുത്ത 'ലോക കരിസ്മാറ്റിക് മലയാളി സംഗമം' ഇരിഞ്ഞാലക്കുടയിലെ, ആളൂർ ലൂമൻ യൂത്ത് സെന്ററിൽ നടന്നു. ഓഗസ്റ്റ് 12 മുതൽ 15 വരെ സംഘടിപ്പിക്കപ്പെട്ട പ്രസ്തുത സംഗമത്തിൽ കേരളത്തിന് അകത്തും പുറത്തുംനിന്ന് പതിനായിരത്തിലധികം പ്രതിനിധികൾ പങ്കെടുത്തു. ചങ്ങനാശേരിയിൽനിന്നും, ബഹു. ആനിമേറ്റർ, ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ നൂറ്റമ്പതിലേറെ പ്രതിനിധികൾ വിവിധ സബ്സോണുകളിൽ നിന്നും പങ്കെടുക്കുകയുണ്ടായി. "ക്രിസ്തുവിനോടൊത്ത് ആത്മനിറവോടെ, സഭയുടെ ഹൃദയത്തിൽ" എന്ന മുദ്രാവാക്യവുമായി, ഒരുമിച്ച് ചേർന്ന ലോക കരിസ്മാറ്റിക് മലയാളികളുടെ മഹാസംഗമത്തിൽ സഭാ നേതൃത്വത്തിന്റെ വിവിധ തലങ്ങളിൽ നിന്നുള്ള പ്രശസ്ത കരിസ്മാറ്റിക് വ്യക്തിത്വങ്ങളെ നേരിൽകാണുവാനും ശ്രവിക്കുവാനും സാധിച്ചത് അവിസ്മരണീയമായി. ചങ്ങനാശേരിയിൽ ഏഴ് വൈദികരും, മുപ്പത്തഞ്ചോളം സന്ന്യസ്തരും പങ്കെടുത്തു എന്നത് ശ്രദ്ധേയമായി. സീറോമലബാർ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി, സി.ബി.സി.ഐ. പ്രസിഡന്റ്, മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് എന്നിവരുടെ സാന്നിദ്ധ്യവും സന്ദേശങ്ങളും അനുഗ്രഹമായി.

## ഫാത്തിമാ സന്ദേശയാത്ര

പരിശുദ്ധ അമ്മ, ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി ആഘോഷത്തിലാണല്ലോ പരിശുദ്ധ കത്തോലിക്കാ സഭ. കേരള സഭയിലെ ശതാബ്ദി ആഘോഷ കർമ്മപരിപാടികൾ കെ.സി.ബി.സിയുടെ തീരുമാനപ്രകാരം കരി

സ്മാറ്റിക് കമ്മീഷന്റെ നേതൃത്വത്തിലുള്ള "ഫാത്തിമാ സെന്റിനറി സെലിബ്രേഷൻ കമ്മിറ്റി" (FCCC) ആണ് കോർഡിനേറ്റ് ചെയ്യുന്നത്. ലോക കരിസ്മാറ്റിക് മലയാളി സംഗമവേദിയിൽ നിന്നും, പ്രയാണമാരംഭിച്ച "ഫാത്തിമാ സന്ദേശ യാത്ര" കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലെ എല്ലാ രൂപതാ കേന്ദ്രങ്ങളും പ്രസക്ത ദേവാലയങ്ങളും സന്ദർശിച്ചുകൊണ്ട് മുന്നേറുകയാണ്. ഈ ഒക്ടോബർ 28-ന് വല്ലാർപാടം ബസിലിക്കയിൽ സമാപിക്കുന്ന പ്രസ്തുത പ്രയാണം ചങ്ങനാശേരിയിലെ വിവിധ ദേവാലയങ്ങളിലൂടെ കടന്നുപോകുന്നത് സെപ്റ്റംബർ 30, ഒക്ടോബർ 1,2, തീയതികളിലാണ്. ചങ്ങനാശേരി അതിരൂപതാ നേതൃത്വത്തിന്റെ വിവിധ തലങ്ങളിൽപ്പെട്ടവർ, വിവിധ മരിയൻ സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു യോഗം കരിസ്മാറ്റിക് സോണൽ ഓഫീസിൽ (പാസ്റ്ററൽ സെന്റർ) ഇക്കഴിഞ്ഞ ജൂൺ 14-ാം തീയതി കൂടിയിരുന്നു. തുടർന്ന് ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം പിതാവിനെ നേരിൽ കാണുകയും മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കുകയുമുണ്ടായി.

സെപ്റ്റംബർ 30-ാം തീയതി പാമ്പാടി ഗുഡ്ന്യൂസ് ധ്യാനകേന്ദ്രത്തിൽ നിന്നും ഏറ്റുവാങ്ങുന്ന ഫാത്തിമാ മാതാവിന്റെ തിരുസ്വരൂപം, ആദ്യദിവസം നെടുങ്കുന്നം ഫൊറോനാപള്ളിയിലും, രണ്ടാം ദിവസം, ചങ്ങനാശേരി പാറേൽ പള്ളിയിലും, മൂന്നാം ദിവസം എടത്വാ പള്ളിയിലും പ്രതിഷ്ഠിക്കുവാനും, പ്രസ്തുത കേന്ദ്രങ്ങളിലേക്കുള്ള മാർഗ്ഗമദ്ധ്യേ വിവിധ ദേവാലയങ്ങളിൽ സ്വീകരണങ്ങൾ ക്രമീകരിക്കുവാനും, ഓഗസ്റ്റ് 24-ാം തീയതി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ബഹു. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ കൂടിയ സോണൽ ഫാത്തിമാ സെലിബ്രേഷൻ കമ്മറ്റി (ZFCCC) തീരുമാനിച്ചു. മേൽപറഞ്ഞ ദേവാലയങ്ങളുൾപ്പടെ പ്രയാണ വീഥിയിലുള്ള വിവിധ ദേവാലയങ്ങളിലെ വികാരിയച്ചന്മാരെ നേരിട്ട് കാണാനും മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കാനും ബഹു. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ ഉള്ള ഉപസമിതിയെ ചുമതലപ്പെടുത്തി.

പരിശുദ്ധ അമ്മ ഫാത്തിമായിൽ നല്കിയ സന്ദേശം കേരളസഭയിൽ പ്രഘോഷിക്കാൻ ലഭിച്ചിരിക്കുന്ന ഈ അസുലഭ അവസരത്തിലൂടെ സഭയുടെയും സമൂഹത്തിന്റയും നവീകരണത്തിനായി നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം.

**ജയിംസ് എൻ.ജെ.**
കോർഡിനേറ്റർ
8111983938

**ഫാ. മാത്യു താന്നിയത്ത്**
ഡയറക്ടർ
9446903631

## നീതീ ഞായർ ആചരണം (ജസ്റ്റിസ് സൺഡേ)

മതേതരഭാരതത്തിൽ ദലിത് ക്രൈസ്തവരോടു കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാട്ടുന്നത് കടുത്ത അനീതിയാണെന്ന് മാർ ജോസഫ് പെരുന്തോട്ടം. ദലിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിൽ പ്രതിഷേധിച്ചു ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ പെരുന്ന ബസ്റ്റാന്റ് മൈതാനത്ത് നടത്തിയ നീതി ഞായർ ആചരണ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അഭിവന്ദ്യ പിതാവ്. ഭാരതത്തിൽ ദലിത്ക്രൈസ്തവരോടു കാട്ടുന്ന അനീതി മതേതരത്വം ചോദ്യം ചെയ്യപ്പെടുന്നതിനുള്ള ഏറ്റവും വലിയ ഉദാഹരണമാണെന്നും അതിനാൽ ഈ നീതിനിഷേധത്തിനെതിരെ ഒറ്റക്കെട്ടായി പോരാട്ടം ഉണ്ടാകണമെന്നും അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു.

ദലിതരോടു കേന്ദ്രസർക്കാർ കടുത്ത അവഗണനയാണു കാട്ടുന്നതെന്നും നീതിനടപ്പാക്കേണ്ട കേന്ദ്രസർക്കാർ നീതി നിഷേധിക്കുന്നതിനു വെമ്പൽ കാട്ടുകയാണെന്നും, ഇതിനെതിരെ ജാഗ്രതപുലർത്തണമെന്നും സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്രീ. ആന്റോ ആന്റണി എം.പി. പറഞ്ഞു. ചങ്ങനാശേരി റെയിൽവേ ബൈപാസ് ജംഗ്ഷനിൽ നിന്ന് ആരംഭിച്ച റാലി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ ഫ്ളാഗ് ഓഫ് ചെയ്തു. ദലിത് ക്രൈസ്തവരോടുള്ള നീതി നിഷേധത്തിനെതിരെ മനസ്സുകളിൽ പ്രതിഷേധജ്വാല പടരണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

വികാരിജനറാൾ മോൺ. ജോസഫ് മുണ്ടകത്തിൽ സമ്മേളനത്തിൽ സ്വാഗതവും ശ്രീ. ജെയിംസ് ഇലവുങ്കൽ വിഷയാവതരണവും ശ്രീ. സി.എഫ്. തോമസ് എം.എൽ.എ. ആശംസയും നടത്തി. അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ പ്രമേയാവതരണം നടത്തി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി പ്രൊഫ. സോണി കണ്ടങ്കരി കൃതജ്ഞതയർപ്പിച്ചു. അതിരൂപതയിലെ വിവിധ ഫൊറോനകളിൽനിന്നുള്ള നൂറുകണക്കിനു വിശ്വാസികൾ റാലിയിലും സമ്മേളനത്തിലും പങ്കെടുത്തു. വികാരി ജനറാൾ മോൺ. ജെയിംസ് പാലയ്ക്കൽ, മെത്രാപ്പോലീത്തൻ പള്ളി വികാരി ഫാ. കുര്യൻ പുത്തൻപുര, ഫാ. ബെന്നി കുഴിയടിയിൽ, ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ഫാ. വർഗ്ഗീസ് കാലായിൽ, ഫാ. ജോസ് മുകളേൽ, ഫാ. സ്കറിയ സ്രാമ്പിക്കൽ, ഫാ. ജോസഫ്, ഫാ. ഷാജി തുമ്പേച്ചിറയിൽ, ഡോ. പി.സി. അനിയൻകുഞ്ഞ്, ജോർജ്ജ് വർഗ്ഗീസ്, സി.സി. കുഞ്ഞുകൊച്ച്, വർഗ്ഗീസ് ആന്റണി, സിബിച്ചൻ സ്രാങ്കൻ, ജോൺസൺ കാഞ്ഞിരക്കാട്ട്, സോണിച്ചൻ കോലേട്ട്, പി.പി. ജോസഫ്, ഔസേപ്പച്ചൻ ചെറുകാട്, പി.ജെ.

ജോൺ, ടോമി മംഗലത്ത്, ജോയി ജോസഫ്, എം.സി. ബേബി, മിനി റോയി, ആൻസമ്മ ദേവസ്യ, സ്വാതി സി.എം., നിധിൻ ജോസഫ്, സോബിച്ചൻ എന്നിവർ റാലിക്കും സമ്മേളനത്തിനും നേതൃത്വം നൽകി.

**യുവജനസംഗമം**

ചങ്ങനാശേരി അതിരൂപത DCYL ന്റെ നേതൃത്വത്തിൽ 2017 ആഗസ്റ്റ് 12-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ യുവജനങ്ങൾക്കായി ഏകദിന യുവജനസംഗമം 'ഹസ്സാ 2017' മാർത്തോമ്മാ വിദ്യാനികേതനിൽ നടന്നു. ബ്രദർ ജെനി ഇരുപതിൽ ക്ലാസ്സ് നയിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജെസ്റ്റിൻ കായംകുളത്തുശ്ശേരി സംഗമം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സ്വാതി സി. എം. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സോബിച്ചൻ ജോർജ് സ്വാഗതവും നിധിൻ ജോസഫ് നന്ദിയും പറഞ്ഞു.

**പ്രൊവിഡൻസ് ഹോം സന്ദർശനം**

അതിരൂപതാ ജസ്റ്റിസ് സൺഡേ ദിനാചരണത്തിന്റെ മുന്നോടിയായി അരുവിക്കുഴി LSDP പ്രൊവിഡൻസ് ഹോം സന്ദർശനവും 'ഹമ്പ 2017 ഉം ആഗസ്റ്റ് 15 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞു 2 മണിക്ക് അരുവിക്കുഴിയിൽ നടന്നു. DCYL ന്റെ നേതൃത്വത്തിൽ LSDP ഹോമും പരിസരവും ക്ലീൻ ചെയ്യുകയും അവിടുത്തെ അന്തേവാസികളുമായി ചേർന്ന് കലാപരിപാടികളും സ്നേഹവിരുന്നും അതിരൂപതാ ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരിയുടെ നേതൃത്വത്തിൽ നടന്നു. സ്വാതി സി.എം., സോബിച്ചൻ, ശ്യാം, നിധിൻ എന്നിവരും പരിപാടികളിൽ സന്നിഹിതരായിരുന്നു.

സ്നേഹപൂർവ്വം,

**റ്റോമി മംഗലത്ത്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

## ആദരാഞ്ജലികൾ

കഴിഞ്ഞ ദിവസം നിര്യാതനായ കത്തോലിക്കാ കോൺഗ്രസ് മുൻ പ്രസിഡന്റ് ശ്രീ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിലിന് ആദരാഞ്ജലികൾ. കത്തോലിക്കാ കോൺഗ്രസിന്റെ വളർച്ചയിൽ ഏറെ സംഭാവനകൾ നല്കിയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. അതിരൂപത കത്തോലിക്കാ കോൺഗ്രസ് കുടുംബം അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ഫാ. ജോസ് മുകളേൽ** (ഡയറക്ടർ)
**ശ്രീ. ടോമി ഇളംതോട്ടം** (പ്രസിഡന്റ്)
**ശ്രീ. ജാൻസൻ ജോസഫ് പുതുപ്പറമ്പിൽ** (ജന. സെക്രട്ടറി)
**ശ്രീ. ബാബു വള്ളപ്പുര** (ട്രഷറർ)

### കത്തോലിക്കാ കോൺഗ്രസ് (AKCC)

**ചങ്ങനാശേരി അതിരൂപത**

അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെയും, മാർ തോമസ് തറയിൽ പിതാവിന്റേയും നിർദ്ദേശമനുസരിച്ച് AKCC യുടെ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി തല്ക്കാലത്തേക്ക് മാറ്റിവച്ചിരിക്കുന്നു. അതിരൂപത തെരഞ്ഞെടുപ്പിന്റെ തീയതിയും പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. ജോസ് മുകളേൽ**
(വരണാധികാരി)

27-08-2017
ചങ്ങനാശ്ശേരി

**അഡ്വ. ജോജി ചിറയിൽ**
(സഹ വരണാധികാരി)

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ദൈവജനത്തിനും, ലോകത്തിനും നല്കുന്ന സേവനം വലുതാണ്. ജാതി, മത, വർഗ്ഗ, വർണ്ണഭേദമന്യേ കാലാകാലങ്ങളിലായി ഉപവി പ്രവർത്തനങ്ങൾ ചെയ്തുവരുന്ന കത്തോലിക്കാ സഭയിലെ ഏക അത്മായ സംഘടനയാണ് സെന്റ് വിൻസെന്റ് ഡി പോൾ. ഈ അവസരത്തിൽ നാം പ്രത്യേകം ഓർക്കേണ്ട ഒരു കാര്യം "അന്ത്യവിധിയാളനായ യേശു നമ്മെ നിത്യജീവനിലേയ്ക്കു പ്രവേശിപ്പിക്കുന്നത് ഭക്തകൃത്യങ്ങളുടെ എണ്ണം നോക്കിയല്ല; പ്രത്യുത മനോഗുണപ്രവർത്തികളുടെ എണ്ണം നോക്കിയാണ്. എത്ര ധ്യാനംകൂടിയാലും, തീർത്ഥയാത്ര നടത്തിയാലും, കുർബാനയിൽ പങ്കെടുത്താലും ശരി ഉപവി പ്രവർത്തികൾ നീ ചെയ്തില്ലെങ്കിൽ നിത്യജീവൻ അപ്രാപ്തം തന്നെ.

സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുവാൻ പ്രാപ്തമായ അല്ലെങ്കിൽ നിയുക്തമായ രണ്ടു പ്രാഥമിക ഘടകങ്ങളാണ് കോൺഫറൻസുകളും; ഏരിയാകൗൺസിലുകളും തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റ് അദ്ദേഹത്താൽ നിയുക്തമായ മറ്റു ഭാരവാഹികളും ചേർന്ന ബോർഡാണ് എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നത്. ഒരു നല്ല പ്രസിഡന്റ് കൃത്യനിഷ്ഠയുള്ളവനായിരിക്കണം, പ്രാർത്ഥനയുടെയും, ക്രിസ്തീയ ജീവിതത്തിന്റെയും നല്ല മാതൃകയായിരിക്കണം. അംഗങ്ങളെ കേൾക്കുന്നവനും, അവർക്കു പ്രാമുഖ്യവും അവസരങ്ങളും നല്കുന്നവനുമായിരിക്കണം. ഒരു നല്ല പ്രസിഡന്റ് സൊസൈറ്റിയെപ്പറ്റി നന്നായി അറിയണം. യുവജനങ്ങളെ സൊസൈറ്റിയിലേക്ക് അകർഷിക്കുവാൻ മാർഗ്ഗനിർദ്ദേശങ്ങളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുവാൻ ഏറെ പ്രാപ്തിയുള്ള ആളുമായിരിക്കണം പ്രസിഡന്റുമാർ.

നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിനെക്കുറിച്ച് അറിയുക എന്നത് ഏറെ അത്യാവശ്യമായ ഒന്നാണ്. ഫ്രാൻസിന്റെ തെക്കുപടിഞ്ഞാറേ അറ്റത്തുള്ള "പോ" എന്ന ഗ്രാമത്തിൽ 1581 ൽ വിൻസെന്റ് ഡി പോൾ ജനിച്ചു. കർഷകരായ ജീൻ ഡി പോളും ബെട്രാർഡ് ഡി മോറിസും ആണ് മാതാപിതാക്കൾ. വിൻസെന്റിന് 3 സഹോദരന്മാരും 2 സഹോദരിമാരും ഉണ്ടായിരുന്നു. മകൻ ഒരു വൈദികനായിക്കാണുവാൻ മാതാപിതാക്കൾ ആഗ്രഹിച്ചു. 1596 ൽ ഫ്രാൻസിസ്കൻ സന്ന്യാസ സമൂഹത്തിൽ ചേർന്നു. ടൂളൂസ് യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രം പഠിച്ചു. 1600 സെപ്റ്റംബർ 25 ന് 19-ാമത്തെ വയസിൽ വൈദികനായി. 1604 ൽ ദൈവശാസ്ത്രത്തിൽ ബിരുദം നേടി.

ഹെൻറി 4-ാമന്റെ ആദ്യ ഭാര്യയും പരിത്യക്തയുമായ മേരി മാർഗരറ്റ്

വാലോയി രാജ്ഞിയുടെ സെക്രട്ടറിയുമായി പരിചയപ്പെടുകയും, അദ്ദേഹത്തിന്റെ പ്രേരണയാൽ രാജ്ഞിയുടെ ചാപ്ലിയനായും, പാവങ്ങളുടെ ഇടയിൽ രാജ്ഞിയുടെ ഉദാരമായ സംഭാവനകൾ വിതരണം ചെയ്യുന്ന വ്യക്തിയായും നിയമിക്കപ്പെട്ടു. 1610 മുതൽ ഭക്തസംഘടന എന്ന സംഘടനയുമായി ബന്ധം പുലർത്തിപോന്നു. 1617 ൽ ഷാറ്റിലോൺ ഡോംസ് ഇടവക വികാരിയായി നിയമിതനായി. വിൻസെന്റിന്റെ നേതൃത്വത്തിൽ ആതുരസേവനാർത്ഥം സംഘടിപ്പിച്ച ഒരു ചെറുസമൂഹമാണ് "ഉപവികളുടെ സഹോദരിമാർ". 1633-ൽ ആയിരുന്നു ഇത്. 1638 ൽ അനാഥശിശുക്കൾക്കായി ഒരു സ്ഥാപനം തുടങ്ങി. 1642 ൽ വിൻസെന്റ് വൈദീക നവീകരണത്തിനായി ഒരു മേജർ സെമിനാരി സ്ഥാപിച്ചു. 1618 മുതൽ 1648 വരെ നടന്ന ത്രിദശവത്സര യുദ്ധത്തിൽ തകർന്ന ഫ്രാൻസിന് വിൻസെന്റും ആളും അർത്ഥവും നൽകി. 1660 സെപ്തംബർ 27 ന് വിൻസെന്റ് ലോകത്തോടു വിടചൊല്ലി. 1737 ജൂൺ 7 ന് വിശുദ്ധനായും 1883 ൽ സകല പരസ്നേഹ പ്രവർത്തനങ്ങളുടെയും സ്വർഗ്ഗീയ മദ്ധ്യസ്ഥനായും വി. വിൻസെന്റിനെ പ്രഖ്യാപിച്ചു.

**സി.സി. മീറ്റിംഗ്**

അടുത്ത സി.സി. മീറ്റിംഗ് സെപ്റ്റംബർ 9 ന് ശനിയാഴ്ച പതിവു സമയത്തുതന്നെ തുടങ്ങുന്നതാണ്. എല്ലാ എ.സി. പ്രസിഡന്റുമാരും സി.സി. ഭാരവാഹികളും അവശ്യം പങ്കുചേരണമെന്നു താല്പര്യപ്പെടന്നു.

**വാഴ്ത്തപ്പെട്ട വഴിത്താര**

ഭാരവാഹികളുടെ ആവശ്യപ്രകാരം "വാഴ്ത്തപ്പെട്ട വഴിത്താര" എന്ന ഫ്രഡറിക് ഓസാനാമിന്റെ ജീവിതചരിത്രം ഉൾക്കൊള്ളുന്ന പുസ്തകം സി.സിയിൽ എത്തിച്ചേർന്നിട്ടുണ്ട്. 50 രൂപാ നിരക്കിൽ ഓരോരുത്തരും ഏറെ കോപ്പികൾ കൈപ്പറ്റുവാൻ മറക്കരുത്.

**അംഗങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ**

ഓരോ കോൺഫറൻൻസ് അംഗങ്ങളുടെയും പൂർണ്ണവിവരങ്ങൾ നല്കുവാൻ വേണ്ടി ഏല്പിച്ച "ഫോം" പൂരിപ്പിച്ചു തരാത്ത എ.സി. പ്രസിഡന്റുമാർ അതു പൂർത്തിയാക്കി തിരികെ ഏല്പിക്കുവാൻ മറക്കാതിരിക്കുക.

നമ്മുടെ ഓരോ പ്രവർത്തനങ്ങളും സർവ്വശക്തനായ ദൈവത്തിന്റെ കാരുണ്യത്താൽ കൂടുതൽ ശക്തമായി നടക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹത്തോടെ,

ഈശോയിൽ,

**ബ്ര. ആന്റണി തോമസ് കാനാറികാവുങ്കൽ**
സി.സി. പ്രസിഡന്റ്

# ഫ്രാൻസിസ്ക്കൻ അല്മായസഭ

"സമാധാനം - സൗഭാഗ്യം"

സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ ത്യാഗോജ്ജ്വലമായ ജീവിതത്തെപ്പറ്റി ചിന്തിക്കുകയും ധ്യാനിക്കുകയും. ഈ പുണ്യദിനങ്ങൾ ആഘോഷിക്കുകയും ചെയ്യുന്ന ദിനങ്ങളാണല്ലോ കടന്നുവരുന്നത്. ഈ സുദിനങ്ങളുടെ ചൈതന്യം തീക്ഷ്ണമായി ഉൾക്കൊണ്ട് ജീവിതവിശുദ്ധീകരണത്തിലൂടെ നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും ഫ്രാൻസിസ്ക്കൻ ജീവിതശൈലി പ്രകടമാക്കുവാൻ പരിശ്രമിക്കുകയും ചെയ്യാം.

**വി. ഫ്രാൻസിസ് അസ്സീസിയുടെ നൊവേനയും തിരുനാളും ഭ്രാതൃത്വതലത്തിൽ**

വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ആഗോളതലത്തിൽ ഒക്ടോബർ 4-ാം തീയതി ആഘോഷിക്കുന്നതിനാൽ തിരുനാളിന് ഒരുക്കമായുള്ള നൊവേന സെപ്തംബർ 25-ാം തീയതി ഭ്രാതൃത്വതലത്തിൽ ആരംഭിക്കുകയും, ഒക്ടോബർ 3-ാം തീയതി വിശുദ്ധന്റെ മരണാനുസ്മരണം (Transitus-സ്വർഗ്ഗീയ പ്രവേശനം) ഉപവാസദിനമായി ആചരിക്കുകയും, ഒക്ടോബർ 4-ാം തീയതി തിരുനാളായി ഇടവകസമൂഹത്തോടൊപ്പം ആഘോഷിക്കുകയും ചെയ്യുക. നൊവേനയും ഉപവാസദിനവും, തിരുനാൾ ദിനവും, ഫ്രാൻസിസ്കൻ അരൂപിയിലും ചൈതന്യത്തിലും ആചരിക്കുവാൻ ശ്രദ്ധിക്കുക. തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുകയും ചെയ്യുന്നു.

**ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖിലകേരള ക്വിസ് മത്സരം**

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖിലകേരള ക്വിസ് മത്സരം 2017 ആഗസ്റ്റ് 15-ാം തീയതി ചൊവ്വാഴ്ച 2 മണിക്ക് വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിന്റെ സോഷ്യൽ സെന്ററിൽ നടത്തി. കോട്ടയം കപ്പൂച്ചിൻ പ്രോവിൻസിന്റെ മുൻ വൈസ് പ്രൊവിൻഷ്യൽ റവ. ഫാ. സേവ്യർ കൊച്ചറുമ്പിൽ OFM.Cap ക്വിസ് മത്സരം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഫ്രാൻസിസ്കൻ അല്മായസഭയുടെ ചങ്ങനാശേരി അതിരൂപത ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജോമോൻ ആശാംപറമ്പിൽ OFM.Cap ക്വിസ് മാസ്റ്റർ ആയിരുന്നു. വിവിധ രൂപതകളിൽനിന്നും 27-ൽ പരം ടീമുകൾ പങ്കെടുത്തു. പാലാ രൂപതയിലെ പെരിങ്ങളം, മുത്തോലപുരം എന്നീ ഭ്രാതൃത്വങ്ങൾ യഥാക്രമം ഒന്നും, രണ്ടും സ്ഥാനങ്ങളായ 5000 രൂപയും ക്യാഷ് പ്രൈസും, എവർറോ

ളിംഗ് ട്രോഫിയും, 3000 രൂപയും എവർറോളിംഗ് ട്രോഫിയും, കരസ്ഥമാക്കി. മൂന്നാം സ്ഥാനം എടത്വാ ഭ്രാതൃത്വം 2000 രൂപയും എവർറോളിംഗ് ട്രോഫിയും കരസ്ഥമാക്കി. വാഴപ്പള്ളി ആശ്രമത്തിലെ റവ. ഫാ. ജെയിംസ് ഡി. കുളത്തുങ്കൽ OFM.Cap സമ്മാനവിതരണം നടത്തി. പങ്കെടുത്ത എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനം വിതരണം ചെയ്തു. മത്സരത്തിന്റെ ജഡ്ജിയായി ശ്രീ. ടോജോ പടനിലം, ശ്രീ. സിബിച്ചൻ മഞ്ചേരിക്കളം, ജ്യോതിസ് മഞ്ചേരിക്കളം, റിച്ചാർഡ് ഫ്രാൻസിസ് സ്രാങ്കൻ, എന്നിവർ സേവനം ചെയ്തു. വിവിധ ഭ്രാതൃത്വങ്ങളിൽ നിന്നുമുള്ള SFO അംഗങ്ങൾ സൂപ്പർവൈസർമാരായിരുന്നു. സിബിച്ചൻ സ്രാങ്കൽ, എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട്, പി.റ്റി. തോമസ് പുന്നശ്ശേരി, അലക്സ് വി.സി., ജോസ്മോൻ മാളിയേക്കൽ, ചാക്കോച്ചൻ കന്നയിൽ, മോളി ജേക്കബ് പാലാത്ര, ഗ്രെയ്സ് വർഗീസ് പുതുപ്പറമ്പിൽ, പി.റ്റി. ജോസഫ് കുന്നന്താനം എന്നിവർ മത്സരങ്ങൾക്ക് നേതൃത്വം നൽകി. വിജയികൾക്കും, പങ്കെടുത്ത എല്ലാ ടീമുകൾക്കും നന്ദിയർപ്പിക്കുന്നു.

### വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളും SFO അതിരൂപതാ വാർഷികവും, SFO യുടെ ശതോത്തര സുവർണ്ണജൂബിലി ആഘോഷങ്ങളുടെ തിരിതെളിക്കലും

കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ പള്ളിയിൽ 2017 ഒക്ടോബർ 18-ാം തീയതി ബുധനാഴ്ച നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കും. ജൂബിലി ആഘോഷങ്ങളുടെയും വാർഷികത്തിന്റെയും, തിരുനാളിന്റെയും ഒരുക്കത്തിനും, വിജയത്തിനുമായി കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ഇടവകയേയും, ഭ്രാതൃത്വത്തെയും പ്രത്യേകമായി നമുക്കു സമർപ്പിച്ചു പ്രാർത്ഥിക്കാം. തിരുനാളിന്റെയും, വാർഷികത്തിന്റെയും വിശദമായ നോട്ടീസ് നിങ്ങളുടെ കൈകളിലെത്തുന്നതായിരിക്കും.

### റീജണൽ സെമിനാറുകൾ

2017 സെപ്റ്റംബർ 12-ാം തീയതി എടത്വാ റീജന്റെയും, 18-ാം തീയതി കുറുമ്പനാടം റീജന്റെയും സെമിനാറുകൾ സമുചിതമായി നടത്തി. എടത്വാ റീജണൽ സെമിനാർ ഫൊറോനാ വികാരി വെരി റവ. ഫാ. ജോൺ മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ശ്രീ. ജോഷി ആപ്പീസിൽ സെമിനാർ ക്ലാസ്സ് നയിച്ചു. റവ. ഫാ. ജോമോൻ ആശാംപറമ്പിൽ വി. കുർബാനയും, 11 അംഗങ്ങളുടെ നിത്യവ്രതവാഗ്ദാനത്തിനും കാർമ്മികത്വം വഹിച്ചു. കുറുമ്പനാടം റീജണൽ സെമിനാർ ചാഞ്ഞോടി പള്ളി വികാരി റവ. ഫാ. മാത്യു പുത്തനങ്ങാടി ഉദ്ഘാടനം ചെയ്തു. ശ്രീ. ജോഷി ആപ്പീസിൽ ക്ലാസ് നയിച്ചു. റവ. ഫാ. ജോമോൻ ആശാംപറമ്പിൽ OFM.Cap വി. കുർബാനയ്ക്കും, 30 അംഗങ്ങളുടെ സഭാവസ്ത്ര സ്വീകരണത്തിനും കാർമ്മികത്വം വഹിച്ചു.

**SFO സീറോമലബാർ കോ-ഓർഡിനേഷൻ കമ്മറ്റി പൊതു സമ്മേളനവും അനുഷ്ഠാനക്രമപുസ്തക പ്രകാശനവും**

2017 സെപ്റ്റംബർ 16-ാം തീയതി അങ്കമാലി സെന്റ് ഹെബ്രോൽസ് പള്ളിയിൽ (അങ്കമാലി കിഴക്കേപള്ളി) രാവിലെ 9.30 മുതൽ SFO സീറോമലബാർ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ നേതൃത്വത്തിൽ അനുഷ്ഠാനക്രമത്തിന്റെ പുതിയ പതിപ്പിന്റെ പ്രകാശനവും പൊതുസമ്മേളനവും മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് നിർവ്വഹിക്കും. ഈ പരിപാടികളിൽ നമ്മുടെ അതിരൂപതയിലെ നാലു റീജണുകളിൽനിന്നും റീജന്റെ 7 ഭാരവാഹികൾ, അതിരൂപതാ കമ്മറ്റിയുടെ 7 ഭാരവാഹികൾ, ബഹു. സ്പിരിച്ച്വൽ അസിസ്റ്റന്റ് എന്നിവർ പങ്കെടുക്കണം. റീജണൽ പ്രസിഡന്റുമാർ അന്നേദിവസം അവിടെ എത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തണമെന്ന് അറിയിക്കുന്നു.

നമ്മുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. ഫ്രാൻസിസിന്റെ തിരുനാളിന് മുന്നോടിയായുള്ള നൊവേനയ്ക്കും തിരുനാളിനും, SFO ശോത്തര സുവർണ്ണജൂബിലി ആഘോഷങ്ങൾക്കും, നമുക്ക് ഒരുങ്ങാം, ഒപ്പം പരിശുദ്ധ മാതാവിന്റെ പിറവിതിരുനാൾ മംഗളങ്ങളും നേർന്നുകൊണ്ട്.

സ്നേഹത്തോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ** OFM.Cap.
SFO അതിരൂപതാ Spiritual Assistant

# ആവേ മരിയ

**ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയം**

ലീജീയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ ആഗസ്റ്റ് മാസ പ്രാർത്ഥനാ സമ്മേളനം 06-08-2017 ഉച്ചകഴിഞ്ഞ് 1.30-ന് പാറേൽ പുരയ്ക്കൽ ഹാളിൽ വാർഷിക ധ്യാനത്തോടുകൂടി പ്രസിഡന്റ് തോമസ് ഫിലിപ്പ് പാലാത്രയുടെ അദ്ധ്യക്ഷതയിൽ നടന്നു. 25 പ്രസീദിയങ്ങളിൽ നിന്നുള്ള ഭാരവാഹികൾ അടക്കം ഏകദേശം 200 സൈനികർ ധ്യാനത്തിൽ പങ്കെടുത്തു.

പ്രാരംഭപ്രാർത്ഥന, ജപമാല എന്നിവയ്ക്കുശേഷം പ്രസിഡന്റ് എല്ലാവരെയും മാതാവിന്റെ നാമത്തിൽ സ്വാഗതം ചെയ്തു. തുടർന്ന് ലീജിയന്റെ സ്പിരിച്ചൽ ഡയറക്ടർ റവ. ഫാ. ജോജോ പുതുവേലിൽ ധ്യാന ചിന്തകൾ നല്കി.

“തിരുവചനത്തിന്റെ കാഴ്ചപ്പാടിൽ ജീവിക്കുവാൻ പ്രത്യേകം വിളിക്കപ്പെട്ടവർ ആണ് മരിയൻ സൈന്യം.” ഈ വിഷയത്തെ ആസ്പദമാക്കി വളരെ ലളിതവും സരളവുമായ രീതിയിൽ പറഞ്ഞുതന്നു, അച്ചന്റെ ധ്യാനചിന്ത എല്ലാവരെയും ചിന്തിപ്പിക്കുന്നതും, കുടുംബ ബന്ധങ്ങളെ വിലയിരുത്തി ചിന്തിക്കുന്ന തരത്തിലുള്ളതുമായിരുന്നു. രണ്ടര മണിക്കൂർ നീണ്ട അച്ചന്റെ വിലയേറിയ ഈ വചനസന്ദേശത്തിന് വൈസ് പ്രസിഡന്റ് വത്സമ്മ കൂട്ടുമ്മേൽ നന്ദി അർപ്പിച്ചു. കാപ്പി സൽക്കാരത്തിനുശേഷം ഭാരവാഹികളുടെ യോഗം ആരംഭിച്ചു. സെക്രട്ടറി ജെമിനി സുരേഷ് റിപ്പോർട്ട് വായിച്ചു യോഗം പാസ്സാക്കി. പ്രസിഡന്റ് ഒപ്പുവച്ചു. ഖജാൻജി എത്സമ്മ കോട്ടപ്പുറം ജൂലൈ മാസത്തെ വരവു ചിലവു കണക്കുകൾ യോഗത്തിൽ അവതരിപ്പിച്ചു പാസ്സാക്കി.

ലീജിയന്റെ എല്ലാ പ്രധാന വിവരങ്ങളും അതാതു വികാരി അച്ചന്മാരെ അറിയിക്കുക, അവരെ സെപ്റ്റംബർ സമ്മേളത്തിനു ക്ഷണിക്കുക, പ്രസീദിയം മീറ്റിംഗുകളിലേക്കു ക്ഷണിക്കുക എന്നിവയെല്ലാം യോഗം ചർച്ചയിലൂടെ തീരുമാനിച്ചു.

ബഹുമാനപ്പെട്ട ഞള്ളത്തുവയലിൽ അച്ചന്റെ മൃതസംസ്കാരത്തിന് ലീജിയൻ അംഗങ്ങൾ പോകുകയും റീത്തു സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. വാർഷിക ധ്യാനത്തിടയിൽ ജോജോ അച്ചൻ ഞള്ളത്തുവേലിൽ അച്ചന്റെ ആത്മശാന്തിക്കായി സൈനികരോടൊത്ത് പ്രത്യേകം പ്രാർത്ഥന നടത്തി. സ്പിരിച്ചൽ ഡയറക്ടർ കൂത്രപ്പള്ളി കൂരിയ സന്ദർശിച്ച് വിലയിരുത്തി.

മരിയൻ സൈനികർ തങ്ങളുടെ വിശ്വസ്തതയാലും സുകൃതങ്ങളാലും ധീരതയാലും സ്വർഗ്ഗരാജ്ഞിക്ക് യോഗ്യരായ പ്രവർത്തകരാകുമെന്നു പ്രതീക്ഷിച്ചുകൊണ്ട് ഏകദേശം 5 മണിയോടുകൂടി സമ്മേളനം സമംഗളം പര്യവസാനിച്ചു. സൈനികർ പരസ്പരം സ്തുതിയും കൊടുത്ത് സ്വഭവനങ്ങളിലേക്ക് മടങ്ങി.

കമ്മീസിയത്തിനുവേണ്ടി,

**റവ. ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മിക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ.**
കണ്ണമ്പള്ളി (സെക്രട്ടറി)

121

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ: ആരാധനാസമൂഹാദ്ധ്യക്ഷൻ

**(തിരുവചനഭാഗം: മർക്കോ 11,1-33)**

ഈശോമിശിഹായുടെ പീഡാനുഭവത്തെയും മരണത്തെയുംകുറിച്ചുള്ള വിവരണത്തിന് പ്രാരംഭമായി സുവിശേഷകൻ ഒരുക്കുന്ന ഭാഗമാണ് ഇവിടെ ആരംഭിക്കുന്നത്. ഈശോയുടെ ജറുസലേം പ്രവേശനംകൊണ്ടാണ് ഈ ഭാഗം തുടങ്ങുന്നത്. നാലു സുവിശേഷകരും രേഖപ്പെടുത്തുന്ന ഒരു സംഭവമാണ് ഈശോയുടെ ആഘോഷമായ ജറുസലേം പ്രവേശനം. കേസറിയാ ഫിലിപ്പിയിൽവച്ച് പത്രോസ് ഈശോയിലുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനുശേഷം ഈശോ തന്റെ ശിഷ്യന്മാരോടൊപ്പം ആരംഭിച്ച യാത്രയാണ് ജറുസലേമിൽ ലക്ഷ്യസ്ഥാനത്തെത്തുന്നത്. ജറുസലേമിനു തൊട്ടുപുറത്തുള്ള രണ്ടു സ്ഥലങ്ങളാണ് ബേത്ഫഗെയും ബഥാനിയായും. അവിടെനിന്നാണ് ഈശോയുടെ നഗരപ്രവേശന ഘോഷയാത്ര ആരംഭിക്കുന്നത്.

ഈശോയുടെ രാജകീയ ജറുസലേംപ്രവേശനം (11,1-11), ഫലങ്ങളില്ലാത്ത അത്തിമരം (11,12-14), ദൈവാലയശുദ്ധീകരണം (11,15-19), വിശ്വാസത്തിന്റെ ശക്തി (11,20-26), ഈശോയുടെ അധികാരം (11,27-33) എന്നീ അഞ്ചുഭാഗങ്ങളാണ് ഈ സുവിശേഷഭാഗത്തിനുള്ളത്. പഴയനിയമ ആരാധനാവേദിയായിരുന്നല്ലോ ജറുസലേം ദൈവാലയം. പഴയനിയമ ആരാധനയെ ശുദ്ധീകരിച്ച് മിശിഹാകേന്ദ്രീകൃതമായ പുതിയനിയമ ആരാധനയ്ക്ക് രൂപംകൊടുക്കുന്നു എന്ന ഒരു സന്ദേശമാണ് നമുക്ക് ഇവിടെ ലഭിക്കുന്നത്. ആരാധനാസമൂഹാദ്ധ്യക്ഷനായ പുരോഹിതന്റെ ആദ്ധ്യാത്മികതയെക്കുറിച്ചുള്ള വിചിന്തനങ്ങൾക്ക് ഈ സുവിശേഷഭാഗം സഹായകരമാകും.

### 1. പുരോഹിതൻ: ആരാധനാജീവിതം നയിക്കുന്നവൻ

"*അവൻ ജറുസലേമിൽ പ്രവേശിച്ച് ദൈവാലയത്തിനുള്ളിലേക്കു പോയി; ചുറ്റും നോക്കി എല്ലാം കണ്ടശേഷം, നേരം വൈകിയിരുന്നതിനാൽ, പന്ത്രണ്ടു പേരോടുംകൂടെ ബഥാനിയായിലേക്കു പോയി*" (11,11).

മർക്കോസ് 11,1-6 ലെ വിശദമായ വിവരണം ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. ആകസ്മികമായി സംഭവിച്ച ഒന്നല്ല ഈശോയുടെ ജറുസലേം പ്രവേശനം. ഈശോ മുൻകൂട്ടി ആലോചിച്ച് തീരുമാനിച്ച ഒരു പദ്ധതിയാണ് ഇവിടെ നടപ്പാക്കുന്നത്. നടന്ന് തീർത്ഥാടന കേന്ദ്രത്തിലേക്കു കയറുന്നതിനു പകരം ഈശോ ഒരു കഴുതക്കുട്ടിയുടെ പുറത്തിരുന്ന് നഗരപ്രവേശനം നടത്തുന്നു. ഒരു രാജാവ് നഗരപ്രവേശനം നടത്തുമ്പോൾ കൊടുക്കാ

റുള്ള രാജകീയസ്വീകരണമാണ് ഈശോയ്ക്ക് നഗരവാസികൾ കൊടുത്തത്. എന്നാൽ വെറും ഭൗമികരാജാവായിട്ടല്ല ഈശോ നഗരപ്രവേശനം നടത്തുന്നത് എന്ന് ഓർമ്മിപ്പിക്കുന്നതാണ് ഈശോയുടെ പ്രതികരണം. സാധാരണ രാജാക്കന്മാർ കുതിരപ്പുറത്താണ് നഗരപ്രവേശനം നടത്താറുള്ളത്. ഈശോ കഴുതപ്പുറത്തിരുന്നു നഗരപ്രവേശനം നടത്തുന്നത് സഖറിയ 9,9 ഓർമ്മിപ്പിക്കുന്നതിനാണ്. ഈശോ എളിമയും ശാന്തതയുമുള്ള, സമാധാനത്തിന്റെ രാജാവാണ്. തന്റെ പീഡാനുഭവത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ് അവിടുന്ന് ഈ സമാധാനം സ്ഥാപിക്കുന്നത്. കുരിശിലാണ് അവിടുത്തെ രാജത്വം മനുഷ്യർക്കു വെളിപ്പെടുത്തപ്പെട്ടത്. തന്റെ ഈ രാജത്വമാണ് കഴുതയുടെ പുറത്തിരുന്ന് നഗരപ്രവേശനം നടത്തിയ ഈശോ പ്രഖ്യാപിക്കുന്നത്.

നഗരപ്രവേശനം നടത്തിയ ഈശോ ദേവാലയത്തിനുള്ളിലേക്കു പോയി. ദൈവാലയത്തിൽ പ്രവേശിച്ച് എല്ലാം നിരീക്ഷിച്ചതിനുശേഷം ബഥാനിയായിലേക്കു പോയി എന്നാണ് മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. മത്തായി സുവിശേഷകനും ലൂക്കാ സുവിശേഷകനും ഉടനെതന്നെ ഈശോ ദൈവാലയശുദ്ധീകരണം നടത്തുന്നതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവാരാധനക്കുവേണ്ടിയുള്ള ദൈവാലയം എപ്രകാരം സംരക്ഷിക്കപ്പെടുന്നു എന്ന് അറിയുവാൻ താല്പര്യമുള്ളവനാണ് ദൈവം. മാമ്മോദീസായിലൂടെ ത്രിയേകദൈവത്തിന്റെ സാന്നിദ്ധ്യമുള്ള ദൈവാലയങ്ങളായി നാം മാറുകയുണ്ടായി (മത്താ 28,19; യോഹ 14,23). ദൈവം ആയിരിക്കുന്നതുപോലെ ദൈവത്തെ അംഗീകരിക്കുന്നതാണ് ആരാധന. പരിശുദ്ധനായ ദൈവത്തിന്റെ സാന്നിദ്ധ്യമുള്ള നമ്മുടെ ജീവിതം പരിശുദ്ധമായി കാത്തുസൂക്ഷിക്കണം. ഇരുപത്തിനാലു മണിക്കൂറും നമ്മുടെ ജീവിതം ദൈവത്തിന്റെ നിരീക്ഷണത്തിലാണ്. അത് ദൈവത്തിനു സ്വീകാര്യമായ വിധത്തിൽ പരിശുദ്ധമായി കാത്തുസൂക്ഷിക്കുന്നതിലൂടെയാണ് നാം യഥാർത്ഥ ആരാധനാജീവിതം നയിക്കുന്നത്. ഇപ്രകാരം പുരോഹിതൻ യഥാർത്ഥ ആരാധനാജീവിതം നയിക്കുന്നവനാകണം. യഥാർത്ഥ ആരാധനാജീവിതം നയിക്കുവാൻ ജനങ്ങൾക്കു നേതൃത്വം നല്കുന്നവനുമാകണം.

## 2. പുരോഹിതൻ: നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നവൻ

"*അവൻ പറഞ്ഞു: ആരും ഇനിയൊരിക്കലും നിന്നിൽനിന്നു പഴം തിന്നാതിരിക്കട്ടെ! അവന്റെ ശിഷ്യന്മാർ ഇതുകേട്ടു*" (11,14).

നാലു സുവിശേഷകരും രേഖപ്പെടുത്തുന്ന ഒരു സംഭവമാണ് ദൈവാലയശുദ്ധീകരണം. മത്തായിയും ലൂക്കായും ദൈവാലയം ശുദ്ധീകരിക്കുന്ന സംഭവം രേഖപ്പെടുത്തിയിരിക്കുന്നത് ഈശോയുടെ നഗരപ്രവേശനത്തിനുശേഷം ഉടനെതന്നെ അതേ ദിവസം നടക്കുന്നതായിട്ടാണ്. നാലാമത്തെ സുവിശേഷം ഈ സംഭവം ഈശോയുടെ പരസ്യജീവിതത്തിന്റെ ആരംഭത്തിലാണ് അവതരിപ്പിക്കുന്നത്. മർക്കോസ് മാത്രം ദൈവാലയശുദ്ധീകരണം വ്യത്യസ്തമായ സന്ദർഭത്തിലാണ് അവതരിപ്പിക്കുന്നത്. നഗരപ്രവേശനത്തിനും ദൈവാലയ നിരീക്ഷണത്തിനും ശേഷം ഈശോ ബഥാനിയായിലേക്കു പോകുന്നു. പിറ്റേദിവസം ബഥാനിയായിൽനിന്ന് തിരിച്ചുവരുന്ന വഴിക്ക് ഫലം തരാത്ത അത്തിവൃക്ഷത്തെ ശപിക്കുന്നു. പിന്നീടുവന്ന് ദൈവാലയം ശുദ്ധീകരിക്കുന്നു. ഫലമില്ലാത്ത അത്തിമരം ശപിക്കപ്പെട്ടതുപോലെ ദൈവപുത്രനെ സ്വീകരിക്കാത്ത ആരാധനാകേന്ദ്രവും ശപിക്കപ്പെട്ടതായിത്തീരുമെന്ന സന്ദേശം നല്കാനാണ് മർക്കോസ് ഇപ്രകാരം ചെയ്യുന്നത്.

ജറുസലേം ശുശ്രൂഷയിൽ ഈശോ ചെയ്ത ഏക അത്ഭുതമാണ് അത്തിമരത്തെ ശപിച്ചതും ആ മരം ഉടനെ ഉണങ്ങിപ്പോയതും. പഴയനിയമത്തിൽ പ്രവാചകന്മാർ നിരവധി പ്രതീകാത്മക പ്രവൃത്തികളിലൂടെ ദൈവമനസ്സ് ജനങ്ങളെ അറിയിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഈജിപ്തിലെയും എത്യോപ്യായിലെയും ജനങ്ങളെ അടിമത്തത്തിലേക്കു കൊണ്ടുപോകുന്ന സമയം വരുന്നുവെന്ന മുന്നറിയിപ്പു നല്കാൻ ഏശയ്യാപ്രവാചകൻ മൂന്നു വർഷം നഗ്നനായി ജീവിച്ചുവെന്ന് നാം കാണുന്നുണ്ട് (ഏശ 20). അതുപോലെ ജറെമിയായും എസെക്കിയേലും നിരവധി പ്രതീകാത്മക പ്രവൃത്തികളിലൂടെ മുന്നറിയിപ്പുകളും സന്ദേശങ്ങളും നല്കിയിട്ടുണ്ട്. അതുപോലെ ഒരു പ്രതീകാത്മക പ്രവൃത്തിയാണ് അത്തിമരത്തെ ശപിക്കുന്നത്. ഇലകൾ മാത്രമായി ഫലങ്ങളൊന്നും പുറപ്പെടുവിക്കാതെനിന്ന അത്തിമരം പോലെ ആയിത്തീർന്നിരുന്ന യഹൂദനേതൃത്വവും ജറുസലേം ദൈവാലയകേന്ദ്രീകൃതമായ മതാനുഷ്ഠാനങ്ങളും ദൈവം നിരസിച്ചുതള്ളിയിരിക്കുന്നു എന്നതാണ് ഇവിടുത്തെ സന്ദേശം. ക്രിസ്തീയ ആരാധനയും ഇതുപോലെയാകാനുള്ള സാദ്ധ്യതയുണ്ട്. അരൂപിയുടെ ഫലങ്ങൾ പുറപ്പെടുവിക്കാതെ ബാഹ്യമായ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ഒതുങ്ങിനില്ക്കുന്ന ആരാധനയായി നമ്മുടെ ദൈവാലയകർമ്മങ്ങൾ മാറരുത്. അരൂപിയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന ജീവിതത്തിന്റെ ആഘോഷമായിരിക്കണം സഭയുടെ ആരാധന.

### 3. പുരോഹിതൻ: യഥാർത്ഥ ആരാധകൻ

"*അവർ ജറുസലേമിലെത്തി. അവൻ ദൈവാലയത്തിൽ പ്രവേശിച്ച്, അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെ പുറത്താക്കാൻ തുടങ്ങി. നാണയമാറ്റക്കാരുടെ മേശകളും പ്രാവു വില്പനക്കാരുടെ ഇരിപ്പിടങ്ങളും അവൻ തട്ടിമറിച്ചിട്ടു. ദൈവാലയത്തിലൂടെ പാത്രങ്ങൾ ചുമന്നുകൊണ്ടുപോകാൻ ആരെയും അവൻ അനുവദിച്ചില്ല. അവൻ അവരെ പഠിപ്പിച്ചു: എന്റെ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിട്ടില്ലേ? നിങ്ങൾ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു*" (11,15-17).

ദൈവാലയശുദ്ധീകരണം ആരാധനയുടെ ശുദ്ധീകരണമാണ്. ഈശോയുടെ പ്രവൃത്തികൾ പഴയനിയമത്തിലെ പ്രവാചകദൗത്യത്തിന്റെ തുടർച്ചയും പൂർത്തീകരണവുമാണ്. ദൈവാലയത്തിലെ അനുഷ്ഠാനപരമായ ആരാധന അസാദ്ധ്യമാക്കിത്തീർക്കുന്ന പ്രവൃത്തിയാണ് ഈശോ ചെയ്തത്. ദൈവാലയത്തെ ഏശയ്യായുടെ പ്രവചനപ്രകാരം (ഏശ 57,7) സകല ജനതകൾക്കുംവേണ്ടിയുള്ള യഥാർത്ഥ പ്രാർത്ഥനാലയമാക്കി പുന:പ്രതിഷ്ഠിക്കുകയായിരുന്നു അവിടുത്തെ ലക്ഷ്യം. അന്ത്യകാലത്ത് ലോകജനതകൾ ജറുസലേമിലേക്ക് തീർത്ഥയാത്രചെയ്ത് ദൈവത്തെ ആരാധിക്കുമെന്ന പ്രവാചകപ്രതീക്ഷ അവിടുന്ന് പൂർത്തിയാക്കുകയായിരുന്നു (ഏശ 2,1-4; 56,6-7). ഈശോയുടെ മരണനിമിഷത്തിൽ ദൈവാലയത്തിലെ തിരശ്ശീല മുകൾ മുതൽ അടിവരെ രണ്ടായി കീറിയത് (മർക്കോ 15,37) പഴയ ദൈവാലയത്തിന്റെ അന്ത്യവും ഈശോയുടെ ഉത്ഥാനത്തിൽ ജനതകളുടെ പ്രാർത്ഥനാലയമായ പുതിയ ദൈവാലയത്തിന്റെ നിർമ്മാണവും ദ്യോതിപ്പിക്കുന്നു. ഈ പുതിയ ദൈവാലയം ഉത്ഥിതനായ മിശിഹായുടെ ശരീരമാണെന്ന് വി. യോഹന്നാന്റെ സുവിശേഷം സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ 2,17).

യഥാർത്ഥ ദൈവാലയത്തെക്കുറിച്ചും ആരാധനയെക്കുറിച്ചും ഈശോ പറയുന്നത്

യോഹന്നാന്റെ സുവിശേഷത്തിലാണ്. സമറിയാക്കാരി സ്ത്രീയുമായുള്ള സംഭാഷണത്തിൽ ഈശോ പറയുന്നു: "യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾത്തന്നെയാണ്. യഥാർത്ഥത്തിൽ അങ്ങനെയുള്ള ആരാധകരെത്തന്നെയാണ് പിതാവ് അന്വേഷിക്കുന്നതും. ദൈവം അരൂപിയാണ്: അവിടുത്തെ ആരാധിക്കുന്നവർ അരൂപിയിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്" (യോഹ 4,23-24). പരിശുദ്ധാരൂപിയിൽ മിശിഹായിലൂടെ പിതാവിനെ ആരാധിക്കുന്ന, ത്രിത്വാത്മക ആരാധനയാണ് ഇവിടെ യഥാർത്ഥ ആരാധനയായി ഈശോ വിശേഷിപ്പിക്കുന്നത്. മഹത്ത്വീകൃതനായ മിശിഹായിൽ ഒന്നായി ജീവിക്കുന്ന, മാമ്മോദീസായിലൂടെ മിശിഹായുടെ ശരീരത്തിലെ അവയവങ്ങളായിത്തീർന്ന സഭാസമൂഹത്തിന്റെ ആരാധനയാണ് യഥാർത്ഥ ആരാധന. പരി. കുർബാനയിൽ കേന്ദ്രീകൃതമായ, ത്രിത്വകൂട്ടായ്മയിലുള്ള സഭാജീവിതത്തിന്റെ ആഘോഷമാണ് യഥാർത്ഥ ആരാധന. ഇപ്രകാരമുള്ള ആരാധനാസമൂഹമായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാനുള്ള ദൗത്യമാണ് കുർബാനയർപ്പിക്കുന്ന പുരോഹിതനുള്ളത്. അതുകൊണ്ട് പുരോഹിതൻതന്നെ ഇപ്രകാരമുള്ള യഥാർത്ഥ ആരാധകനാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

### 4. പുരോഹിതൻ: പ്രാർത്ഥനയുടെ മനുഷ്യൻ

*"അതിനാൽ, ഞാൻ പറയുന്നു: പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുകതന്നെ ചെയ്യും. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്ക് ആരോടെങ്കിലും എന്തെങ്കിലും വിരോധമുണ്ടെങ്കിൽ അതു ക്ഷമിക്കുവിൻ. അപ്പോൾ സ്വർഗത്തിലുള്ള നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കും"* (11,24-25).

ഈശോ ശപിച്ച അത്തിമരം സമൂലം ഉണങ്ങിപ്പോയിരുന്നു. ഈശോയുടെ ശാപമാണ് അത്തിമരത്തിന്റെ ഗതി അത്തരത്തിലാക്കിയതെന്ന് പത്രോസിനു മനസ്സിലാകുകയും അദ്ദേഹം അത് മറച്ചുവയ്ക്കാതെ ഈശോയോട് പറയുകയും ചെയ്യുന്നു (11,21). പത്രോസിന്റെ ഈ ഓർമ്മപ്പെടുത്തൽ വിശ്വാസത്തെക്കുറിച്ചും പ്രാർത്ഥനയെക്കുറിച്ചും പഠിപ്പിക്കാൻ ഈശോയ്ക്ക് അവസരമൊരുക്കുന്നു. 23-ാം വാക്യം വിശ്വാസത്തെപ്പറ്റി പറയുമ്പോൾ 24-ാം വാക്യം പ്രാർത്ഥനയെപ്പറ്റിയും 25-26 വാക്യങ്ങൾ ക്ഷമിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റിയുമാണ് പറയുന്നത്. ഈ മൂന്നു കാര്യങ്ങളും അവശ്യം ബന്ധപ്പെട്ടവയാണ്. വിശ്വാസത്തിന്റെ പ്രകാശനമാണ് പ്രാർത്ഥന. വിശ്വസിക്കുന്നവനേ പ്രാർത്ഥിക്കുകയുള്ളു. വിശ്വാസത്തിനനുസൃതമായേ പ്രാർത്ഥന ഫലപ്രദമാകുകയുള്ളു. വിശ്വാസത്തോടെയുള്ള പ്രാർത്ഥനവഴി അസാദ്ധ്യകാര്യങ്ങൾപോലും സാധ്യമായിത്തീരും. കേൾക്കപ്പെടാത്ത ഒരു പ്രാർത്ഥനയുമില്ല. പക്ഷേ, അത് ദൈവഹിതത്തിന് അനുസൃതമായിരിക്കണമെന്നുമാത്രം. ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിച്ചുകൊണ്ട് നാം പ്രാർത്ഥിക്കണം. നമുക്കു നന്മയാണെങ്കിൽ അതു തീർച്ചയായും ദൈവം നല്കും എന്നു വിശ്വസിച്ചുകൊണ്ട് നാം പ്രാർത്ഥിക്കണം. അപ്പോൾ ദൈവം പ്രാർത്ഥന കേട്ടു എന്ന അനുഭവം നമുക്കുണ്ടാകും.

വിശ്വാസത്തോടൊപ്പം ക്ഷമിക്കുന്ന സ്നേഹവും പ്രാർത്ഥന കേൾക്കപ്പെടുന്ന അനുഭവത്തിന് ആവശ്യമാണ്. പരസ്പരം ക്ഷമിക്കുവാൻ തയ്യാറാകാതെ സ്നേഹത്തിൽ നിലനില്ക്കുവാൻ സാധിക്കുകയില്ല. പ്രാർത്ഥിക്കുക എന്നു വച്ചാൽ സ്നേഹിക്കുക

എന്നാണർത്ഥം. ദൈവവുമായുള്ള സ്നേഹസംഭാഷണമാണ് പ്രാർത്ഥന. ദൈവത്തെ സ്നേഹിക്കുന്നവർ ദൈവം തരുന്നവരെയും സ്നേഹിക്കും. ശരിയായ വിശ്വാസമുള്ളിടത്ത് ശരിയായ സ്നേഹബന്ധമുണ്ടാകും. ദൈവത്തിൽ വിശ്വസിക്കുന്നവൻ ദൈവത്തിന്റെ സ്നേഹത്തിലാണ് വിശ്വസിക്കുന്നത്: "ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ 4,16). ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിക്കുന്നവൻ ദൈവത്തെ സ്നേഹിക്കാതിരിക്കുകയില്ല. ദൈവത്തെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നവൻ ദൈവം സ്നേഹിക്കുന്ന ആരെയും തന്റെ സ്നേഹത്തിൽനിന്നും ഒഴിവാക്കുകയില്ല. പരസ്പരസ്നേഹത്തിനു തടസ്സമായി മാനുഷികമായി ഉണ്ടാകുവാൻ സാദ്ധ്യതയുള്ള എല്ലാറ്റിനെയും മറികടന്ന്, ക്ഷമിച്ചുകൊണ്ട് എല്ലാവരെയും സ്നേഹിക്കുവാൻ അയാൾക്കു കഴിയും. അപ്രകാരമുള്ള, ദൈവമനുഷ്യസ്നേഹാനുഭവത്തോടുകൂടി പ്രാർത്ഥിച്ചാൽ കേൾക്കപ്പെടാത്ത ഒരു പ്രാർത്ഥനയുമില്ല. പുരോഹിതൻ മറ്റുള്ളവരുമായി ഏറ്റം കൂടുതൽ ബന്ധപ്പെടുന്നവനായതുകൊണ്ട്, ക്ഷമിച്ചുകൊണ്ട് സ്നേഹിക്കുവാൻ പ്രത്യേകം പരിശീലിക്കേണ്ടവനാണ്. അങ്ങനെ വിശ്വാസത്തോടും സ്നേഹത്തോടുംകൂടെ പ്രാർത്ഥിക്കുമ്പോൾ പുരോഹിതശുശ്രൂഷ പൂർണതയിൽ ഫലമണിയും.

### 5. പുരോഹിതൻ: ദൈവിക ആധികാരികതയുള്ളവൻ

"*അവർ വീണ്ടും ജറുസലേമിൽ വന്നു. അവൻ ദൈവാലയത്തിലൂടെ നടക്കുമ്പോൾ പ്രധാന പുരോഹിതന്മാരും നിയമജ്ഞരും ജനപ്രമാണികളും അവന്റെ അടുത്തെത്തി. അവർ അവനോടു ചോദിച്ചു: എന്തധികാരത്താലാണ് നീ ഇവയൊക്കെ ചെയ്യുന്നത്? ഇവ പ്രവർത്തിക്കുന്നതിന് ആരാണ് നിനക്ക് അധികാരം നല്കിയത്?*" (11,27-28).

തലേദിവസം ശുദ്ധീകരണകർമ്മം നടത്തിയ ദൈവാലയാങ്കണത്തിലേക്ക് ഈശോയും ശിഷ്യന്മാരും വീണ്ടും വന്നു. തലേദിവസം ഈശോ ദൈവാലയാങ്കണത്തിൽ നടത്തിയ പ്രതിഷേധത്തിൽ സ്തംഭിച്ചുപോയ അധികാരികൾ തങ്ങളുടെ മനഃസാന്നിദ്ധ്യം തിരിച്ചു കിട്ടിയപ്പോൾ ഈശോയെ നേരിൽകണ്ട് അവിടുത്തെ ചോദ്യം ചെയ്യുകയാണ്: "എന്തധികാരത്താലാണ് നീ ഇവയൊക്കെ ചെയ്യുന്നത്? ഇവ പ്രവർത്തിക്കുന്നതിന് ആരാണ് നിനക്ക് അധികാരം തന്നത്?" (11,28). ഈശോയുടെ അധികാരത്തെയാണ് അവർ ചോദ്യം ചെയ്യുന്നത്. ഈശോയെ ചോദ്യംചെയ്ത് ഒരു കുറ്റക്കാരനായി ജനമദ്ധ്യത്തിൽ അവതരിപ്പിച്ച് അവിടുത്തെ ഇല്ലായ്മ ചെയ്യാനായിരുന്നു അവരുടെ പദ്ധതി. ഈ കെണിയിൽ പെടാതെ ഈശോ അവരോട് ഒരു മറുചോദ്യം ചോദിക്കുന്നു. എല്ലാവർക്കും സുപരിചിതനായിരുന്ന സ്നാപകയോഹന്നാനെക്കുറിച്ചായിരുന്നു ആ ചോദ്യം: "യോഹന്നാന്റെ മാമ്മോദീസാ സ്വർഗത്തിൽനിന്നോ മനുഷ്യരിൽനിന്നോ?" (11,30). യോഹന്നാനെ വലിയ ഒരു പ്രവാചകനും ദൈവികമനുഷ്യനുമായി ജനങ്ങൾ കണ്ടിരുന്നു. അതുകൊണ്ട് അവർ ഒരു മറുപടിയും പറഞ്ഞില്ല. ഈശോ അവർക്കും മറുപടി കൊടുത്തില്ല. പക്ഷേ, ഈ ചോദ്യത്തിലൂടെ ഈശോ അവരുടെ ചോദ്യത്തിനു മറുപടി കൊടുത്തുകഴിഞ്ഞു. ഈശോയുടെ മുന്നോടിയായി വന്നവൻ ദൈവത്തിൽനിന്നാണെങ്കിൽ ഈശോയുടെ അധികാരം തീർച്ചയായും ദൈവത്തിൽനിന്നുതന്നെയാണ്.

പുരോഹിതൻ മിശിഹായുടെ പ്രതിപുരുഷനാണ്. സഭയിൽ ഒരു പുരോഹിതനേയുള്ളു. അത് മിശിഹായാണ്. ഒരു പൗരോഹിത്യമേയുള്ളു. അത് മിശിഹായുടേതാണ്. അതുകൊണ്ട് പുരോഹിതന്റെ ആധികാരികത മിശിഹായുടേതുതന്നെയാണ്. സെനക്കിളിൽ ഉത്ഥിതനായ മിശിഹാ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ട് തന്റെ ദൗത്യം അവർക്കു കൈമാറുന്നതായി കാണുന്നു. അവിടുന്നു പറയുന്നു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ട് അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുൾച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,21-23). പരിശുദ്ധാത്മാവിന്റെ കൃപാവരം വഴി ഈ ശ്ലൈഹികദൗത്യമാണ് പുരോഹിതന്മാർക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് പുരോഹിതനും ദൈവികമായ ആധികാരികതയോടുകൂടി സഭയിൽ ശുശ്രൂഷ ചെയ്യേണ്ടവനാണ്. മിശിഹാ ദൈവഹിതമനുസരിച്ച് ഓരോ നിമിഷവും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടാണ് ദൈവികമായ ആധികാരികതയുള്ളവനായത്: "ഈശോ അവരോടു പറഞ്ഞു: എന്റെ പിതാവ് ഇപ്പോഴും പ്രവർത്തനനിരതനാണ്; ഞാനും പ്രവർത്തിക്കുന്നു" (യോഹ 5,17). പുരോഹിതനും, ഓരോ നിമിഷവും ദൈവഹിതമനുസരിച്ച് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട്, ദൈവികമായ ആധികാരികത കൈവരിക്കണം.

## ജീവിതസൂചിക

1. എന്റെ ജീവിതമാകുന്ന ദൈവാലയം പരിശുദ്ധമായി കാത്തുസൂക്ഷിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
2. എന്നിൽനിന്നും ദൈവം പ്രതീക്ഷിക്കുന്ന അരൂപിയുടെ ഫലങ്ങൾ എത്രമാത്രം എന്റെ ജീവിതത്തിൽ ഞാൻ അനുഭവിക്കുന്നുണ്ട്?
3. യഥാർത്ഥ ആരാധനാജീവിതമാണോ ഞാൻ നയിക്കുന്നത്?
4. ഉറച്ച വിശ്വാസത്തോടും തികഞ്ഞ സ്നേഹത്തോടുംകൂടെ പ്രാർത്ഥിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
5. ദൈവികമായ ആധികാരികതയോടുകൂടി പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ജൂലൈ 25**

25 വൈകുന്നേരം ചേലക്കര എസ്റ്റേറ്റിലെത്തി, രാത്രി അവിടെ വിശ്രമിച്ചു.

26 രാവിലെ താമരശ്ശേരി ബിഷപ്സ് ഹൗസിലെത്തി അഭിവന്ദ്യ പിതാക്കന്മാരുമൊത്ത് സമയം ചിലവഴിച്ചു, തുടർന്ന് മാനന്തവാടി പാസ്റ്ററൽ സെന്റർ, ബഹു. ജോർജ്ജ് മൂലയിലച്ചന്റെ കബറിടം, മാനന്തവാടി അരമന, പുളകുറ്റിയിലുള്ള ASMI സന്ന്യാസഭവനം, കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി, നസ്രത്ത് സന്ന്യാസഭവനം, LSDP, MLF എന്നീ സന്ന്യാസിനി ഭവനങ്ങൾ സന്ദർശിച്ച് വൈകുന്നേരം കരുവഞ്ചാലിലുള്ള തലശ്ശേരി അതിരൂപതയുടെ വൈദിക മന്ദിരത്തിലെത്തി വിശ്രമിച്ചു.

27 രാവിലെ കണ്ണിവയൽ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. മരിച്ചവരെ അനുസ്മരിച്ച് പ്രാർത്ഥനാകർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. കോഴിമറ്റം കുടുംബയോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് തലശ്ശേരി അരമന സന്ദർശിച്ച് അഭിവന്ദ്യ പിതാക്കന്മാരുമൊത്ത് സമയം ചിലവഴിച്ചശേഷം തിരികെ ചങ്ങനാശേരിയിലേക്കു മടങ്ങി.

28 ഉച്ചകഴിഞ്ഞ് ചേപ്പുംപാറ സി. അൽഫോൻസാ സ്കൂളിന്റെ പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ പങ്കെടുത്തു, തുടർന്ന് കുടമാളൂർ അൽഫോൻസാ ജന്മഗൃഹത്തിൽ നവീകരിച്ച *മദ്ബഹ* കൂദാശകർമ്മം ചെയ്തു.

29 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ചാസ്-ഖാദി ഓണം ഫെസ്റ്റിനോടനുബന്ധിച്ചു ലോഗോ പ്രകാശനം നിർവ്വഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽ നടത്തപ്പെട്ട പ്രവാസി വകുപ്പിന്റെ 2-ാം വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പാലായിൽ സിവിൽ സർവ്വീസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ റാങ്ക് ജേതാക്കൾക്ക് നൽകിയ സ്വീകരണയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ മേഴ്സി ഹോമിൽ നഴ്സിംഗ് ഹോസ്റ്റലിന്റെ ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. നെടുങ്കുന്നം മദർ തെരേസാ ഹോം സന്ദർശിച്ച് വൈദികരുമൊത്ത് ഭക്ഷണത്തിൽ പങ്കുചേർന്നു. മാടപ്പള്ളി ഇടവകാംഗമായ കാരുവള്ളി ആന്റണി വർഗ്ഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

30 കോട്ടയ്ക്കപ്പുറം സെന്റ് മാത്യൂസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

31 ഉച്ചകഴിഞ്ഞ് ചമ്പക്കുളം ബോട്ട് ക്ലബ് അസോസിയേഷന്റെ ട്രസ്റ്റ് രൂപീകരണ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു.

**ആഗസ്റ്റ്**

3 1970–'71, 1971–'72, 1972–'73 കാലഘട്ടങ്ങളിൽ പൗരോഹിത്യം സ്വീകരിച്ച ബഹു. വൈദികരുടെ സംഗമത്തിൽ പങ്കുചേർന്നു. ഉച്ചകഴിഞ്ഞ് രാമങ്കരിയിൽ ചേന്നാട്ടുശ്ശേരി ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ പ്രവാസി കുട്ടികൾക്കായി നടത്തപ്പെട്ട ക്യാമ്പിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

4 രാവിലെ ചാസ്-ഖാദിയുടെ ആഭിമുഖ്യത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് ഓണമേള കോട്ടയത്ത് ഉദ്ഘാടനം ചെയ്തു. ചെത്തിപ്പുഴ പള്ളിയിൽ ബഹു. മാർട്ടിൻ വാഴച്ചിറയുടെ മൃതസംസ്കാര ശുശ്രൂഷയിൽ സമാപന കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് എസ്.ബി. ഹൈസ്കൂളിൽ കോർപ്പറേറ്റ് മാനേ

ജ്മെന്റിന്റെ കീഴിലുള്ള കൗൺസിലുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം, തുരുത്തി ചെങ്ങാട്ട് ചാക്കോയുടെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാ കേന്ദ്രത്തിൽ നടന്ന പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് സമ്മേളനത്തിൽ പങ്കെടുത്തു.

5 അൽഫോൻസാ തീർത്ഥാടനത്തോടനുബന്ധിച്ച് കുടമാളൂർ അൽഫോൻസാ ജന്മഗൃഹത്തിൽ വി. കുർബാനമദ്ധ്യേ വചനസന്ദേശം നൽകി. തത്തംപള്ളിയിൽ ബഹു. ജോർജ്ജ് മഠത്തിപറമ്പിലച്ചന്റെ ജൂബിലിയോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ചു. ഉച്ചകഴിഞ്ഞ് അയർക്കുന്നം ഇടവകയിൽ കോയിപുറത്ത് ത്രേസ്യായുടെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിൽ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ളായിക്കാട് വീട് വെഞ്ചരിച്ചു. കുറിച്ചി സെമിനാരിയിൽ ബഹു. കോക്കാട്ടച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

6 ചീരഞ്ചിറ സെന്റ് ജോർജ്ജ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം, നീതി ഞായറിനോടനുബന്ധിച്ച് നടത്തേണ്ട കർമ്മപദ്ധതികളുടെ ആലോചനായോഗത്തിൽ പങ്കെടുത്തു.

7 രാവിലെ ചമ്പക്കുളം കല്ലൂർക്കാട് ഇടവകയിൽ ചെറുതിട്ടയിൽ സക്കറിയായുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പാർത്ഥിച്ചു.

7–11 കെ.സി.ബി.സി. മെത്രാന്മാരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

12 അരുവിക്കുഴി ഇടവകയിൽ കൈപ്പള്ളിൽ ജോജി-ജയ ദമ്പതികളുടെ ഏഴാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി. കുറുമ്പനാടം ഫൊറോനയിലെ വിവിധ ഇടവകയിലെ പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. മാന്നാനം ചാവറ ഭവനിൽ സമ്മേളിച്ച പ്രവാസി സംഗമത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കുന്നന്താനത്ത് നടന്ന സി.എൽ.റ്റി ക്യാമ്പിൽ പങ്കെടുക്കുന്നവരോട് സംസാരിച്ചു. സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സിന്റെ ജീവനക്കാരുടെ കുടുംബസംഗമത്തിൽ പങ്കെടുത്തു.

13 തുരുത്തി മർത്ത് മറിയം ഫൊറോന ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം എസ്.ബി. കോളേജിൽ ഉപകാരികളുടെ സംഗമത്തിൽ പങ്കെടുത്തു. ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

14 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ നടന്ന കൂരിയാസമ്മേളനത്തിനുശേഷം അതിരൂപതാ കൺസൾട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. മാർത്തോമ്മാ വിദ്യനികേതന്റെ ആഭിമുഖ്യത്തിൽ പൂർവ്വവിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട കോഴ്സിൽ സംസാരിച്ചു. എസ്.ബി. കോളേജിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. രാജമറ്റം ഇടവകയിൽ ഇൻഫന്റ് ജീസസ് ഭവനിൽ സിൽവിയയുടെ വിവാഹവാഗ്ദാനകർമ്മത്തിൽ കാർമ്മികത്വം വഹിച്ചു. ആലപ്പുഴ പുന്നപ്ര മാർ ഗ്രിഗോരിയോസ് കോളേജിലെ വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് റാങ്ക് ജേതാക്കൾക്ക് സമ്മാനം നൽകി. അയർക്കുന്നം ഇടവകയിൽ കോയിപ്പുറത്ത് അച്ചാമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷയിലെ സിമിത്തേരിയിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

15 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ ദേശീയ പതാക ഉയർത്തി. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻ സ്കൂളിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്ക് കുറിച്ചി ഇടവകയിൽ ബിജു-റോസി ദമ്പതികളുടെ ശിശുവിന് പ്രാരംഭകൂദാശകൾ നൽകി. ഉച്ചകഴിഞ്ഞ് പടഹാരം പള്ളിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു. പാലയ്ക്കൽ ബഹു. ജെയിംസ് അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മ

ങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം പ്രീസ്റ്റ് ഹോം സന്ദർശിച്ച് ബഹു. വൈദികരോടൊപ്പം അത്താഴം കഴിച്ചു.

16 എസ്.ബി. കോളേജിൽ ഗണിതശാസ്ത്ര വിഭാഗത്തിന്റെ നവതി ആഘോഷങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ മുടിയൂർക്കര കരുണാലയ ട്രസ്റ്റിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കോട്ടയം കളത്തിപ്പടിയിൽ നടക്കുന്ന ത്രിദിന ആരാധനയിൽ പങ്കെടുക്കുന്നവരെ അഭിസംബോധന ചെയ്തു സംസാരിച്ചു.

17 ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു. കുടമാളൂർ മേഖലാ ചാസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മുടിയൂർക്കരയിൽ ആരംഭിച്ച നാട്ടുചന്ത ഉദ്ഘാടനം ചെയ്തു. മുടിയൂർക്കര കരുണാലയം സന്ദർശിച്ചു. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

18 അതിരൂപതാ ദൈവശാസ്ത്ര സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കൈനകരി പള്ളിയിൽ നവീകരിച്ച സിമിത്തേരി വെഞ്ചരിച്ചു.

19 രാവിലെ നെടുങ്കുന്നത്തുള്ള മദർ തെരേസാ ഹോമിൽ നവീകരിച്ച ദൈവാലയത്തിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ച് വി. കുർബാനയർപ്പിച്ചു. പുന്നക്കുന്നത്തുശ്ശേരിയിൽ പുതുവീട്ടിൽക്കളം ബഹു. ആന്റണിയച്ചന്റെ തിരുപ്പട്ട സ്വീകരണ ശുശ്രൂഷയിൽ വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് മീൻകുളം ലൂർദ്ദ്മാതാ പള്ളിയിൽ അജപാലനസന്ദർശനം ആരംഭിച്ചു.

20 രാവിലെ മീൻകുളം ലൂർദ്ദ്മാതാ ഇടവകയിൽ അജപാലനസന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് വില്ലൂന്നി ഇടവകാംഗമായ വെള്ളാനിക്കൽ ബഹു. ജോർജ്ജ് അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. നീതി ഞായർ ദിനാചരണത്തോടനുബന്ധിച്ച് അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ റാലിയുടെ സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു.

21–25 കാക്കനാട് സിനഡിൽ സംബന്ധിച്ചു.

# മാർ തോമസ് തറയിൽ

**ഓഗസ്റ്റ്**

1 കുറുമ്പനാടം സ്നേഹനിവാസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. പുന്നപ്രദനഹാലയയിൽ ക്ലാസെടുത്തു. നിരണം മാർത്തോമ്മാശ്ലീഹാ സെമിനാരിയിൽ വൈദികാർത്ഥികളോട് സംസാരിച്ചു.

3 കൊടിനാട്ടുംകുന്ന് സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ച് സന്ദേശം നൽകി.

4 ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ആലുവാ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ബഹു. ഫാ. മാർട്ടിൻ വാഴച്ചിറയുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ വി. കുർബാനയർപ്പിച്ചു. 14-ാ മത് പാസ്റ്ററൽ കൗൺസിലിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

5 നെടുമണ്ണി സെന്റ് മേരീസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പള്ളിമേടയുടെ കല്ലിടീൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. വി. അൽഫോൻസാ തീർത്ഥാടനത്തോടനത്തോടനുബന്ധിച്ച് ജന്മഗൃഹത്തിൽ പരി. കുർബാനയോടനുബന്ധിച്ച് സന്ദേശം നൽകി. ബഹു. ജോർജ്ജ് മഠത്തിപ്പറമ്പിലച്ചന്റെ പൗരോഹിത്യ ജൂബിലി വേളയിൽ ആശംസാ പ്രസംഗം നടത്തി. സെന്റ് തോമസ് കുറിച്ചി മൈനർ സെമിനാരിയിൽ നടന്ന ബഹു. കുരുവിള കോക്കാട്ടച്ചന്റെ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു.

7-11 കെ.സി.ബി.സി. മെത്രാന്മാരുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു.

12 തിരുവനന്തപുരം സി. എം. ഐ. പ്രോവിൻഷ്യൽ ഹൗസിലെ വൈദികർക്കായുള്ള ത്രിദിനസെമിനാറിൽ സംസാരിച്ചു. കൊല്ലം ആയൂരിൽ നടന്ന മാതൃപിതൃ മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു. പുനലൂരിൽ നടന്ന യുവജന ക്യാമ്പിൽ പങ്കെടുത്തു സംസാരിച്ചു. തിരുനാളിനോടനുബന്ധിച്ച് പുനലൂർ സെന്റ് മേരീസ് ലത്തീൻ കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

13 കഴക്കൂട്ടം ഇടവകദൈവാലയം സന്ദർശിച്ച് സന്ദേശം നൽകി. കാര്യവട്ടം ഇടവകദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും മാതൃ-പിതൃവേദിയുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും ചെയ്തു. തിരുവനന്തപുരത്തെ ഡി പോൾ കരുണാലയം സന്ദർശിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

14 സന്ദർശകരെ കണ്ടു. തിരുനാളിനോടനുബന്ധിച്ച് മണലാടി സെന്റ് മേരീസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ജന്മദിനാഘോഷത്തിൽ പങ്കെടുത്തു; ആശംസ നേർന്നു.

15 പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനോടനുബന്ധിച്ച് മാടപ്പള്ളി ചെറുപുഷ്പ്പ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. മാമ്മൂട് ലൂർദ്ദ് മാതാ ദൈവാലയത്തിലെ കുരിശടി ആശീർവ്വദിച്ചു. കുടമാളൂർ സെന്റ് മേരീസ് ദൈവാലയത്തിലെ ഇടവകദിനാഘോഷത്തിൽ പങ്കെടുത്തു സംസാരിച്ചു. ബഹു. തോമസ് സ്രാമ്പിക്കൽ അച്ചന്റെ പൗരോഹിത്യ ജൂബിലിയിൽ പങ്കെടുത്തു ആശംസ നേർന്നു.

16 ചെത്തിപ്പുഴ മേഴ്സി ഹോമിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ്ഹോമിൽ വൈദികരെ സന്ദർശിച്ചു. മൈനർ സെമിനാരിയിൽ ക്ലാസെടുത്തു.

17 ചീരംചിറ എ.എസ്.എം. ഐ. ജനറലേറ്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ചങ്ങനാശ്ശേരിയിലെ ഡോക്ടേഴ്സ് ടവറിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

18 തിരുനാളിനോടനുബന്ധിച്ച് കൈനകരി ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

19 സി.എം.സി ഹോളിക്യൂൻസ് പ്രോവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. പുന്നക്കുന്നത്തുശ്ശേരി ഇടവകദൈവാലയത്തിൽ നടന്ന ബഹു. ഡീ. പുതുവീട്ടിൽക്കളം ആന്റണിയുടെ തിരുപ്പട്ട ശുശ്രൂഷയിൽ പരി. കുർബാന മദ്ധ്യേ സന്ദേശം നൽകി. പനയംമ്പാല സീറോമലങ്കര ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ബഹു. ജോർജ് വെള്ളാനിക്കൽ അച്ചന്റെ പിതാവിന്റെ മൃതദേഹത്തിൽ അന്ത്യോപചാരമർപ്പിച്ചു പ്രാർത്ഥിച്ചു.

20 ആലുവാ എം. എസ്. ജെ. പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ചങ്ങനാശ്ശേരി ബൈപ്പാസിൽ നീതിഞായർ റാലി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ധ്യാനത്തോടനുബന്ധിച്ച് കാർമ്മൽ മൗണ്ട് ചെത്തിപ്പുഴയിൽ സന്ദേശം നൽകി. വടക്കേക്കര ദൈവാലയത്തിലെ ഇടവകദിനാഘോഷത്തിൽ പങ്കെടുക്കുകയും സിമിത്തേരിയുടെ ആശീർവ്വാദകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

21-01 കാക്കനാട് സിനഡിൽ സംബന്ധിച്ചു

## മാർ ജോസഫ് പവ്വത്തിൽ

**ഓഗസ്റ്റ്**

5 തത്തംപള്ളി പള്ളിയിൽ ബഹു. ജോർജ് മഠത്തിപ്പറമ്പിൽ അച്ചന്റെ ജൂബിലി കുർബാനമധ്യേ വചനസന്ദേശം നൽകി.

കുറിച്ചി മൈനർ സെമിനാരിയിൽ ബഹു. കോക്കാട്ടച്ചന്റെ യാത്രയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു, സംസാരിച്ചു.

6 വെട്ടിത്തുരുത്ത് പള്ളിയിൽ ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

7-14 ധ്യാനം

12 കുറുമ്പനാടം അസംപ്ഷൻ പള്ളിയിൽ ആഘോഷമായ വി. കുർബാന സ്വീകരണത്തിന് കാർമികത്വം വഹിച്ചു.

19 കുറുമ്പനാടം അസംപഷൻ പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

20 കാഞ്ഞിരപ്പള്ളിയിൽ എം. ഡി. ജോസഫ് മണ്ണിപ്പറമ്പിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

23 ചങ്ങനാശേരി സെന്റ് ആൻസ് മഠത്തിൽ സി. വിയാനിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

കാക്കനാട് നടന്ന സഭാ സിനഡിൽ പങ്കെടുത്തു.

# ENGAGEMENTS 2017 SEPTEMBER

**Mar Joseph Perumthottam**

**Metropolitan Archbishop of Changanacherry**

1 Synod @ Kakkanad
2 3 p.m. DFC Thrickodithanam Forane Camp @ CANA, Thuruthy
3 Pastoral Visit @ Aikkarachira
4 4 p.m. Festal Homily @ Pulincunnu Forane Church
5 10 a.m. -1 p.m. Batch Gathering (1967- '68,1968,1969 Batches)
6 2.30 p.m. - 4 p.m. Visitors Day
7 7.45 a.m. House Blessing @ Punnamada
8 9 a.m. -1 p.m. *Qurbana*, Convocation of Vidhyanikethan @ Abp's House
9 10 a.m. Lawyers' Meet @ Abp's House
2.30 p.m. Forane Parish Council Members meet @ Athirampuzha
5 p.m. Blessing of Adoration Chapel @ Athirampuzha
10 Pastoral Visit @ Puthenangady St George Church.
6.30 p.m. Parish Day @ Charamangalam
11 2.30 p.m. - 3.30 p.m. Visitors day
6.30 p.m. Civil Service Institute Trust Meet @ Abp's House
12 9.30 a.m -3 p.m. Forane Council Meet @ Thrickodithanam
6.30 p.m. Monthly Visit @ Niranam Seminary
13 2.30 p.m. Teacher's Day Celebration @ SBHSS
6.30 p.m. Eccumenical Meet @ Pulickakavala
14 4 p.m. Pastoral - Presbyteral Council Foundation Day, *Qurbana* @ Cathedral.
15 3 p.m. Meet @ Sahrudaya Hospital, ALPY
16 4.30 p.m. Parish day, Hall Blessing @ Kooropada
17 Pastoral Visit @ Thirumala
6 p.m. Presbytery Blessing @ Kannammoola
18 2.30 p.m. - 4 p.m. Visitors day
19 6.45 a.m. Chapel Blessing, *Qurbana* @ SABS Convent, Champakulam
12.30 p.m. Vincent De Paul Meeting @ S B College
20 12 .10 p.m. New Building Blessing @ Priest home
21 9.30 a.m. Episcopal Ordination of Rev Dr. George Kalayil & Rev Dr. John Kochuthundathil @ Adoor
22 2.30 p.m. - 3.30 p.m. Visitors Day
6 p.m. Ecclesia Inauguration @ Kunnamthanam
23 3 p.m. Installation Ceremony of Bishop Thomas Mar Yousebius @ Parassala
24 Pastoral Visit @ Aryad
25 Engaged
26-29 CBCI Standing Committee @ Banagalore
30 10 a.m. *Qurbana* @ Punnathura
3 p.m. Forane Youth Convention @ Kurumpanadom

## ENGAGEMENTS

## 2017 SEPTEMBER

**Mar Thomas Tharayil**
**Auxiliary Bishop**

01 Synod
02 6.30 a.m. - Kidangara
4.00 p.m. - Altar Bessing @ Ithithanam
03-30 Italy- Germany, Bishop Conference

## ENGAGEMENTS

## 2017 SEPTEMBER

**Mar Joseph Powathil**
**Archbishop Emeritus**

02 9.45 a.m. Youth Convention @ Nedumkunnam
06 6.00 p.m. Niranam
08 10.00 a.m. Marthoma Vidyanikethan
09 10.00 a.m. Lawyers' Meet @ SB High School
12 11.15 a.m. Kumarakom Nazareth
13 10.00 a.m. Corporate Management: Teacher's Day Celebration @ SB H.S.S
17 3.00 p.m. Amma Dinam @ Nalpathimala
24 9.00 a.m. Class for Parents @ Muttar
29 10.00 a.m. Convention Inauguration @ Kanjirappally St. Joseph School